# കിലെ ന്യൂസ്

2026 ജനുവരി - മാർച്ച്



## സുസ്ഥിരതയിലേക്ക് കൈപിടിച്ച് കിലെ

181

സ്വാഭിമാനത്തിന്റെ വഴിയൊരുക്കാൻ
സ്വതന്ത്രമായി മുന്നേറാൻ
ഓരോ വനിതയ്ക്കുമൊപ്പം

# കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ

KSWDC

സ്ത്രീകളുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ 1988ൽ ആരംഭിച്ച പൊതുമേഖലാ സ്ഥാപനമാണ് **വനിതാ വികസന കോർപറേഷൻ.** സമഗ്രപദ്ധതികളിലൂടെ സ്വാശ്രയത്വത്തിലേക്കും ജീവിതവിജയത്തിലേക്കും സ്ത്രീകളെ നയിക്കുക, ശാക്തീകരിക്കാനായി വിദ്യാഭ്യാസ സഹായങ്ങളും പരിശീലനങ്ങളും നൽകുക, സാമൂഹിക പ്രതിബന്ധങ്ങളെ മറികടക്കാൻ പ്രാപ്തരാക്കുക, നീതിക്കായുള്ള പോരാട്ടത്തിൽ ഒപ്പം നിൽക്കുക എന്നിവയാണ് **KSWDC**യുടെ മുഖ്യലക്ഷ്യങ്ങൾ

## കരുത്തേകാൻ പഠനവും തൊഴിലും

- സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കുമായി സ്വയം തൊഴിൽ വായ്പാ പദ്ധതികൾ
- വിദ്യാഭ്യാസ വായ്പകൾ
- സംരംഭകത്വ വികസന പരിപാടികൾ (**EDP**)
- സ്ത്രീകൾക്കായി **REACH** ഫിനിഷിങ്ങ് സ്കൂൾ
- നഴ്സുമാർക്ക് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതി (**ASEPN**)
- ഗോത്രവിഭാഗത്തിലെ സ്ത്രീകൾക്ക് 'വനമിത്ര നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ'

## ആരോഗ്യവും ശുചിത്വവും

- ആർത്തവ ശുചിത്വത്തിന് '**SHE PAD**', '**M Cup**' വിതരണ പദ്ധതികൾ
- സ്കൂൾ വിദ്യാർത്ഥികൾക്കായി നാപ്കിൻ, ഇൻസിനറേറ്റർ, അലമാരകൾ
- സ്കൂളുകളിൽ ആർത്തവ ശുചിത്വ ബോധവത്കരണം

## സ്ത്രീ സുരക്ഷ

- 181 ഹെൽപ് ലൈൻ 24 X 7
- ബോധ്യം - പൊലീസ് സേനയിൽ ലിംഗാവബോധ പരിശീലനം

## സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

- വനിതാ മിത്ര കേന്ദ്രം-വർക്കിങ്ങ് വിമെൻസ് ഹോസ്റ്റലുകൾ
- സേഫ് സ്റ്റേ-യാത്രികർക്ക് താൽക്കാലിക താമസ സൗകര്യം



THE KERALA STATE WOMEN'S DEVELOPMENT CORPORATION LTD : 1st Floor, Transport Bhavan, KSRTC Building, Eastfort Attakulangara P. O, Trivandrum-695023 , Ph: 0471 2454585, 9496015015 Email: md@kswdc.org, head@kswdc.org

## സന്ദേശം



**കെ.എൻ. ഗോപിനാഥ്**
ചീഫ് എഡിറ്റർ
(ചെയർമാൻ, കിലെ)

Advancing social justice, promoting decent work എന്നതാണ് രാജ്യാന്തര തൊഴിൽ സംഘടന (International Labour Organization)യുടെ ആപ്തവാക്യം. അതായത് സാമൂഹികനീതിയിൽ മുന്നേറുക, മാന്യമായ തൊഴിൽ പ്രോത്സാഹിപ്പിക്കുക. ചേർത്തുവായിച്ചാൽ ഇവ രണ്ടും പരസ്പരപൂരകങ്ങളാണ്. എവിടെയാണോ മാന്യമായ തൊഴിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നത് അല്ലെങ്കിൽ ജാതി, മത, വർണ്ണ, വർഗ്ഗ, ദേശ ഭേദങ്ങളില്ലാതെ മാന്യമായി ജോലി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയും നിലനിർത്തുകയും ചെയ്യുന്നത് ആ സമൂഹത്തിൽ മാത്രമേ നീതി ഉറപ്പാക്കപ്പെടുന്നുള്ളു. ലോകത്തെമ്പാടും അടിസ്ഥാനവർഗ്ഗം വലിയ ചൂഷണങ്ങളും നീതിനിഷേധങ്ങളും നേരിട്ട കെട്ട കാലത്താണ് 1919-ൽ ഐക്യരാഷ്ട്രസഭയുടെ ഏക ത്രികക്ഷി ഏജൻസിയായ ഐഎൽഒ ആരംഭിക്കുന്നത്. 187 അംഗരാജ്യങ്ങളിലെ സർക്കാരുകളെയും തൊഴിലുടമകളെയും തൊഴിലാളികളെയും ഒരുമിച്ച് കൊണ്ടുവന്ന്, തൊഴിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും, നയങ്ങൾ വികസിപ്പിക്കുന്നതിനും, സ്ത്രീ-പുരുഷഭേദമില്ലാതെ എല്ലാവർക്കും മാന്യമായ തൊഴിലും തൊഴിൽ സാഹചര്യവും പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ ആവിഷ്കരിക്കുന്നതിനും ഈ രാജ്യാന്തര തൊഴിൽ സംഘടന അചഞ്ചലമായി നിലകൊള്ളുന്നു. ഐഎൽഒയിൽ അംഗമായ ഇന്ത്യ മഹാരാജ്യത്തിന്റെ തെക്കേ അറ്റത്തുള്ള നമ്മുടെ കേരളസംസ്ഥാനം എന്നും അടിസ്ഥാനവർഗ്ഗത്തിന്റെ വികസനം എന്ന ലക്ഷ്യത്തിനായി പരിശ്രമിക്കുകയും നിലകൊള്ളുകയും ചെയ്തുവരുന്നു. 1978ൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ) എന്ന സ്ഥാപനം ഉരുവം കൊണ്ടതും ഈ പരിശ്രമത്തിന്റെ ഭാഗമായാണ്. തൊഴിലാളി സൗഹൃദ നിലപാടുകൾ കേവലം ഏട്ടിലെ പശുക്കളായി ഒതുങ്ങിപ്പോകാതിരിക്കാൻ കേരളത്തിന്റെ തൊഴിൽവകുപ്പും അനുബന്ധ സ്ഥാപനമായ കിലെയും സദാ കർമ്മനിരതമാണ്.

പ്രാരംഭകാലം മുതൽ കിലെ തൊഴിലാളികളുടെ ക്ഷേമത്തിനായും മാറുന്ന കാലത്തിനനുസരിച്ചുള്ള തൊഴിൽ ഉന്നമനത്തിനായും നടത്തിവരുന്ന പ്രവർത്തനങ്ങൾ കേരള സമൂഹത്തിന് മുന്നിലുണ്ട്. സാങ്കേതികവിദ്യയുടെ അതിവേഗമുള്ള കുതിപ്പിൽ ലോകമെമ്പാടും തൊഴിൽ അന്തരീക്ഷം അനുദിനം മാറുകയാണ്. ഈ മാറ്റങ്ങൾ ഉൾക്കൊണ്ട് പുതുതായി ഉരുത്തിരിയുന്ന അവസരങ്ങളിൽ നിന്നും സാധ്യതകളിൽ നിന്നും നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിലെ തൊഴിലാളി സമൂഹത്തെ പ്രാപ്തരാക്കുന്നതിന് സമാനവീക്ഷണമുള്ള ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തുകയും, സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഈ തലത്തിലുള്ള നിരന്തരമായ ചർച്ചകളുടെ ഫലമായി രാജ്യാന്തര തൊഴിൽ സംഘടനയുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള ചുവടുവയ്പും കിലെ നടത്തി. ഐഎൽഒയുമായി സഹകരിച്ച് ലേബർ ഡിസ്പ്യൂട്ട് റെസല്യൂഷൻ എന്ന വിഷയത്തിലുള്ള വർക്ക്ഷോപ്പ് വിജയകരമായി നടത്തുകയും സോഷ്യൽ ഡയലോഗ് ആൻഡ് ഇൻസട്രിയൽ റിലേഷൻസ് എന്ന വിഷയത്തിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് കിലെയും ഐഎൽഒയും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു.

കേന്ദ്രസർക്കാർ കൊണ്ടുവന്ന ലേബർ കോഡുകൾ ഇന്ത്യയിലെ തൊഴിലാളി സമൂഹത്തെ ഒന്നടങ്കം ആശയക്കുഴപ്പത്തിലാക്കിയ സാഹചര്യത്തിൽ കേരളത്തിലെ തൊഴിലാളികളുടെ ഈ ആശങ്ക അകറ്റുന്നതിനുള്ള ഉത്തരവാദിത്തവും കിലെ പ്രതിബദ്ധതയോടെ ഏറ്റെടുത്തു നടപ്പാക്കിവരുന്നു. 2025 ഡിസംബറിൽ വിപുലമായ ഒരു ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി റിട്ട.സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ഗോപാല ഗൗഡ അധ്യക്ഷനായി നിയമ വിദഗ്ധർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

ഇത്തരത്തിൽ തൊഴിലാളികളുടെ ഉന്നമനത്തിനായി വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ് കിലെ.

**ചെയർമാൻ**

# ഉള്ളടക്കം



7 സുസ്ഥിരതയിലേക്ക് അധ്വാനവർഗ്ഗത്തിന്റെ കൈപിടിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE)

21 ലേബർ കോഡ്: നിർണ്ണായകമായി കിലെയുടെ ലേബർ കോൺക്ലേവ്

23 തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമിട്ട് നാഷണൽ ലേബർ കോൺഫറൻസ്

24 ദീർഘദർശനത്തോടെയുള്ള പ്രവർത്തനങ്ങളുമായി കിലെ അക്കാദമിക വിഭാഗം

28 ഡിജിറ്റൽ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് കിലെ

30 ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾക്കായി കിലെയുടെ സിംപോസിയം



31 ആഗോളവത്ക്കരണവും ഗോത്രവിഭാഗങ്ങളും കേരളത്തിലെ കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ സാമൂഹിക–സാമ്പത്തിക–തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് കിലെയുടെ ഗവേഷണം



33 തൊഴിലിടങ്ങളിലെ പരസ്പര സഹകരണം

35 ചുമട്ടു തൊഴിലാളികൾക്ക് സമഗ്ര സെർട്ടിഫൈഡ് വൈദഗ്ദ്ധ്യ പരിശീലനം



38 പെൺമികവിന്റെ ഉയരെ

41 കിലെയുടെ പ്രഥമ മാധ്യമ അവാർഡ് പി.വി. ജീജോയ്ക്ക്

42 സ്ത്രീ തൊഴിലാളികൾക്ക് പരിശീലന പരിപാടിയുമായി കിലെ

43 ഭിന്നലിംഗക്കാർക്കായി ജാലകം തുറന്ന് കാലത്തിനൊപ്പം കിലെ

46 തൊഴിൽ മഹത്വത്തിന്റെ സുവർണ്ണ ഏടായി 'മികവ്'

47 കടലിന്റെ മക്കൾക്കായി പരിശീലനപരിപാടി

48 വേണ്ട ബാലവേല ശ്രദ്ധയാകർഷിച്ച് കിലെ സെമിനാർ

50 KILE ലേബർ പോളിസി പെർസ്പെക്റ്റീവ് സീരീസ് 2023



51 തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം: പോഷ് ആക്ട് പരിശീലനപരിപാടി

52 കേരളം ഇതരസംസ്ഥാന തൊഴിലാളികളുടെ പറുദീസയോ സെമിനാറുമായി കിലെ

54 ലേബർ കോഡ്: എറണാകുളത്തും കോഴിക്കോടും കിലെ ശില്പശാലകൾ

55 മികച്ച തൊഴിൽ സാഹചര്യം ഉറപ്പാക്കുന്നതിന് മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് കിലെ

56 വഴിയോര കച്ചവടക്കാർക്ക് പരിശീലനം



57 കേരളയുവതയുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് കിലെയുടെ ഇടപെടൽ

59 കിലെ–ഐ.എൽ.ഒ സഹകരണം ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനുമായി ധാരണാപത്രം ഒപ്പിട്ട് കിലെ

EXCELLENCE REDEFINED
കിലെ
ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം

# കിലെ ന്യൂസ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) പ്രസിദ്ധീകരണം

2026 ജനുവരി–മാർച്ച്

**രക്ഷാധികാരി**
വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

**ചീഫ് എഡിറ്റർ**
കെ.എൻ. ഗോപിനാഥ്
ചെയർമാൻ, കിലെ

**എഡിറ്റർ**
ഡി. സുരേഷ്കുമാർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ

**എഡിറ്റർ ഇൻ ചാർജ്**
കിരൺ ജെ.എൻ.
സീനിയർ ഫെലോ, കിലെ

**സബ് എഡിറ്റർ**
ആരിജ ജെ.എസ്.
പബ്ലിസിറ്റി അസിസ്റ്റന്റ്, കിലെ

**എഡിറ്റോറിയൽ അസിസ്റ്റന്റ്**
ജിഷ എ.എസ്.
എൽഡി ടൈപ്പിസ്റ്റ്, കിലെ

**കവർ ഡിസൈൻ, ഡിടിപി & ലേഔട്ട്**
പ്രദീപ് ഓർക്കാട്ടേരി

**ചിത്രങ്ങൾ**
കിലെ

**വിലാസം**
ചീഫ് എഡിറ്റർ
കിലെ ന്യൂസ് (മലയാളം)
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)
തൊഴിൽ ഭവൻ, പി.എം.ജി.
തിരുവനന്തപുരം 33
ഇ മെയിൽ: kiletvm@gmail.com
വെബ് www.kile.kerala.gov.in
ഫേസ്ബുക്ക്: Kile Tvm

**സൃഷ്ടികളുടെ പൂർണ ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രം**

## എഡിറ്റോറിയൽ



**ഡി. സുരേഷ്കുമാർ**
എഡിറ്റർ
(എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ)

'ഇന്ന് നിങ്ങൾ ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കും ഭാവി' (The future depends on what you do today) മഹാത്മാഗാന്ധിയുടെ എക്കാലവും പ്രസക്തമായ വാക്കുകൾ. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (KILE) പ്രവർത്തനങ്ങളെ മുന്നോട്ടുനയിക്കുന്നത് ഈ ഉദ്ധരണി തന്നെയാണ്. 1978ൽ കിലെ സ്ഥാപിതമായ കാലം മുതൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ കേരളത്തിന്റെ തൊഴിൽ സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ടുള്ളതും ദീർഘവീക്ഷണത്തോടെയുള്ളതുമായിരുന്നു. തൊഴിൽ സാഹചര്യം അനുദിനം മാറുന്ന നിർമിതി ബുദ്ധിക്കാലത്തും വരാനിരിക്കുന്ന മാറ്റങ്ങൾ മുൻകൂട്ടിക്കണ്ട് തൊഴിലാളികളെ പുതിയ തൊഴിലുകൾക്കും തൊഴിൽ അന്തരീക്ഷത്തിനും അനുഗുണരാക്കി വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് കിലെ ഊന്നൽ നൽകുന്നത്. അതിനൊപ്പം സാമൂഹികനീതി ഉറപ്പാക്കി സമത്വവും ഐക്യവുമുള്ള കേരളത്തിന്റെ നിർമിതിയിൽ തങ്ങളുടെ ഉത്തരവാദിത്തം മാതൃകാപരമായി നിർവ്വഹിക്കാനും കിലെ സർവ്വാത്മനാ പ്രതിജ്ഞാബദ്ധമാണ്.

തൊഴിലാളികൾ അസംതൃപ്തരായ, തൊഴിൽ സാഹചര്യങ്ങൾ മോശമായി തുടരുന്ന ഏതൊരു നാട്ടിലും സാമൂഹികനീതി കിട്ടാക്കനിയാണ്. അതുകൊണ്ടു തന്നെ മികച്ച തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാക്കുക എന്നതിനാണ് കിലെ അതിന്റെ തുടക്കകാലം മുതൽ മുൻഗണന നല്കുന്നത്. സംഘടിത, അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനായി നിരന്തരം പ്രവർത്തിക്കുന്ന കിലെ തൊഴിലാളി സമൂഹത്തെ എപ്പോഴും ചേർത്തുപിടിക്കുന്നു. തൊഴിലാളികളുടെ മാത്രമല്ല അവരുടെ കുടുംബത്തിന്റെയും വളർന്നുവരുന്ന തലമുറയുടെയും ഉന്നമനത്തിനായുള്ള പദ്ധതികളും നടപ്പാക്കിവരുന്നു. കിലെ ഐഎഎസ് അക്കാദമി ഇതിന് മികച്ച ദൃഷ്ടാന്തമാണ്.

കാലം മാറുകയാണ്. നിർമിത ബുദ്ധിയുടെ കടന്നുവരവോടെ ലോകമെമ്പാടും തൊഴിൽ നഷ്ടങ്ങളെ കുറിച്ചുള്ള ആശങ്ക പെരുകുകയാണ്. എന്നാൽ കടലാസിൽ നിന്ന് കമ്പ്യൂട്ടറിലേക്ക് മാറിയതുപോലെ എഐ കാലത്തും പുതിയ സാധ്യതകൾ തുറക്കുകയാണെന്ന് തൊഴിലാളി സമൂഹത്തെ ബോധവത്ക്കരിക്കേണ്ടതുണ്ട്. കാലം മാറുമ്പോൾ മനുഷ്യൻ സ്വായത്ത

മാക്കേണ്ട നൈപുണ്യങ്ങളിലും മാറ്റം വരും. കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുഗുണമായി തൊഴിലാളികളിൽ നൈപുണ്യം വളർത്തുന്നതിനും ഇതിന്റെ ആവശ്യകതയെക്കുറിച്ച് തൊഴിലാളികളെ ബോധവത്ക്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കിലെ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2025 ഒക്ടോബറിൽ രണ്ടു ദിവസം നീണ്ട തൊഴിലവസരം വർദ്ധിപ്പിക്കൽ: പ്രശ്നങ്ങളും കാഴ്ചപ്പാടുകളും – കോൺഫറൻസ് (Conference on Enhancing Employability of Youth in Kerala: Issues and Perspectives) സംഘടിപ്പിച്ചു. ഈ രീതിയിലുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായി 2026 ജനുവരി 6,7 തീയതികളിലായി കൊച്ചി സാങ്കേതിക സർവ്വകലാശാല(കുസാറ്റ്)യുമായി സഹകരിച്ച് നാഷണൽ ലേബർ കോൺഫറൻസ് (National Labour Conference)എന്ന പേരിൽ രണ്ട് ദിവസത്തെ ദേശീയ സെമിനാറും സംഘടിപ്പിച്ചു.

കേന്ദ്രസർക്കാർ പാസ്സാക്കിയ നാല് ലേബർ കോഡുകളുടെ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യുന്നതിന് കിലെ 2025 ഡിസംബറിൽ സംഘടിപ്പിച്ച നാഷണൽ ലേബർ കോൺക്ലേവും ശ്രദ്ധേയമായി. ഐഎൽഒയുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ, തൊഴിലാളി ശ്രേഷ്ഠ പുരസ്കാരങ്ങൾ, ഭിന്നലിംഗക്കാർക്കായുള്ള പ്രത്യേക പദ്ധതികളും പ്രസിദ്ധീകരണവും, സ്ത്രീ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ, മാധ്യമപുരസ്കാരം, കുസാറ്റ് പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങളും ശില്പശാലകളും, മത്സ്യബന്ധനത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ, വഴിയോരക്കച്ചവടക്കാർക്കുള്ള കരുതൽ തുടങ്ങി സർവ്വ തൊഴിൽ മേഖലകളുടെയും ഉന്നമനത്തിനായുള്ള നിരവധി പദ്ധതികളും പരിശീലന പരിപാടികളുമാണ് കിലെ നടപ്പിലാക്കി വരുന്നത്.

പരിശീലനം, ഗവേഷണം, സഹകരണം എന്നിവയിലൂടെ കേരളത്തിലെ തൊഴിലാളികളെ ശാക്തീകരിക്കുകയും സക്രിയമായ തൊഴിൽ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് കിലെയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം. ആ ദൗത്യം കിലെ കാര്യക്ഷമമായി നിർവ്വഹിച്ചുപോരുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

# സുസ്ഥിരതയിലേക്ക് അധ്വാനവർഗ്ഗത്തിന്റെ കൈപിടിച്ച്

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE)

'അധ്വാനമില്ലാതെ ഒന്നും അഭിവൃദ്ധി അപ്പെടുന്നില്ല' സോഫക്ലിസിന്റെ വാക്കുകളാണിവ. തൊഴിലിന്റെയും തൊഴിലാളിവർഗ്ഗത്തിന്റയും മഹത്വവും ലോകത്തെവിടെയും സാമൂഹികോന്നതിക്കും സാമ്പത്തിക സുസ്ഥിരതയ്ക്കും തൊഴിലാളിവർഗ്ഗത്തിന്റെ ശരിയായ പരിപാലനത്തിന്റ ആവശ്യകതയും നിർവ്വചിക്കാൻ ഇതിലും മികച്ച ഒരു ഉദ്ധരണിയില്ല തന്നെ. സാമ്പത്തികസമത്വത്തിലും സാമൂഹികനീതിയിലും കൂടി മാത്രമേ ലോകമെങ്ങും സ്ഥായിയായ സമാധാനം ഉണ്ടാക്കാൻ കഴിയൂ എന്ന രാജ്യാന്തര തൊഴിൽ സംഘടനയുടെ മൗലീകതത്വം കൂടി ഇതിനോട് കൂട്ടി വായിക്കാം. തൊഴിൽ അത് സംഘടിതമോ അസംഘടിതമോ ആകട്ടെ, കൂലിത്തൊഴിൽ മുതൽ വെള്ളക്കോളർ



ജോലി വരെ ഏത് വിഭാഗത്തിൽപ്പെട്ടതുമാകട്ടെ, വേതനത്തിനായി പണിയെടുക്കുന്നവരെല്ലാം തൊഴിലാളി എന്ന വിഭാഗത്തിൽപ്പെടുന്നു. തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താതിരിക്കുന്നതും അവർക്കു ദോഷം ഉണ്ടാകുന്ന രീതിയിൽ തൊഴിൽ സാഹചര്യങ്ങൾ ഉണ്ടാകുന്നതും ലോകസമാധാനത്തിന് ഭീഷണിയാണ്. കാരണം ലോകസമൂഹത്തിന്റെ മഹാഭൂരിപക്ഷം തൊഴിലാളികളാണ്. തൊഴിലാളി അസംതൃപ്തനാണ് എന്നാൽ സമൂഹത്തിലെ വലിയ വിഭാഗം അസംതൃപ്തരാണ് എന്നർത്ഥം. ഭുരിപക്ഷ അസംതൃപ്തി ലോകസമാധാനത്തിന് വിഘാതം വരുത്തുക തന്നെ ചെയ്യും. തൊഴിലാളികൾക്ക് സ്വാതന്ത്ര്യവും സാമ്പത്തികസുരക്ഷിതത്വവും അവസരസമത്വവും പ്രദാനം ചെയ്യുന്നതോടൊപ്പം അവർക്ക് ഭൗതികവും മാനസികവുമായ വളർച്ച കൈവരിക്കാൻ തക്കവിധമുള്ള പ്രവർത്തനങ്ങളും ഒരു സമൂഹത്തിൽ ഉണ്ടാവണം. ഈ തത്വം പതിറ്റാണ്ടുകൾക്കു മുമ്പേ തന്നെ മനസ്സിലാക്കുകയും അത്തരത്തിൽ സാമൂഹികസമത്വത്തിനു വേണ്ട പ്രവർത്തനങ്ങളിൽ സജീവമായി നിലകൊള്ളുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. അടിസ്ഥാനവർഗ്ഗത്തിന്റെ ഉന്നമനത്തിന് എന്നും പ്രഥമ സ്ഥാനം നൽകുന്ന കേരളത്തിൽ ഇത്തരത്തിൽ തൊഴിൽ മേഖലയുടെ അഭിവൃദ്ധിക്കും തൊഴിലാളികളുടെ ബോധവത്ക്കരണത്തിനും മികവിനും വേണ്ടി രൂപംകൊള്ളപ്പെട്ട സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയമെന്റ് (കിലെ-KILE). 1955ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമ പ്രകാരം 1978-ലാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയമെന്റ് സ്ഥാപിതമായത്. അന്നുമുതലിന്നോളം നാല് പതിറ്റാണ്ടിലേറെയായി അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ സമഗ്രമായ ഉന്നമനത്തിനായി ഈ സ്ഥാപനം സുസജ്ജമായി നിലകൊള്ളുന്നു.

സംഘടിതമേഖലയിലെയും അസംഘടിതമേഖലയിലെയും തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും അതുവഴി സമൂഹത്തിന്റെ തന്നെയും അഭിവൃദ്ധിക്കുവേണ്ടി ഈ സ്ഥാപനം സജീവമായി നിലകൊള്ളുന്നു. തൊഴിൽസാഹചര്യങ്ങൾ വർധിപ്പിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക; തൊഴിലാളികൾക്ക് സാങ്കേതികപരിശീലനം നൽകുക; ജോലി സമയം, വേതനം തുടങ്ങി തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ച സംസ്ഥാന നയങ്ങൾ രൂപവത്കരിക്കുന്നതിന് ആവശ്യമായ ഗവേഷണ-നിരീക്ഷണങ്ങൾ നടത്തുക, സൗഹാർദപരമായ മുതലാളി-തൊഴിലാളി ബന്ധങ്ങൾക്ക് പ്രോത്സാഹനം നല്കുക, തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വം ഏർപ്പെടുത്തുക, തൊഴിൽമേഖലയിലെ കാലോചിതമായ മാറ്റങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുക, ആഗോളസമൂഹത്തിൽ പ്രകടമാകുന്ന സൂചനകൾ സസൂക്ഷ്മം പഠനവിധേയമാക്കി തൊഴിൽരംഗത്ത് ആസന്നമായ മാറ്റങ്ങളെ കണ്ടെത്തുകയും അതിനനുസൃതമായ പരിശീലനപദ്ധതികൾ ആവിഷ്ക്കരിച്ചും പഠനോപാധികൾ വിതരണം ചെയ്തും വാർത്തകൾ എത്തിച്ചും ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും തൊഴിലാളിവർഗ്ഗത്തെ നാളെക്കൊപ്പം നടക്കാൻ പ്രാപ്തമാക്കുക, തൊഴിലാളികളുടെയും അവരുടെ



കുടുംബങ്ങളുടെയും ആരോഗ്യസംരക്ഷണം, അടിസ്ഥാന വിദ്യാഭ്യാസം, നവസങ്കേതങ്ങൾ പരിചയപ്പെടുത്തൽ തുടങ്ങിയവയും കിലെയുടെ കർമ്മ പരിധിയിൽപ്പെടുന്നു. ഇവ കൂടാതെ ശില്പശാലകളും പ്രവർത്തിപരിചയ ക്ലാസുകളും സംഘടിപ്പിക്കുക, തൊഴിലില്ലായ്മ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുക, തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങളും അവരുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസവും, തൊഴിൽ നൈപുണ്യവും ഉറപ്പുവരുത്തുക എന്നിങ്ങനെ വിപുലമായ പ്രവർത്തനങ്ങളും കിലെ വിട്ടുവീഴ്ചയില്ലാതെ നടത്തിവരുന്നു.

## കിലെയുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, പക്ഷേ എവിടെയും അവൻ ചങ്ങലകളിലാണ്' എന്ന-റൂസ്സോയുടെ നിരീക്ഷണം സോഷ്യലിസം എന്ന ആശയത്തെ ലോകസമൂഹത്തിൽ വേരുപിടിക്കുന്നതിന് എത്രത്തോളം സഹായിച്ചുവെന്നതിന് ചരിത്രം സാക്ഷി. സോഷ്യലിസം എന്നത് അടിസ്ഥാന വർഗ്ഗത്തിന്റെ സാമൂഹിക-സാമ്പത്തിക സമത്വത്തിലൂടെ മാത്രമേ സാധ്യമാവൂ എന്നതും കാലം തെളിയിച്ചു. ഇത്തരത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ ഉന്നമനത്തിനായി അഹോരാത്രം യത്നിക്കുന്ന കിലെയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മേൽപ്പറഞ്ഞ സോഷ്യലിസ്റ്റ് ആശയങ്ങളോട് ചേർന്നുനിൽക്കുന്നതും പ്രവർത്തനങ്ങൾ മാന്യമായ തൊഴിൽ സാഹചര്യങ്ങളിലൂടെ, സംതൃപ്തമായ തൊഴിലാളി സമൂഹത്തിലൂടെ സാമൂഹികോന്നതി എന്ന ലക്ഷ്യത്തിലൂന്നിയതുമാണ്. തൊഴിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും പരിശീലനവും ഗവേഷണവും നടത്തുക, കോൺഫറൻസുകൾ, ശില്പശാലകൾ, പ്രവർത്തിപരിചയമേളകൾ മുതലായവ സംഘടിപ്പിക്കുക, തൊഴിലാളികുടുംബങ്ങളുടെ സമഗ്രപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക, തൊഴിൽ നയങ്ങൾ രൂപീകരിക്കുന്നതിന് സഹായകമായ വിവരങ്ങൾ സർക്കാരിന് നൽകുക, സംസ്ഥാനത്തെ നിലവിലെ തൊഴിൽസാഹചര്യം, മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, തൊഴിൽ അനുബന്ധമേഖലകളിൽ ലോകസമൂഹങ്ങളിൽ ദൃശ്യമാകുന്ന പുത്തൻ പ്രവണതകൾ എന്നിവയെക്കുറിച്ച് ഗവേഷണം നടത്തുക, തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാര മാർഗ്ഗം നിർദ്ദേശിക്കുക, തൊഴിൽ അനുബന്ധമേഖലകളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക, തൊഴിലാളിക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക, ഫെല്ലോഷിപ്പ്, പ്രൈസുകൾ, സ്റ്റൈപ്പന്റുകൾ മുതലായവ നൽകുക എന്നിങ്ങനെ വിശാലമാണ് കിലെയുടെ പ്രവർത്തമണ്ഡലം. മൂവായിരത്തോളം പുസ്തകങ്ങൾ ഉള്ള ലൈബ്രറിയും സുസജ്ജമായ ഒരു ഐടി വിഭാഗവും കിലെയ്ക്കുണ്ട്. ഗവേഷണം, പരിശീലനം, പ്രസിദ്ധീകരണം എന്നിങ്ങനെ കിലെയുടെ പ്രവർത്തനമണ്ഡലത്തെ മൂന്നുവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവയെ കുറിച്ച് ചുവടെ:

### 1. പരിശീലനം

ലോകത്തെല്ലായിടത്തും തൊഴിൽ മേഖലകളും തൊഴിൽ സംസ്കാരവും കാലാനുസൃതമായി മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. കല്ലായുധങ്ങളിൽ നിന്ന് ലോഹായുധങ്ങളിലേക്ക് മാറിയ മനുഷ്യന്റെ തൊഴിൽ സംസ്കാരം സഹസ്രാബ്ദങ്ങൾക്കിപ്പുറം ഡിജിറ്റൽ യുഗത്തിൽ നവനവങ്ങളായ യന്ത്രങ്ങളാൽ എളുതും അതിവേഗം മാറ്റങ്ങൾക്ക് വശപ്പെടുന്നതുമായി. മാനവികസംസ്കൃതിയുടെ ആദ്യദശകങ്ങളിൽ മനുഷ്യന് അവന്റെ കഠിനമായ തൊഴിലിൽ ഒരു കൈത്താങ്ങായിരുന്നു ആയുധങ്ങളെങ്കിൽ ഇന്ന് യന്ത്രങ്ങളെ നിയന്ത്രിക്കുക, ശരിയായരീതിയിൽ പ്രവർത്തിപ്പിക്കുക എന്ന രീതിയിലേക്ക് തൊഴിൽസംസ്കാരം മാറിയിരിക്കുന്നു. എന്നിരുന്നാലും മനുഷ്യശക്തി തൊഴിലിന് അവിഭാജ്യഘടകം തന്നെയാണ്. ഇങ്ങനെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന തൊഴിൽമേഖലകൾക്ക് അനുയോജ്യരാക്കി തൊഴിലാളികളെ മാറ്റേണ്ടതുണ്ട്. ഇത്തരത്തിൽ തൊഴിൽമികവിന് ആവശ്യമായ പരിശീലനങ്ങളും

**തൊഴിലാളികൾക്ക് സ്വാതന്ത്ര്യവും സാമ്പത്തിക സുരക്ഷിതത്വവും അവസര സമത്വവും പ്രദാനം ചെയ്യുന്ന തോടൊപ്പം അവർക്ക് ഭൗതികവും മാനസികവുമായ വളർച്ച കൈവരിക്കാൻ തക്കവിധമുള്ള പ്രവർത്തനങ്ങളും ഒരു സമൂഹത്തിൽ ഉണ്ടാവണം. ഈ തത്വം പതിറ്റാണ്ടുകൾക്കു മുമ്പേ തന്നെ മനസ്സിലാക്കുകയും അത്തരത്തിൽ സാമൂഹിക സമത്വത്തിനു വേണ്ട പ്രവർത്തനങ്ങളിൽ സജീവമായി നിലകൊള്ളുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. അടിസ്ഥാനവർഗ്ഗത്തിന്റെ ഉന്നമനത്തിന് എന്നും പ്രഥമ സ്ഥാനം നൽകുന്ന കേരളത്തിൽ ഇത്തരത്തിൽ തൊഴിൽമേഖലയുടെ അഭിവൃദ്ധിക്കും തൊഴിലാളികളുടെ ബോധവത്ക്കരണത്തിനും മികവിനും വേണ്ടി രൂപംകൊണ്ട സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ).**




തൊഴിലാളികുടുംബങ്ങളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും അവരുടെ പുരോഗതിയ്ക്കും അനിവാര്യമായ പരിശീലനങ്ങളും മാറുന്ന തൊഴിൽ നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ച് തൊഴിലാളിസമൂഹങ്ങളെ ബോധവത്ക്കരിക്കാൻ ആവശ്യമായ ശില്പശാലകളും ക്ലാസുകളും മറ്റും കിലെ തികഞ്ഞ ആസുത്രണത്തോടെ കാലങ്ങളായി നടത്തിവരുന്നു. തൊഴിൽ രംഗത്ത് ദൃശ്യമാകുന്ന ഓരോ മാറ്റങ്ങളും ഉൾക്കൊണ്ട് അതിനനുസൃതമായ പഠന-അവബോധ വിഭവങ്ങൾ തയ്യാറാക്കിയ ശേഷം ക്രിയാത്മകമായ രീതിയിലാണ് പഠന-പരീശീലന പദ്ധതികൾ നടപ്പിലാക്കുന്നത്.

സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് പുറമെ തൊഴിലാളികളുടെ മക്കളുടെ മികച്ച ഭാവി ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ആരോഗ്യമുള്ള തൊഴിലാളി സമൂഹം ഒരു മികച്ച രാഷ്ട്രത്തിന്റെ വളർച്ചയ്ക്ക് അനിവാര്യഘടമാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കുന്ന കിലെ തൊഴിൽജന്യ രോഗങ്ങളെയും പകർച്ചാവ്യാധികളെയും കുറിച്ചും അവയ്ക്കെതിരായ പ്രതിരോധ, പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടികളും വിവിധ തൊഴിലാളി സമൂഹങ്ങൾക്കിടയിൽ കുറ്റമറ്റ രീതിയിൽ സംഘടിപ്പിച്ചുവരുന്നു. തൊഴിൽ മേഖലകളിലെ അനാരോഗ്യപ്രവണതകൾ ഒഴിവാക്കുന്നതിനും മികച്ച തൊഴിൽസംസ്കാരം രൂപപ്പെടുത്തുന്നതിനുമായി തൊഴിലാളി സംഘടനകൾക്കും, നേതാക്കൾക്കും, സംരംഭകർക്കും, അഭ്യസ്തവിദ്യരായ യുവതയ്ക്കുമായി പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിനു പുറമെ ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ നവനവസങ്കേതങ്ങളെയും തൊഴിൽ നിയമഭേദഗതികളെയും മാറുന്ന ചട്ടങ്ങളെയും കുറിച്ച് തൊഴിലാളികൾക്കും തൊഴിൽഅനുബന്ധ മേഖലകളിലുള്ളവർക്കും സംസ്ഥാന -ജില്ലാ ട്രേഡ് യൂണിനുകൾ ഉൾപ്പെടെയുള്ള തൊഴിലാളി സംഘടനകൾക്കും നേതാക്കൾക്കും പരിശീലനം നൽകിവരുന്നു. തൊഴിൽ വകുപ്പിന് കീഴിലെ വിവിധ ഉദ്യോഗസ്ഥർക്കും കാലോചിതമായ മാറ്റങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നു. മാറുന്ന സാഹചര്യങ്ങളിൽ അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയംതൊഴിൽ, സംരംഭകത്വ പരിശീലന പരിപാടികളും ശില്പശാലകളും പ്രവർത്തിപരിചയക്ലാസുകളും സംഘടിപ്പിച്ചുവരുന്നു.

ചുമട്ടുതൊഴിലാളികൾ, കടകളിലും ഇതര വാണിജ്യസ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവർ, തയ്യൽതൊഴിലാളികൾ, മോട്ടോർ വാഹന തൊഴിലാളികൾ, കയർ-കശുവണ്ടി തുടങ്ങി പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, സ്ത്രീ തൊഴിലാളികൾ, ഭിന്നലിംഗ (Transgender) തൊഴിലാളികൾ തുടങ്ങി അധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും വേണ്ടി കിലെ പരിശീലന-ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഓരോ മേഖലയിലെയും തൊഴിലാളികൾക്കായി പ്രത്യേകം പ്രത്യേകം സിലബസും മൊഡ്യൂളുകളും പഠനസാമഗ്രികളും തയ്യാറാക്കിയ ശേഷമാണ് പരിശീല

നക്ലാസുകൾ സംഘടിപ്പിക്കുന്നത്. വിവിധ മേഖലകളിൽ നിപുണരായ ഫാക്കൽറ്റിയാണ് ക്ലാസുകൾ നയിക്കുന്നത് എന്ന പ്രത്യേകതയുമുണ്ട്. വിവരങ്ങൾ അനായാസം മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ ആഡിയോ-വിഷ്വൽ ക്ലാസുകളാണ് പരിശീലനപരിപാടികൾക്കായി സജ്ജീകരിക്കുന്നത്. കൊവിഡ് പോലുള്ള പുതുപ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വെർച്വൽ ക്ലാസുറൂമുകളും ഒരുക്കിവരുന്നു. കിലെ നേരിട്ടും ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുമായി സഹകരിച്ചും ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

## വഴിയോരക്കച്ചവടക്കാർക്ക് ആശ്വാസതീരം

റോഡരികിലും മറ്റുമായി ചെറിയ കച്ചവടങ്ങൾ ചെയ്ത് ജീവിക്കുന്നവർ ധാരാളമുള്ള നാടാണ് ഇന്ത്യ. അന്നന്നത്തെ അന്നത്തിനായി വെയിലും മഴയും വകവയ്ക്കാതെ ഉഴലുന്നവർ. ഒരിടത്തിരുന്നു കച്ചവടം ചെയ്യുന്നവരും നടന്നു കച്ചവടം ചെയ്യുന്നവരും ധാരാളം. കേരളത്തിലും അവഗണിക്കാൻ കഴിയാത്ത തൊഴിൽ സമൂഹമാണിവർ. തിരുവനന്തപുരം മുതൽ കാസർഗോഡുവരെ ലക്ഷങ്ങളാണ് ഇത്തരത്തിൽ ജീവിതമുന്തുന്നത്. നിയമങ്ങളും ചട്ടങ്ങളും തങ്ങൾക്കു വേണ്ടിയുമുള്ളതാണെന്ന് ഈ വലിയ ജനവിഭാഗത്തെ ബോധ്യപ്പെടുത്താൻ കിലെ നടത്തുന്ന പ്രവർത്തനങ്ങൾ മികച്ച മാതൃക സൃഷ്ടിക്കുന്നു. ജീവിത പ്രാരബ്ധത്തിനിടയിൽ സ്വന്തം അവകാശങ്ങളെയോ സുരക്ഷയെയോ കുറിച്ച് തീരെ ശ്രദ്ധിക്കാൻ താല്പര്യപ്പെടാത്ത ഇവർക്കായി വ്യക്തിശുചിത്വം, ആരോഗ്യപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും, രജിസ്ട്രേഷൻ, ലൈസൻസ് പുതുക്കൽ, ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് മാറി കച്ചവടം നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ, സർക്കാർ സഹായപദ്ധതികൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരണവും പരിശീലനവും നൽകാനും കിലെ മുൻകൈയെടുക്കുന്നു. ജീവിതമാർഗ്ഗം തേടി ജനസാഗരത്തിനിടയിൽ അലയുന്നവർക്ക് ആശ്വാസതീരമായി മാറുകാണിവിടെ കിലെ.

## മോട്ടോർവാഹനതൊഴിലാളികൾക്ക് പരിശീലനം

വാഹനനിയമം, റോഡുനിയമങ്ങൾ, സുരക്ഷിത ഡ്രൈവിംഗ്, പൊതുജനസമ്പർക്കം, എന്നീ വിഷയങ്ങളിൽ മോട്ടോർ വാഹനതൊഴിലാളി സംഘടനകൾ മുഖേനയും കിലെ നേരിട്ടും ബസ് ഡ്രൈവർമാർക്കും, ഓട്ടോ-ടാക്സി തൊഴിലാളികൾക്കും പരിശീലനക്ലാസുകൾ സംഘടിപ്പിക്കുന്നു. ജീവനും ഇന്ധനവും അമൂല്യമാണെന്നുള്ള സന്ദേശവും യാത്രാക്കാരോട് മാന്യമായി പെരുമാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രതിസന്ധിഘട്ടങ്ങളിലും ആപത്ഘട്ട





ങ്ങളിലും അനുവർത്തിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ബോധവത്ക്കരണം നടത്തിവരുന്നു.

### കടക്കെണി കടക്കാൻ കൈത്താങ്ങ്

മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ തൊഴിലാളി കടത്തിൽ ജനിച്ച് കടക്കാരനായി മരിച്ചുവെന്നതുപോലെ തന്നെ വ്യവസായമേഖലയിലും മറ്റും ജോലി ചെയ്യുന്നവർ പലപ്പോഴും കടബാധ്യതയുടെ കാര്യത്തിൽ അതിശയിപ്പിക്കും വിധം മുമ്പിലാണ്. ശമ്പളവും അലവൻസുകളും മറ്റുമുണ്ടെങ്കിലും വരുമാനത്തെക്കാൾ കൂടുതൽ ചെലവാകുകയും ഒടുവിൽ കടക്കെണിയിൽപ്പെടുകയും ചെയ്യുന്ന അവസ്ഥ നിലനില്ക്കുന്നതായി കിലെ ഗവേഷണ-നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി. പ്രതിമാസം 50,000ൽ താഴെ വരുമാനമുള്ള ഈ മേഖലയിൽപ്പെട്ട തൊഴിലാളികളുടെ ശരാശരി കടബാധ്യത ഒൻപത് ലക്ഷം രൂപ വരെയാണെന്നും 50,000നുമേൽ 1,00,000 വരെ ശമ്പളമുള്ളവരുടെ ശരാശരി കടബാധ്യത 14 ലക്ഷം രൂപ വരെയാണെന്നും കണ്ടെത്തി. കടബാധ്യത തൊഴിലാളി കുടുംബങ്ങളെ ദോഷകരമായി ബാധിക്കുമെന്നതും അതിലൊളിഞ്ഞിരിക്കുന്ന സാമൂഹികവിപത്തും കിലെ വിലയിരുത്തി. തുടർന്നാണ് 2019 ൽ 'വ്യവസായമേഖലയിലെ തൊഴിലാളികളുടെ കടബാധ്യത: പ്രശ്നങ്ങളും പരിഹാരവും'എന്ന വിഷയത്തിൽ കിലെ തൊഴിലാളികൾക്കായി പരിശീലന പരിപാടി ആരംഭിച്ചത്. സാമ്പത്തികഅച്ചടക്കം, കടബാധ്യതയുടെ ദോഷവശങ്ങൾ, കടബാധ്യത പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ പരിശീലനക്ലാസുകൾ കിലെ സംഘടിപ്പിച്ചുവരുന്നു.അനിയന്ത്രിതമായ ഉപഭോക്തൃസംസ്കാരമല്ല മികച്ച സാമ്പത്തികഅച്ചടക്കമാണ് ജീവിതത്തിന്റെ സുഗമമായ മുന്നോട്ടുപോക്കിന് അനിവാര്യമെന്ന് കിലെ പരിശീലനക്ലാസുകൾ തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നു.

### തൊഴിലാളി യൂണിയനുകൾക്കും മികവിന്റെ പാഠം

തൊഴിൽരംഗം പാടേ മാറുമ്പോൾ തൊഴിലാളി യൂണിയനുകളും സംഘടനകളും കൊക്കൂണിൽ നിന്ന് പുറത്തുവന്നേ മതിയാകൂ. ഇത്തരത്തിൽ തൊഴിലാളി യൂണിയനുകളെ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനാവശ്യമായ ബോധവത്ക്കരണ-പരിശീലനപരിപാടികളും കിലെ സംഘടിപ്പിച്ചുവരുന്നു. തൊഴിൽ നിയമങ്ങൾ, നിയമഭേദഗതികൾ, ചട്ടങ്ങൾ, തൊഴിൽമേഖലയിലെ പ്രശ്നപരിഹാരങ്ങൾ, നേതൃത്വവികസനം എന്നിവയിലും ഐ.ടി അടക്കമുള്ള പുതുസങ്കേതങ്ങളിലും സംസ്ഥാന-ജില്ലാ ട്രേഡ് യൂണിയൻ നേതാക്കൾക്കും തൊഴിലാളി സംഘടനകൾക്കും പരിശീലനം നൽകിവരുന്നു.

### തൊഴിൽ-എംപ്ലോയ്മെന്റ് വകുപ്പിലെ ജീവനക്കാർ

തൊഴിൽ-എംപ്ലോയ്മെന്റ് വകുപ്പിലെ ജീവനക്കാർക്കായി നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ചും വേതനകോഡ്, കമ്പ്യൂട്ടർവത്ക്കരണം, വ്യക്തിത്വവികസനം, തൊഴിലാളികളോടുള്ള സമീപനരീതി എന്നീ വിഷയങ്ങളിലും വിദഗ്ദ്ധപരിശീലനം നൽകിവരുന്നു.

### വനിതകൾക്കൊപ്പം

ഇന്ന് സ്ത്രീ തൊഴിലാളികളില്ലാത്ത തൊഴിൽ മേഖലകൾ വിരളമാണ്. അതുകൊണ്ടുതന്നെ വനിതകളുടെ അവകാശസംരക്ഷണത്തിനും സുരക്ഷയ്ക്കും തുല്യവേതനത്തിനുമുള്ള പോരാട്ടത്തിൽ കിലെയും ഒപ്പമുണ്ട്. സമസ്ത തൊഴിൽ മേഖലകളിലും വനിതകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. വിവിധ മേഖലകളിൽ വനിതകൾക്കായി പ്രത്യേകം തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനവും, നൈപുണ്യ വികസനപരിപാടികളും കിലെ സംഘടിപ്പിച്ചു വരുന്നു. സ്ത്രീ ശാക്തീകരണ കൂട്ടായ്മ രംഗത്ത് കേരളം ലോകത്തിന് മുന്നിൽ വച്ച മികച്ച മാതൃകയായ കുടുംബശ്രീയുമായി സഹകരിച്ച് വ്യക്തി-സാമൂഹിക ശുചിത്വം, ലഹരിക്കടിമയായ കുടുംബാംഗങ്ങൾ നിമിത്തമുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും, സ്വയംതൊഴിൽ സംരംഭങ്ങൾ, വനിതാ സംരംഭ കൂട്ടായ്മകൾ, മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണ-പ്രവർത്തി പരിചയക്ലാസുകളും, ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. വനിതകൾക്കായി പ്രത്യേകമുള്ള പരിശീലനപദ്ധതികൾക്ക് പുറമെ കിലെ നടത്തുന്ന പരിശീലന പദ്ധതികളിലെല്ലാം 30 % വനിതാപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു.


### ഭിന്നലിംഗസൗഹൃദം

സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ഭിന്നലിംഗവിഭാഗങ്ങളുടെ ക്ഷേമത്തിനും അവകാശസംരക്ഷണത്തിനുമായുള്ള പരിശീലന-ബോധവത്ക്കരണ പദ്ധതികളും കിലെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. സമൂഹത്തിൽ മറ്റാരെയും എന്ന പോലെ അന്തസ്സോടെ മാന്യമായ തൊഴിൽ ചെയ്ത് ജീവിക്കാനുള്ള സാഹചര്യം ഭിന്നലിംഗക്കാർക്ക് സൃഷ്ടിച്ചുനൽകുന്നതിനും അവരെ അതിന് പ്രാപ്തരാക്കുന്നതിനുമുള്ള സമഗ്രഹമായ പ്രവർത്തനങ്ങളാണ് കിലെ നടത്തിവരുന്നത്.



### അതിഥി തൊഴിലാളികൾക്ക് വഴികാട്ടി

അന്യദേശങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന അസംഘടിതരായ ഇതര സംസ്ഥാന തൊഴിലാളികൾക്കായും കിലെ പരിശീലനപരിപാടികൾ നടത്തിവരുന്നു. വിശദമായ പഠന-നിരീക്ഷണങ്ങൾക്കുശേഷമാണ് പദ്ധതികൾ ആവിഷ്ക്കരിച്ചുനടപ്പിലാക്കുന്നത്. കിലെ നൽകിവരുന്ന പരിശീലനങ്ങൾ കേരളത്തിലെ സാമൂഹികസാഹചര്യങ്ങളോട് പൊരുത്തപ്പെടാനും മെച്ചപ്പെട്ട തൊഴിൽബന്ധങ്ങൾ സൃഷ്ടിക്കാനും മികച്ച തൊഴിൽസാഹചര്യങ്ങളെ കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവാന്മാരാകാനും അതിഥി തൊഴിലാളികളെ പ്രാപ്തരാക്കുന്നു.



### സിവിൽസർവ്വീസ് അക്കാദമി

തൊഴിലാളികളുടെ മക്കൾക്കും ഉന്നതഉദ്യോഗങ്ങളിലും സ്ഥാനങ്ങളിലും വിരാജിക്കുവാൻ കഴിയണമെന്ന ലക്ഷ്യത്തോടെ അതിനവരെ പ്രാപ്തരാക്കുന്നതിനായി വിവിധ പരിശീലനപദ്ധതികളാണ് കിലെ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നത്. അതിൽ സുപ്രധാനമായ ഒരു ചുവടുവയ്പാണ് കിലെ 2020 ജനുവരിയിൽ ആരംഭിച്ച സിവിൽ സർവ്വീസ് പരിശീലനപദ്ധതി. കൊവിഡ് പശ്ചാത്തലത്തിലും മുൻകൂട്ടി നിശ്ചയിച്ച പദ്ധതിക്ക് തുടക്കമിടാൻ കഴിഞ്ഞത് വലിയ നേട്ടമായി. മാറുന്ന കാലത്തിനൊപ്പം സഞ്ചരിക്കാൻ തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കാൻ ആശയവിനിമയം, സമീപനം, പ്രകടനം എന്നിവ മെച്ചപ്പെടുത്തുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ്, ആപ്റ്റിറ്റ്യൂഡ് പരിശീലന ക്ലാസുകൾ നടത്താനും കിലെ പദ്ധതിയിടുന്നു.

തൊഴിൽമേഖലയെ സംബന്ധിച്ച നാല്പതോളം വിഷയങ്ങളിൽ സൂക്ഷ്മമായ പഠനം നടത്തിയ ശേഷമാണ് കിലെ പരിശീലനപരിപാടികളും അവയുടെ പാഠ്യപദ്ധതിയും ആവിഷ്ക്കരിച്ചിരിക്കുന്നത്. കേസ് സ്റ്റഡി, കൈപ്പുസ്തകങ്ങൾ, ഗഹനമായ പാഠ്യഭാഗങ്ങളെ ലളിതമായും ആയാസരഹിതമായും വിശദീകരിക്കുന്ന പവർപോയിന്റ് പ്രസന്റേഷനുകൾ, ബന്ധപ്പെട്ട ഓരോ മേഖലകൾക്കും അനുയോജ്യമായ രീതിയിൽ സംഘടിപ്പിക്കുന്ന ശില്പശാലകളും പ്രവർത്തിപരിചയ ക്ലാസുകളും, ദൃശ്യ-ശ്രാവ്യ പഠനോപാധികൾ, വ്യക്തിത്വവികസനത്തിനും നേതൃത്വപരിശീലനത്തിനും വേണ്ടിയുള്ള സമ്പർക്കപരിപാടികൾ തുടങ്ങിയവയാണ് പഠനോപാധികൾ. കിലെ ക്യാമ്പസ് എന്ന സ്വപ്നസാക്ഷാത്കാരത്തിനായുള്ള പ്രവർത്തനങ്ങളും തകൃതിയായി പുരോഗമിക്കുന്നു.

## II. പ്രസിദ്ധീകരണം

അക്ഷരം എക്കാലത്തും ഏതു സമൂഹത്തിനും വെളിച്ചം പ്രദാനം ചെയ്യുന്നുവെന്ന ബോധ്യത്തോടെയാണ് കിലെ പ്രസിദ്ധീകരണവിഭാഗത്തിന് രൂപംകൊടുത്തതും പ്രവർത്തമാർഗ്ഗം വിഭാവനം ചെയ്തിരിക്കുന്നതും. അവകാശങ്ങളെ കുറിച്ചും കടമകളെക്കുറിച്ചുമുള്ള അവബോധമില്ലായ്മയാണ് അടിസ്ഥാനവർഗ്ഗത്തിന്റെ പ്രധാനപ്രശ്നം. ഈ അറിവില്ലായ്മ തന്നെയാണ് അവരെ സമൂഹത്തിൽ അരികുവത്ക്കരിക്കുന്നത്. സാക്ഷര കേരളത്തിലെ പാർശ്വവത്കൃതതൊഴിലാളി സമൂഹത്തെ അറിവിന്റെയും

സ്വയംബോധ്യത്തിന്റെയും സാമൂഹികബോധ്യത്തിന്റെയും തലങ്ങളിലേക്ക് ഉയർത്തുക എന്ന കർത്തവ്യമാണ് കിലെ പ്രസിദ്ധീകരണവിഭാഗത്തിൽ നിക്ഷിപ്തമായിരിക്കുന്നത്. ഈ ബോധ്യത്തോടെ തൊഴിൽ നിയമങ്ങളെയും നിയമഭേദഗതികളെയും ചട്ടങ്ങളെയും കുറിച്ചുളള സമഗ്രമായ വിവരങ്ങൾ ലളിതമായ രീതിയിൽ കിലെ തൊഴിലാളി സമൂഹങ്ങളിലെത്തിക്കുന്നു. സാമൂഹിക നിരീക്ഷകർക്കു സഹായകമായ സമഗ്രമായ റിപ്പോർട്ടുകൾക്കൊപ്പം സാധാരണക്കാരന് പ്രാപ്യമായ കൈപ്പുസ്തകങ്ങളും കിലെ പ്രസിദ്ധീകരിച്ചുവരുന്നു. കിലെയുടെ ഗവേഷണഫലമായ കണ്ടെത്തലുകളും പുസ്തകരൂപത്തിൽ സമൂഹത്തിന് പ്രദാനം




ചെയ്യുന്നു. വ്യത്യസ്ത തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ലളിതമായും കൈയടക്കത്തോടെയും തൊഴിലാളി സമൂഹങ്ങളിലേക്കും പൊതുജനസമക്ഷവും എത്തിക്കുക, ദേശീയ-അന്തർദ്ദേശീയ തലത്തിൽ കേരളത്തിലെ തൊഴിൽമേഖലയെയും സുപ്രധാന വഴിത്തിരിവുകളെയും കുറിച്ച് കൃത്യമായ വിവരം കൈമാറുക, ദേശീയ-അന്തർദ്ദേശീയ-സംസ്ഥാന തലത്തിലെ മാറ്റങ്ങൾ കൃത്യമായും കേരളത്തിലെ തൊഴിലാളി സമൂഹങ്ങളിലേക്ക് എത്തിക്കുക തുടങ്ങിയവയാണ് കിലെ പ്രസിദ്ധീകരണവിഭാഗത്തിന്റെ നയം. ഇത്തരം മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്ന തൊഴിലാളി സമൂഹത്തെയും അതുവഴി മികച്ച ഒരു പൊതുസമൂഹത്തെയും വാർത്തെടുക്കുക എന്നതാണ് പ്രസിദ്ധീകരണ വിഭാഗത്തിൽ നിക്ഷിപ്തമായ ദൗത്യം.

ഞാനും എന്റെ തൊഴിൽ നിയമങ്ങളും (6 വാല്യം), കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രം, തൊഴിൽ പദകോശം, സംരംഭകർക്ക് സഹായകമായ ബിസിനസ് എൻസൈക്ലോപീഡിയ, വ്യവസായ മേഖലയിലുള്ളവർക്ക് പ്രയോജനപ്രദമായ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി തുടങ്ങി നിരവധി പുസ്തകങ്ങളും ലഘുലേഖകളും കൈപ്പുസ്തകങ്ങളും കിലെ ന്യൂസ് തുടങ്ങിയ ആനുകാലികങ്ങളും കിലെ പ്രസിദ്ധീകരണവിഭാഗം ഇംഗ്ലീഷ് മലയാളം ഭാഷകളിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചുവരുന്നു. ഇതിനു പുറമെ കൊറോണ: കരുതലും അതിജീവനവും-വരുന്ന മൂന്ന് വർഷങ്ങളിൽ, തൊഴിൽ മേഖലയും കേരളവും, കൈത്തറിയുടെ പിറവി മലബാറിൽ, തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ: ചരിത്രവും വർത്തമാനവും ഭാവിയും, തൊഴിൽ ഡയറക്ടറി, ഭിന്നലിംഗക്കാരുടെ സാമൂഹിക ഇടപെടലും തൊഴിൽ ജീവിതവും, അസംഘടിത

**സാക്ഷരകേരളത്തിലെ പാർശ്വവത്കൃതതൊഴിലാളി സമൂഹത്തെ അറിവിന്റെയും സ്വയംബോധ്യത്തിന്റെയും സാമൂഹികബോധ്യത്തിന്റെയും തലങ്ങളിലേക്ക് ഉയർത്തുക എന്ന കർത്തവ്യമാണ് കിലെ പ്രസിദ്ധീകരണ വിഭാഗത്തിൽ നിക്ഷിപ്തമായിരിക്കുന്നത്. ഈ ബോധ്യത്തോടെ തൊഴിൽ നിയമങ്ങളെയും നിയമഭേദഗതികളെയും ചട്ടങ്ങളെയും കുറിച്ചുളള സമഗ്രമായ വിവരങ്ങൾ ലളിതമായ രീതിയിൽ കിലെ തൊഴിലാളി സമൂഹങ്ങളിലെത്തിക്കുന്നു. സാമൂഹിക നിരീക്ഷകർക്കു സഹായകമായ സമഗ്രമായ റിപ്പോർട്ടുകൾക്കൊപ്പം സാധാരണക്കാരന് പ്രാപ്യമായ കൈപ്പുസ്തകങ്ങളും കിലെ പ്രസിദ്ധീകരിച്ചുവരുന്നു. കിലെയുടെ ഗവേഷണ ഫലമായ കണ്ടെത്തലുകളും പുസ്തകരൂപത്തിൽ സമൂഹത്തിന് പ്രദാനം ചെയ്യുന്നു. വ്യത്യസ്ത തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ലളിതമായും കൈയടക്കത്തോടെയും തൊഴിലാളി സമൂഹങ്ങളിലേക്കും പൊതുജനസമക്ഷവും എത്തിക്കുക, ദേശീയ-അന്തർദ്ദേശീയ തലത്തിൽ കേരളത്തിലെ തൊഴിൽമേഖലയെയും സുപ്രധാനവഴിത്തിരിവുകളെയും കുറിച്ച് കൃത്യമായ വിവരം കൈമാറുക, ദേശീയ-അന്തർദ്ദേശീയ-സംസ്ഥാന തലത്തിലെ മാറ്റങ്ങൾ കൃത്യമായും കേരളത്തിലെ തൊഴിലാളി സമൂഹങ്ങളിലേക്ക് എത്തിക്കുക തുടങ്ങിയവയാണ് കിലെ പ്രസിദ്ധീകരണ വിഭാഗത്തിന്റെ നയം.**




മേഖലയിലെ തൊഴിലാളികളിൽ സമ്പാദ്യശീലവും കരുതലും ജീവിതശൈലിയും തുടങ്ങി നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. കേരളത്തിൽ നിലവിൽ നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.ഏതാനും കിലെ പ്രസിദ്ധീകരണങ്ങളെ പരിചയപ്പെടാം.....

## കിലെ ന്യൂസ്

ഇംഗ്ലീഷിലും മലയാളത്തിലും വെവ്വേറെയായി മൂന്നുമാസത്തിലൊരിക്കൽ (trimonthly) പുറത്തിറക്കി വരുന്ന ആനുകാലികമാണ് കിലെ ന്യൂസ്. തൊഴിൽ രംഗത്തെ വാർത്തകളും പുത്തൻ പ്രവണതകളും വിജയഗാഥകളും കൂട്ടായ്മകളും ഒക്കെ കിലെ ന്യൂസിൽ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്നു. ആനുകാലിക വിഷയങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുന്നതിനൊപ്പം കൊറോണ-പ്രളയം തുടങ്ങിയ അപ്രതീക്ഷിത ദുരന്തങ്ങളെ നേരിടുന്നതിന് പൊതുജനത്തെയും തൊഴിലാളി സമൂഹത്തെയും പ്രാപ്തരാക്കുന്നതിനുള്ള അക്ഷരകവചമായും കിലെ ന്യൂസ് വർത്തിച്ചു. തൊഴിലാളി സമൂഹത്തിനും പൊതുസമൂഹത്തിനും ഒരു പോലെ ഗുണകരമാണ് ഈ പ്രസിദ്ധീകരണം.




## സുവനീർ

ഇന്ത്യയിൽ മഹാഭൂരിപക്ഷം തൊഴിലാളികളാണ്. അതുകൊണ്ടുതന്നെ ഇന്ത്യയിലെ വിഖ്യാതമായ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ നൂറാം വാർഷികം 2020 ഒക്ടോബറിൽ കൊവിഡ് പശ്ചാത്തലത്തിൽ നിയന്ത്രണ




ങ്ങളോടെ കൊണ്ടാടപ്പെട്ടു. തൊഴിലാളികൾക്കായി നിലകൊള്ളുന്ന ഒരു സ്ഥാപനമെന്ന നിലയിൽ കിലെയും വിപുലമായ ആഘോഷപരിപാടികളാണ് ആസൂത്രണം ചെയ്തത്. 2019 നവംബറിൽ തുടങ്ങി ശില്പശാലകളും മറ്റുമായി ഒരു വർഷം നീണ്ട പരിപാടികൾ ആസൂത്രണം ചെയ്തെങ്കിലും കൊവിഡ് സാഹചര്യത്തിൽ അവയൊക്കെ നിയന്ത്രണവിധേയമാക്കേണ്ടിവന്നു. എന്നാൽ നേരത്തേ ആസൂത്രണം ചെയ്തതു പ്രകാരം 'തൊഴിലാളി പ്രസ്ഥാനത്തിന് 100 വയസ്സ്' എന്ന സുവനീർ പുറത്തിറക്കി. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ സാമൂഹിക-രാഷ്ട്രീയ-ട്രേഡ് യൂണിയൻ നേതാക്കളുടെ ഓർമ്മക്കുറിപ്പുകളും, ആശയങ്ങളും പ്രതീക്ഷകളും പങ്കുവയ്ക്കുന്ന ലേഖനങ്ങളും അഭിമുഖങ്ങളും ഉൾപ്പെടുത്തിയ വിഭവസമൃദ്ധമായ പ്രസിദ്ധീകരണമായിരുന്നു ഈ സുവനീർ.

## തൊഴിൽമേഖലയും കേരളവും

കേരളത്തിന്റെ തൊഴിൽമേഖല വൈവിധ്യമാർന്നതാണ്. വ്യത്യസ്തമായ തൊഴിൽമേഖലകളും അവയുടെ മാറുന്ന മുഖവും വിശകലനം ചെയ്തുകൊണ്ട്





2011-ലാണ് 'തൊഴിൽമേഖലയും കേരളവും' എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. കേരളത്തിന്റെ പൊതുസമൂഹത്തിലേക്കും വൈവിധ്യമാർന്ന തൊഴിൽ മേഖലകളിലേക്കും രീതികളിലേക്കും കാലാകാലങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങളിലേക്കും വെളിച്ചം വീശുന്ന പുസ്തകം തൊഴിൽ, അനുബന്ധ മേഖലകളിലുള്ളവർക്കും പൊതുസമൂഹത്തിനും ഗവേഷകർക്കുമെല്ലാം ഒരുപോലെ സഹായകരമായി. ഈ പുസ്തകത്തിന് ലഭിച്ച വൻ സ്വീകാര്യത കാരണം കിലെ ഇതിന്റെ പരിഷ്ക്കരിച്ച പതിപ്പ് 2020-ൽ പുറത്തിറക്കി. സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലുകൾ സംബന്ധിച്ച വിവരങ്ങളും വിവിധ തൊഴിലാളി ക്ഷേമ ബോർഡുക



ളുടെ പ്രവർത്തനങ്ങളും പരിഷ്ക്കരിച്ച പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ തൊഴിൽ വൈവിധ്യത്തെയും സംസ്കാരത്തെയും കുറിച്ച് ദേശീയ -രാജ്യാന്തര തലത്തിൽ അവബോധം സൃഷ്ടിക്കുന്നതിന് ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് പുറത്തിറക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

### മാറുന്ന മുഖം-ഭിന്നലിംഗക്കാർക്കായി

ഭിന്നലിംഗക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് മാതൃകാപരമായ ചുവടുവയ്പുകൾ നടത്തിയ സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ സർക്കാർ സ്വയംഭരണ സ്ഥാപനമായ കിലെയും ഇത്തരം പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്നു. അതിന്റെ ഭാഗമായാണ് തങ്ങളുടെ ഗവേഷണഫലങ്ങൾ സ്വാംശീകരിച്ച് ‘ദി ചേഞ്ചിംഗ് ഫെയ്സ്’(The Changing Face) എന്ന മാസിക പുറത്തിറക്കിയത്. മാറുന്ന കേരളത്തിൽ തങ്ങളുടേതായ,മാന്യമായ ജീവിതം നേടിയെടുക്കാനായുള്ള ഭിന്നലിംഗസമൂഹത്തിന്റെ പോരാട്ടത്തിന്റെ നേർക്കാഴ്ചയാണ് ഈ പുസ്തകം. പുരോഗമന സമൂഹമെന്ന നിലയിൽ കേരളത്തിൽ ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി രൂപംനൽകിയിട്ടുള്ള പദ്ധതികളെക്കുറിച്ചും അവയോട് പൊതുസമൂഹവും ഭിന്നലിംഗക്കാർ തന്നെയും എങ്ങനെ പ്രതികരിക്കുന്നുവെന്നതിനെക്കുറിച്ചും പുസ്തകം വിശകലനം ചെയ്യുന്നു. ഭിന്നലിംഗസമൂഹത്തെ പ്രതിനിധീകരിക്കുന്ന നിരവധിപേരുടെ അനുഭവക്കുറിപ്പുകളും, ഭിന്നലിംഗക്കാരായ ആക്ടിവിസ്റ്റുകൾ, ഭിന്നലിംഗക്കാർക്കുവേണ്ടി പ്രവർത്തിക്കുന്നവർ, ഗവേഷകർ, ഭിന്നലിംഗക്കാർക്ക് ജോലി നൽകിയ കൊച്ചി മെട്രോ റെയിൽ കോർപറേഷൻ ലിമിറ്റഡ് (കെഎംആർഎൽ) മാനേജിംഗ് ഡയറക്ടറായിരുന്ന എ പി എം മുഹമ്മദ് ഹനീഷ് ഐഎഎസ് തുടങ്ങിയവരുടെ ആശയങ്ങളും അഭിമുഖങ്ങളും ഈ മാസികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹു. മുൻ തൊഴിൽ മന്ത്രിയായിരുന്ന സി.പി. രാമചന്ദ്രന്റെ അഭിമുഖവും വളരെ ശ്രദ്ധേയമാണ്. ഭിന്നലിംഗക്കാർക്ക് മുഖ്യധാരയിലേക്ക് സങ്കോചവും ഭയവും കൂടാതെ കടന്നുവരാനും വിദ്യാഭ്യാസവും മാന്യമായ തൊഴിലും നേടിയെടുക്കാനും പ്രാപ്തമാക്കുന്നതാണ് ‘ദി ചേഞ്ചിംഗ് ഫെയ്സി’ലെ ഉള്ളടക്കം.




ഇതിനൊക്കെ പുറമെ പ്രസിദ്ധീകരണങ്ങളുടെ ജനകീയവത്ക്കരണത്തിന്റെ ഭാഗമായി അതിഥി തൊഴിലാളികളുടെ ബോധവത്ക്കരണത്തിനായുള്ള കൈപ്പുസ്തകങ്ങളും ലഘുലേഖകളും അവർക്കു മനസ്സിലാകുന്ന ഭാഷയിൽ പ്രസിദ്ധീകരിക്കാനും കേരളത്തിലെ തോട്ടം തൊഴിലാളികൾക്കായുള്ള പുസ്തകം ഭൂരിപക്ഷം തോട്ടം തൊഴിലാളികളുടെയും മാതൃഭാഷയായ തമിഴിൽ പ്രസിദ്ധീകരിക്കാനുമുള്ള നടപടികൾ കിലെ പ്രസിദ്ധീകരണ വിഭാഗം ആരംഭിച്ചു കഴിഞ്ഞു. നിയമങ്ങളും ചട്ടങ്ങളും തൊഴിലാളികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളുമെല്ലാം ഇത്തരത്തിൽ അതത്

വിഭാഗങ്ങളുടെ മാതൃഭാഷയിൽ കൂടി പ്രസിദ്ധീകരിക്കുന്നതിലൂടെ പൊതു സമൂഹത്തെയും തൊഴിലാളി സമൂഹത്തെയും കേരളത്തിലെ തൊഴിൽ-സാമൂഹിക സാഹചര്യങ്ങളെക്കുറിച്ച് മികച്ച ബോധമുള്ളവരാക്കുക എന്നതാണ് കിലെ ലക്ഷ്യമിടുന്നത്.

### പാഠപുസ്തകങ്ങൾ


സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികൾക്കായി നടപ്പിലാക്കിവരുന്ന വിവിധ പരിശീലനപരിപാടികളുടെ സിലബസ് അനുസരിച്ച് തയ്യാറാക്കിയ പാഠപുസ്തകങ്ങളും കിലെ പ്രസിദ്ധീകരണവിഭാഗം പുറത്തിറക്കുന്നുണ്ട്. സമഗ്രവും ലളിതവുമായ രീതിയിൽ സാധാരണക്കാരന് മനസ്സിലാകുന്ന വിധത്തിൽ കൈപ്പുസ്തക രൂപത്തിലാണ് ഇവ പ്രസിദ്ധീകരിക്കുന്നത്. ഗവേഷണഫലമായ കണ്ടെത്തലുകൾ മികച്ച റിപ്പോർട്ടുകളാക്കുന്നുണ്ടെങ്കിലും അവ സാധാരണക്കാരനെ സംബന്ധിച്ച് മനസ്സിലാക്കുക പ്രയാസമാണ്. ഈ സാഹചര്യത്തിലാണ് തൊഴിലാളികൾക്ക് ആവശ്യമായ വിവരങ്ങൾ കൈപ്പുസ്തക രൂപത്തിലാക്കി പ്രസിദ്ധീകരിക്കുന്നത്. പഠന-പരിശീലനക്ലാസുകളിൽ പങ്കെടുക്കുന്നവർക്ക് ഈ പുസ്തകങ്ങൾ വളരെയേറെ പ്രയോജനപ്രദമാണെന്ന് ഇതിനകം തെളിയിക്കപ്പെട്ടുകഴിഞ്ഞു.

### സംരംഭകസഹായി

മടങ്ങിവരുന്ന പ്രവാസികൾക്കും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും സ്വയം തൊഴിൽ കണ്ടെത്താൻ താല്പര്യമുള്ള യുവാക്കൾക്കുമായി സഹായകമായ വായ്പകളെയും ലഭ്യമാക്കുന്ന ധനകാര്യ സ്ഥാപനങ്ങളെയും ഇതര സഹായപദ്ധതികളെയും കുറിച്ച് വിശദമാക്കുന്ന സമഗ്ര വിവരങ്ങളുടെ ഒരു പുസ്തകവും പുറത്തിറക്കാനുള്ള തയ്യാറെടുപ്പിലാണ് കിലെ

## III. ഗവേഷണം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് അഥവാ കിലെയുടെ തായ്‌വേരാണ് ഗവേഷണ വിഭാഗമെന്ന് പറയുന്നതിൽ തെറ്റില്ല. കാരണം പരീക്ഷണ-നിരീക്ഷണ-പഠനങ്ങളിലൂടെയല്ലാതെ ലോകത്ത് ഒരു പ്രശ്നത്തിനും ശാശ്വതമായ പരിഹാരം സാധ്യമല്ല. ഇത്തരത്തിൽ കേരളത്തിലെ തൊഴിൽ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാര മാർഗ്ഗങ്ങൾ ആരായുക എന്നതാണ് കിലെ ഗവേഷണ വിഭാഗത്തിൽ സമർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വം. മുൻകാലങ്ങളിൽ പരിമിതികൾക്കുള്ളിൽ നിന്ന് കിലെ ഹ്രസ്വകാല ഗവേഷണങ്ങളായിരുന്നു നടത്തിയിരുന്നത്. എന്നാൽ മാറുന്ന തൊഴിൽ അന്തരീക്ഷത്തിൽ അതിവേഗം മാറുന്ന സങ്കേതങ്ങളുടെ കാലത്ത് ഹ്രസ്വകാലപഠനങ്ങൾ ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രശ്ന പരിഹാരത്തിന് മതിയാവില്ല എന്ന തിരിച്ചറിവിൽ സമഗ്രമായ അഴിച്ചുപണികളാണ് കിലെ ഗവേഷണവിഭാഗം നടത്തിയത്. ഗവേഷണ വിഭാഗത്തിനായി ഒരു പൊതുനടപടിക്രമം തയ്യാറാക്കുകയായിരുന്നു അതിൽ ആദ്യത്തേത്.




പിന്നീട് ഈ നടപടിക്രമത്തിന്റ ഭാഗമായി വിവിധ വിഷയങ്ങളിൽ ഗവേഷണത്തെ സഹായിക്കാൻ പ്രാപ്തരായ പ്രമുഖരും അക്കാദമിക് വിദഗ്ദ്ധരും ശാസ്ത്രജ്ഞരും സാമൂഹിക ശാസ്ത്രജ്ഞരും മറ്റും അടങ്ങുന്ന ഒരു റിസർച്ച് പൂൾ, ഓരോ ഗവേഷണത്തിനും മേൽനോട്ടം വഹിക്കുന്നതിനുള്ള ഒരു സാങ്കേതിക ഉപദേശക സമിതി (ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി), ഓരോ ഗവേഷണപഠനത്തിന്റെയും ചോദ്യാവലി (Questionnaire) വിലയിരുത്തുന്നതിനുള്ള എത്തിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചു. ഇതിനുപുറമെ പൂർത്തിയായ ഗവേഷണപഠനങ്ങളുടെ റിപ്പോർട്ടിന്റെ മലയാളപരിഭാഷയും പോളിസി ബ്രീഫ്, പോളിസി പേപ്പർ എന്നിവ പ്രസിദ്ധീകരിക്കാനും തീരുമാനിച്ചു. ഈ വിഭാഗങ്ങളുടെ സഹായത്തോടെ വിപുലവും ആഴത്തിലുള്ളതുമായ പഠനഗവേഷണങ്ങളാണ് കിലെ ഗവേഷണവിഭാഗം നടത്തിവരുന്നത്. നാല്പതോളം വിഷയങ്ങളിൽ ഇതുവരെ കിലെ വിശദമായ ഗവേഷണപഠനം നടത്തിക്കഴിഞ്ഞു.

### കിലെ ഗവേഷണ പ്രക്രിയയിലൂടെ....

ആദ്യകാലങ്ങളിൽ ഹ്രസ്വകാല ഗവേഷണങ്ങളായിരുന്നു കിലെ നടത്തിവന്നത്. അതുതന്നെയും പുറത്തുകൊടുത്ത് (Outsource) ചെയ്യുകയായിരുന്നു. എന്നാൽ ഇതിന്റെ പരിമിതികൾ മനസ്സിലാക്കിയ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ നേരിട്ടാണ് ഗവേഷണം നടത്തുന്നത്. മറ്റ് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകളെപ്പോലെ ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു പൊതുനടപടിക്രമം ഉണ്ടാകേണ്ടതുണ്ടെന്ന ബോധ്യത്താൽ കിലെ ഗവേഷണവിഭാഗം കോ-ഓർഡിനേറ്ററും സീനിയർ ഫെലോയും കേരളത്തിലെ വിവിധ ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുകയും നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പൊതുനടപടിക്രമം കിലെ ഗവേഷകവിഭാഗത്തിനായി തയ്യാറാക്കി ബന്ധപ്പെട്ടവർക്കു മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഇത് 2020 നവംബർ 6ന് ചേർന്ന നിർവ്വാഹകസമിതി (എക്സിക്യൂട്ടീവ് കൗൺസിൽ) അംഗീകരിക്കുകയും അന്നുമുതലിങ്ങോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണങ്ങൾക്കെല്ലാം ഈ പൊതുനടപടിക്രമം ബാധകമാകുകയും ചെയ്തു. പ്രൊപ്പോസൽ തയ്യാറാക്കൽ, സാങ്കേതികഉപദേശക സമിതി(ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി)യുടെ മേൽനോട്ടം, എത്തിക്കൽ കമ്മിറ്റിയുടെ അംഗീകാരം, റിസർച്ചിന്റെ കാലദൈർഘ്യം നിർണ്ണയിക്കൽ, റിസർച്ച് പൂൾ, ഗവേഷണപഠനങ്ങളുടെ മേൽനോട്ടം (ഇംപ്ലിമെന്റേഷൻ വിഭാഗം), റിപ്പോർട്ട് സമർപ്പണം, റിപ്പോർട്ട് പ്രസിദ്ധീകരണം എന്നിവ കിലെ ഗവേഷണങ്ങൾക്ക് പൊതുവായി പാലിക്കേണ്ട നടപടിക്രമങ്ങളാണ്.

### 1.ഗവേഷണപഠനത്തിന്റെ പ്രൊപ്പോസൽ തയ്യാറാക്കൽ

ഗവേഷണവിഷയം സംബന്ധിച്ച് തീരുമാനമായിക്കഴിഞ്ഞാൽ ആദ്യപടി



അതിനു വ്യക്തമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കുകയാണ്. ഗവേഷണം ഒരു ടീം വർക്കാണ്. അതുകൊണ്ടുതന്നെ ഗവേഷണത്തിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ കുറിച്ചും പരീക്ഷണ-നിരീക്ഷണങ്ങളെക്കുറിച്ചും ചെലവുകളെക്കുറിച്ചും ലഭ്യമാക്കേണ്ട ഇതര സൗകര്യങ്ങളെക്കുറിച്ചുമൊക്കെ വ്യക്തമായ ഒരു രൂപരേഖ ആവശ്യമാണ്. അതെല്ലാം തന്നെ പ്രൊപ്പോസലിൽ സുതാര്യമായും കൃത്യമായും ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി പ്രൊജക്ട് ഫണ്ടിന്റെ 5% വരെ വകയിരുത്താവുന്നതുമാണ്.

## 2. സാങ്കേതിക ഉപദേശക സമിതി (ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി)

ആദ്യകാലങ്ങളിൽ കിലെ നടത്തിയിരുന്ന എല്ലാ ഗവേഷണപഠനങ്ങൾക്കും പൊതുവായ ഒരു റിസർച്ച് കോർ കമ്മിറ്റിയാണ് സാങ്കേതിക ഉപദേശക സമിതി(ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി)യായും പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ, കാലാന്തരത്തിൽ ഇതിന്റെ അപര്യാപ്തത മനസ്സിലാക്കി പ്രത്യേക സാങ്കേതിക ഉപദേശക സമിതി(ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി) രൂപീകരിച്ചു. നിലവിൽ കിലെയുടെ ഓരോ ഗവേഷണപഠനവും ഈ സമിതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടക്കുന്നത്. അതത് ഗവേഷണവിഷയങ്ങളിൽ ആഴത്തിലുള്ളതും ആധികാരികവുമായ അറിവുള്ളവരായിരിക്കും സാങ്കേതികഉപദേശക സമിതി അംഗങ്ങൾ. ഗവേഷണ വിഷയം സംബന്ധിച്ച ചർച്ച മുതൽ റിപ്പോർട്ട് സമർപ്പണം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഈ സമിതിയുടെ മേൽനോട്ടമുണ്ടാകും. ഈ സമിതിക്ക് ഒരു ഉപദേശക (അഡ്വൈസറി) ചുമതല മാത്രമാണുള്ളതെന്ന് എടുത്തുപറയേണ്ടതുണ്ട്. അതായത് ഗവേഷണ പ്രക്രിയയിൽ സമിതി നേരിട്ട് ഇടപെടുന്നില്ല. സാങ്കേതിക ഉപദേശക സമിതി(ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി)യിൽ അതത് വിഷയത്തിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തേണ്ടതായുണ്ട്. അതുകൊണ്ടുതന്നെ വിഷയവൈവിധ്യമനുസരിച്ച് ഈ സമിതിയിലെ അംഗങ്ങൾ മാറുന്നു. സാങ്കേതിക ഉപദേശക സമിതി(ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി)യുടെ ചുമതലകൾ ചുവടെ:

- ഗവേഷണ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുക
- പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക
- സാമ്പിൾ സൈസ് തീരുമാനിക്കുക
- ഏത് തരത്തിലുള്ള വിവരശേഖരണമാണ് പ്രസ്തുത പ്രൊജക്ടിന് അനയോജ്യമെന്നു തീരുമാനിക്കുക.
- ഗവേഷണത്തിന്റെ കാലദൈർഘ്യം (ഹ്രസ്വകാലം/ദീർഘകാലം) എന്ന് തീരുമാനിക്കുക
- ഗവേഷണ ലക്ഷ്യങ്ങൾ (Research Objectives) നിർണ്ണയിക്കുക
- തയ്യാറാക്കപ്പെട്ട പ്രൊപ്പോസലിന്മേൽ ചർച്ച നടത്തി ആയത് നിർദ്ദിഷ്ട ഗവേഷണപഠനത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കുക
- ആവശ്യമെങ്കിൽ പ്രൊപ്പോസലിൽ വേണ്ട തിരുത്തലുകൾ നിർദ്ദേശിക്കുക
- ആരംഭഘട്ടം മുതൽ ഗവേഷകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക

## 3. എത്തിക്കൽ കമ്മിറ്റി

ഓരോ ഗവേഷണ പഠനവും ആരംഭിക്കുന്നതിന് മുമ്പ് ഉത്തരദാതാവിനോട് ചോദിക്കേണ്ട ചോദ്യാവലി (Questionnaire) വിലയിരുത്തുക

എന്നതാണ് എത്തിക്കൽ കമ്മിറ്റിയുടെ പ്രധാന ചുമതല. ചോദ്യാവലിയിലെ ഒരു ചോദ്യവും ഉത്തരദാതാവിന് ശാരീരികമോ, മാനസികമോ, വൈകാരികമോ ആയ ബുദ്ധിമുട്ടുണ്ടാക്കുന്നില്ല എന്ന് എത്തിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. എത്തിക്കൽ കമ്മിറ്റിയുടെ അംഗീകാരം (അപ്രൂവൽ) ലഭിച്ച ശേഷം മാത്രമേ ഡാറ്റ കളക്ഷൻ ആരംഭിക്കാനാവൂ. എത്തിക്കൽ കമ്മിറ്റിയുടെ പ്രത്യേകതകൾ ചുവടെ:

-സാങ്കേതിക ഉപദേശക സമിതി(ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി) യിൽ നിന്ന് വ്യത്യസ്തമായി ഇവിടെ വിഷയ വിദഗ്ദ്ധ (Subject Experts) രുടെ ആവശ്യമില്ല

- ഒരു നിയമവിദഗ്ദ്ധന്റെ സാന്നിധ്യം അത്യന്താപേക്ഷിതമാണ്.
- ഒരു സൈക്കോളജിസ്റ്റ് ഉണ്ടാവണം. ചോദ്യാവലിയിലെ ചോദ്യങ്ങൾ ഉത്തരദാതാവിന്റെ മനോനിലയെ ഒരു തരത്തിലും ബാധിക്കുന്നില്ല അഥവാ അത്തരം ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടില്ല എന്ന് സൈക്കോളജിസ്റ്റ് ഉറപ്പുവരുത്തണം.
- ഒരു സാമൂഹിക പ്രവർത്തകൻ, സാധാരണക്കാരന്റെ പ്രതിനിധി എന്നിവരും കമ്മിറ്റിയിൽ ഉണ്ടാവണം.

### 4. ഗവേഷണത്തിന്റെ കാലദൈർഘ്യം നിർണ്ണയിക്കൽ


ഓരോ ഗവേഷണത്തിന്റെയും കാലദൈർഘ്യം തീരുമാനിക്കുന്നത് ആ ഗവേഷണപഠനത്തിന്റെ സ്വഭാവം, ഫണ്ട്, വിവരശേഖരണരീതി എന്നിവയെ ആശ്രയിച്ചാണ്. എങ്കിലും ഒരു വർഷത്തിൽ താഴെയുള്ള ഗവേഷണപഠനത്തെ ഹ്രസ്വകാല പഠനങ്ങളെന്നും ഒരു വർഷത്തിൽ കൂടുതലുള്ള പഠനത്തെ ദീർഘകാലപഠനങ്ങളെന്നും തരംതിരിക്കുന്നു. ചില ഗവേഷണങ്ങളിൽ തുടർപഠനങ്ങൾ ആവശ്യമായിവരുന്നതിനാൽ അവ ഹ്രസ്വകാലഗവേഷണങ്ങളാണെങ്കിലും തുടർപഠനങ്ങൾ (follow-up) ഉണ്ടെങ്കിൽ അത് കൂടുതൽ കാലം നീണ്ടുപോകാം.

### 5. ഗവേഷണപഠനങ്ങളുടെ മേൽനോട്ടം

സാധാരണയായി ഗവേഷണം സംബന്ധിച്ച ചുമതലകൾ ഗവേഷകസംഘത്തിലെ ഓരോരുത്തർക്കുമായി വിഭജിച്ച് നൽകുകയാണ് പതിവ്. സംഘത്തെ നയിക്കാൻ ഒരു പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഉണ്ടാകും. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരിക്കും പഠനം നടക്കുന്നത്. എല്ലാഘട്ടങ്ങളിലും പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററുടെ ഗൈഡൻസ് ഉണ്ടാകും.

### 6.റിസർച്ച് പൂൾ

കിലെ ഗവേഷക വിഭാഗത്തിൽ റിസർച്ച് സ്റ്റാഫിന്റെ എണ്ണം കുറവാണ്. ആയതിനാൽ ഓരോ ഗവേഷണപഠനവും അതിന്റെ ആധികാരികതയോടും തൊഴിലാളികൾക്ക് പ്രയോജനപ്രദമായും പൂർത്തിയാക്കുന്നതിന് പ്രത്യേക വിഷയത്തിൽ ആധികാരികവും ആഴത്തിലുള്ളതുമായ അറിവുള്ള ഗവേഷകരുടെ സേവനം ആവശ്യമാണ്.




ഇവരുടെ പരിജ്ഞാനവും ഗവേഷണപരിചയവും അതത് ഗവേഷണങ്ങളെ ശരിയായ ദിശയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനും സഹായിക്കും. ഇത് മനസ്സിലാക്കി കിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട വിദഗ്ദ്ധരെയും ഗവേഷകരെയും ഉൾപ്പെടുത്തി 2020 നവംബർ 6ന് ഒരു റിസർച്ച് പൂൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കിലെയിൽ 31 അംഗങ്ങളടങ്ങിയ ഒരു റിസർച്ച് പൂൾ ഉണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ ഗവേഷണങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഈ റിസർച്ച് പൂളിലെ വിദഗ്ദ്ധർ നൽകിവരുന്നു.

### 7. റിപ്പോർട്ട് സമർപ്പണം

റിവ്യൂ തയ്യാറാക്കൽ, ചോദ്യാവലി തയ്യാറാക്കൽ, ഡേറ്റ കളക്ഷൻ, റിപ്പോർട്ട് തയ്യാറാക്കൽ എന്നീ പ്രക്രിയകൾക്ക് ശേഷമാണ് റിപ്പോർട്ട് സമർപ്പണം.

ഹ്രസ്വകാല ഗവേഷണമാണെങ്കിലും വിഷയത്തെ ആസ്പദമാക്കിയായിരിക്കും റിവ്യൂ തയ്യാറാക്കുന്നത്. ചില വിഷയങ്ങളിൽ ധാരാളം പഠനങ്ങൾ മുൻപ് നടന്നിട്ടുണ്ടാകാം. പ്രസ്തുത റിപ്പോർട്ടുകൾ പഠനത്തിൽ ഉൾപ്പെടുത്തുമ്പോൾ റിവ്യൂ തയ്യാറാക്കാൻ കൂടുതൽ സമയം വേണ്ടിവരും. വിഷയവുമായി ബന്ധപ്പെട്ട എല്ലാ ലേഖനങ്ങളും പഠനങ്ങളും റിവ്യൂ ചെയ്യാൻ സാധിച്ചില്ലെങ്കിലും അടിസ്ഥാനപരമായ വിവരങ്ങളും വസ്തുതകളും മനസ്സിലാക്കേണ്ടതുണ്ട്. മാത്രമല്ല ഈ വിഷയത്തിൽ നടന്ന സുപ്രധാന പഠനങ്ങളും ചർച്ചയായ ലേഖനങ്ങളും മറ്റും റിവ്യൂ ചെയ്യേണ്ടതുമുണ്ട്. ആയതിനാൽ ഒരു ഗവേഷണത്തിന് അനുവദിച്ചിട്ടുള്ള മുഴുവൻ സമയത്തിന്റെ 20% റിവ്യൂ തയ്യാറാക്കാനായി മാറ്റിവയ്ക്കാവുന്നതാണ്.

റിവ്യൂ തയ്യാറാക്കിയ ശേഷമാണ് ചോദ്യാവലി തയ്യാറാക്കുന്നതും ഡേറ്റ കളക്ഷൻ നടത്തുന്നതും. അതിനുശേഷമാണ് ലഭ്യമായ ഡേറ്റയുടെ വിശകലനം. ഗവേഷണത്തിന്റെ അവസാനഘട്ടമാണ് റിപ്പോർട്ട് തയ്യാറാക്കൽ. സമാഹരിച്ച വിവരങ്ങൾ യാതൊരു പിഴവും വരുത്താതെ അവതരിപ്പിക്കേണ്ടത് ഈ ഘട്ടത്തിലാണ്. ഗവേഷണത്തിനായി അനുവദിച്ച സമയത്തിന്റെ 30 ശതമാനം മുതൽ 40 ശതമാനം വരെ ഇതിനായി ഉപയോഗിക്കുന്നു. ഇതിൽ നിന്ന് ഗവേഷണത്തിൽ റിപ്പോർട്ട് തയ്യാറാക്കലിന്റെ പ്രാധാന്യം മനസ്സിലാക്കാം.

### 8. റിപ്പോർട്ട് പ്രസിദ്ധീകരണം

സ്വന്തം ഗവേഷകർ നടത്തുന്ന പഠന റിപ്പോർട്ടുകൾ ഇൻസ്റ്റിറ്റ്യൂട്ട് തന്നെ പ്രസിദ്ധീകരിക്കും. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റേതല്ലാത്ത ഗവേഷകരെ നിയോഗിച്ച് പഠനം നടത്തിയിരുന്ന സന്ദർഭങ്ങളുണ്ട്. ഇത് സംബന്ധിച്ച കരാർ



പ്രകാരം ഗവേഷണപഠന റിപ്പോർട്ട് സ്വന്തം നിലയ്ക്ക് പ്രസിദ്ധീകരിക്കുന്നതിന് ഗവേഷകന് അനുവാദമില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിൽ കിലെയുടെ അനുവാദത്തോടെ മാത്രമേ പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കാവൂ.


**9. റിപ്പോർട്ടുകളുടെ മലയാളം പരിഭാഷ, പോളിസി ബ്രീഫ്, പോളിസി പേപ്പർ എന്നിവയുടെ പ്രസിദ്ധീകരണം**


കിലെ ഇതുവരെ നടത്തിവന്ന ഗവേഷണ പഠനങ്ങളുടെ റിപ്പോർട്ടുകൾ എല്ലാം തന്നെ ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിച്ചിരുന്നത്. ഇത് ഗവേഷകർക്കും ഗവേഷക ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും മറ്റും ഉപയോഗപ്രദമാണെങ്കിലും സാധാരണ തൊഴിലാളികൾക്ക് അപ്രാപ്യമായിരുന്നു. ഈ അപര്യാപ്തത മനസ്സിലാക്കി ഗവേഷണ റിപ്പോർട്ടുകൾ മലയാളത്തിലേക്ക് പരിഭാഷ ചെയ്ത് പ്രസിദ്ധീകരിക്കാൻ കിലെ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കിലെ ആദ്യമായി നേരിട്ട് നടത്തിയ ഗവേഷണപഠനമായ 'ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽജീവിത സാഹചര്യങ്ങൾ ഒരു പഠനം' എന്ന ഗവേഷണപഠനം പൂർണ്ണമായും മലയാളത്തിലേക്ക് ലളിതമായി പരിഭാഷചെയ്തുകഴിഞ്ഞു.

ഗവേഷണപഠനത്തിന്റെ പോളിസി ശുപാർശകളും നിർദ്ദേശങ്ങളും മാത്രം ഉൾക്കൊള്ളുന്ന നയസംഗ്രഹം (Policy brief) മൂന്നോ നാലോ പേജുള്ള ലഘുലേഖയാക്കി സാധാരണക്കാർക്ക്/തൊഴിലാളികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിലേക്ക് ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിട്ടുണ്ട്.

ഓരോ ഗവേഷണപഠനങ്ങളുടെയും റിപ്പോർട്ട് കുറഞ്ഞത് 200 പേജ് എങ്കിലും ഉള്ള പ്രസിദ്ധീകരണങ്ങളാണ്. മലയാളത്തിലായാലും ഇത്രയും വലിയ ഒരു പ്രസിദ്ധീകരണം വായിക്കുന്നതിന് ധാരാളം സമയം ആവശ്യമായിട്ടുണ്ട്. ഇത് മനസ്സിലാക്കി ഓരോ ഗവേഷണപഠനത്തിന്റെയും സത്ത ചോർന്നുപോകാതെ വളരെ ചുരുക്കി നയരേഖ(പോളിസി പേപ്പർ) എന്ന പേരിൽ പ്രസിദ്ധീകരിക്കാനും കിലെ തീരുമാനിച്ചു.

മേൽപ്പറഞ്ഞവിധം സമഗ്രമായ ഉൾക്കാഴ്ചയോടും വിശാലമായ പ്രവർത്തനശൈലിയുമായി തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്.






# ലേബർ കോഡ്: നിർണ്ണായകമായി കിലെയുടെ ലേബർ കോൺക്ലേവ്

രണ്ടാം ദേശീയ ലേബർ കമ്മീഷന്റെ (2002) ശുപാർശ പ്രകാരം ഇന്ത്യയിലെ വിപുലമായ തൊഴിൽ നിയമങ്ങളെ ക്രോഡീകരിച്ച് ലഘൂകരിക്കുന്നതിന്റെ ഭാഗമായി പാർലമെന്റ് നാല് ലേബർ കോഡുകൾ പാസ്സാക്കുകയുണ്ടായി. ഇത് രാജ്യത്തെ തൊഴിൽമേഖലയിലെമ്പാടും ആശയക്കുഴപ്പവും ആശങ്കയും ഉയർത്തിവിട്ടു. കേരളത്തിന്റെ തൊഴിൽ നയത്തിന് അടിസ്ഥാനമായ തൊഴിലാളി സംരക്ഷണം, ട്രേഡ് യൂണിയൻ അവകാശങ്ങൾ, തൊഴിൽ ഭരണ നിർവഹണത്തിലെ സംസ്ഥാനങ്ങളുടെ അധികാരം എന്നിവയെ ദുർബലപ്പെടുത്തുന്ന പല വ്യവസ്ഥകളും ഇതിലുണ്ടെന്ന ആശങ്ക കേരള സർക്കാരിനുമുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാർ പാസ്സാക്കിയ നാല് ലേബർ കോഡുകളുടെ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യുന്നതിനാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റും (കിലെ) കേരള സർക്കാർ തൊഴിൽ വകുപ്പും സംയുക്തമായി ലേബർ കോൺക്ലേവ് സംഘടിപ്പിച്ചത്. 2025 ഡിസംബർ 19-ന് തിരുവനന്തപുരത്ത് വച്ചാണ് ലേബർ കോൺക്ലേവ് സംഘടിപ്പിച്ചത്. ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷനായിരുന്നു.

ബഹു. ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് ഗോപാല



ഗൗഡ, തൊഴിൽ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ് ഐ.എ.എസ്, ലേബർ കമ്മീഷണർ സഫ്ന നസറുദീൻ ഐ.എ.എസ്, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ സൂഫീയാൻ അഹമ്മദ് ഐ.എ.എസ്, സി.ഐ.ടി.യു ദേശീയ സെക്രട്ടറിമാരായ തപൻസെൻ, ഹേമലത, എ.ഐ.റ്റി.യു.സി ദേശീയ സെക്രട്ടറി അമർജീത് കൗർ, തമിഴ് നാട്, കർണാടക, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലെ സീനിയർ ട്രേഡ്



യൂണിയൻ നേതാക്കൾ എന്നിവർ ആശംസയർപ്പിച്ചു. കിലെ ചെയർമാൻ കെ. എൻ. ഗോപിനാഥ് നന്ദി പ്രകാശിപ്പിച്ചു.

മുൻ തൊഴിൽ വകുപ്പ് മന്ത്രിമാർ, എം.പി-മാർ, എം.എൽ.എ-മാർ, കിലെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ, ലേബർ ഓഫീസർമാർ, നിയമവിദഗ്ധർ, അക്കാദമിക് വിദഗ്ധർ, വിവിധ ട്രേഡ് യൂണിയൻ മേഖലയിലെ പ്രമുഖരായ സംസ്ഥാന നേതാക്കൾ, തുടങ്ങിയവർ പങ്കെടുത്തു. ഈ പരിപാടിയിൽ രണ്ട് വിഷയങ്ങളിലായി പാനൽ ചർച്ചകൾ നടന്നു. "പുതിയ തൊഴിൽ കോഡുകൾ കേരളത്തിന്റെ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ'' എന്ന വിഷയത്തിൽ നടന്ന ആദ്യ സെഷൻ പാനൽ ചർച്ച സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് ഗോപാല ഗൗഡ നയിച്ചു. കേരള നിയമവകുപ്പ് സെക്രട്ടറി സനൽ കുമാറായിരുന്നു ലീഡ് സ്പീക്കർ.

കേരളത്തിന്റെ തൊഴിൽ നയപരിപാടികളുടെ പശ്ചാത്തലത്തിൽ തൊഴിൽ കോഡുകളുടെ പ്രത്യാഘാതങ്ങളെ നേരിടുന്നതിനുള്ള ബദൽ തന്ത്രങ്ങൾ എന്ന വിഷയമാണ് രണ്ടാമത്തെ സെഷനിൽ ചർച്ച ചെയ്യപ്പെട്ടത്. മുൻ രാജ്യസഭാംഗം എളമരം കരീം ആയിരുന്നു ഈ പാനലിന്റെ അധ്യക്ഷൻ. എക്സ്.എൽ.ആർ.ഐ മുൻ പ്രൊഫസർ ശ്യാം സുന്ദർ, ലീഡ് സ്പീക്കറായിരുന്നു.

ഉച്ചകഴിഞ്ഞ് രണ്ട് പാനൽ ചർച്ചകളുടേയും കൺസോളിഡേഷൻ പൊതുവേദിയിൽ അവതരിപ്പിച്ചു. തുടർന്ന്, പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി സമാപന പ്രസംഗം നടത്തുകയും വൈകുന്നേരത്തോടെ പത്രസമ്മേളനം നടത്തി കോൺക്ലേവ് സമാപിക്കുകയും ചെയ്തു.

## ലേബർ കോഡുകളെ കുറിച്ച് പഠിക്കാൻ സമിതി

വളരെ നിർണ്ണായക തീരുമാനങ്ങളാണ് ലേബർ കോൺക്ലേവിൽ ഉണ്ടായത്. ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനുംവേണ്ടി നിയമവിദഗ്ധർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കാൻ നാഷണൽ ലേബർ കോൺക്ലേവ് തീരുമാനിച്ചു. റിട്ട.സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ഗോപാല ഗൗഡ, പ്രൊഫസർ ശ്യാം സുന്ദർ, വർക്കിയച്ചൻ പെട്ട, അഡ്വ: ചന്ദർ ഉദയ്സിങ്, അഡ്വ: കോളിൻ ഗോൺസാൽവസ്, പ്രൊഫ: ബാബു മാത്യു, അഡ്വ. മൈത്രേയി എന്നിവർ ആണ് കമ്മിറ്റി അംഗങ്ങൾ. ലേബർ കോഡിന്റെ വിവിധ വശങ്ങൾ വിശദമായി പഠിച്ച് സമയബന്ധിതമായി റിപ്പോർട്ട് നൽകുന്നതിന് ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തി.




## തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമിട്ട്

# നാഷണൽ ലേബർ കോൺഫറൻസ്

കൊച്ചി സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) യുമായി സഹകരിച്ച് നാഷണൽ ലേബർ കോൺഫറൻസ് (National Labour Conference) എന്ന പേരിൽ രണ്ട് ദിവസത്തെ ദേശീയ സെമിനാർ സംഘടിപ്പിച്ചു. 2026 ജനുവരി 06, 07 തീയതികളിൽ കുസാറ്റ് ക്യാമ്പസിലെ മൂന്ന് വേദികളിലായാണ് സെമിനാർ സംഘടിപ്പിച്ചത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റും (കിലെ), കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) അപ്ലൈഡ് ഇക്കണോമിക്സ് വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച സെമിനാർ കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷ്റി ഉദ്ഘാടനം ചെയ്തു. സെമിനാറിൽ അക്കാദമിക് വിദഗ്ധരും, നയരൂപീകരണ വിദഗ്ധരും, തൊഴിലാളി സംഘടന നേതാക്കളും, വിദ്യാർത്ഥികളും തൊഴിലാളികളും ഉൾപ്പെടെ 120 പേർ പങ്കെടുത്തു.

സാങ്കേതിക പുരോഗതി, മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ ഘടനകൾ, ആഗോള സാമ്പത്തിക പ്രവണതകൾ എന്നിവ കാരണം കേരളത്തിന്റെ തൊഴിൽ മേഖല ഇന്ന് വലിയ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. തനതായ സാമൂഹിക-സാമ്പത്തിക പശ്ചാത്തലമുള്ള കേരളം തൊഴിൽ വിപണിയിൽ സവിശേഷമായ വെല്ലുവിളികൾ നേരിടുന്നുണ്ട്. വിദ്യാസമ്പന്നരായ യുവാക്കളുടെ തൊഴിലില്ലായ്മ, വൻതോതിലുള്ള വിദേശ കുടിയേറ്റം, പരമ്പരാഗത മേഖലകളുടെ തളർച്ച, കൂടാതെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഓട്ടോമേഷൻ എന്നിവയുടെ ദ്രുതഗതിയിലുള്ള വളർച്ചമൂലമുണ്ടായ തൊഴിൽ നഷ്ടം മുതലായവ തൊഴിൽ മേഖലയെക്കുറിച്ചുള്ള ആശങ്കകൾ വർദ്ധിച്ചിട്ടുണ്ട്.

കേരളത്തിലെ തൊഴിൽ വിപണിയിലെ പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും, പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമായി പ്രായോഗികമായ ആശയങ്ങൾ വികസിപ്പിക്കുക എന്നതിനാണ് ലേബർ കോൺഫറൻസിൽ ഊന്നൽ നൽകിയത്. കേരളത്തിലെ തൊഴിലാളികളുടെയും തൊഴിൽമേഖലയുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സ്വയംഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ). തൊഴിലാളികളുടെ ഉന്നമനവും ജീവിത സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലും ലക്ഷ്യം വച്ചുകൊണ്ടാണ് കിലെ വിവിധ പരിശീലന പരിപാടികളും പ്രസിദ്ധീകരണങ്ങളും ഗവേഷണ പഠനങ്ങളും നടത്തിവരുന്നത്.



# ദീർഘദർശനത്തോടെയുള്ള പ്രവർത്തനങ്ങളുമായി കിലെ അക്കാദമിക വിഭാഗം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (കിലെ) കാതലായ പ്രവർത്തനങ്ങൾ അക്കാദമിക് വിഭാഗമാണ് നിർവഹിക്കുന്നത്. കിലെയ്ക്ക് സുസ്ഥാപിതമായ ഒരു ഗവേഷണവിഭാഗമാണുള്ളത്. നിരന്തര ഗവേഷണങ്ങളുടെ കരുത്തിൽ മുന്നോട്ടുപോകുന്ന ഈ വിഭാഗം തിരഞ്ഞെടുത്ത ഗവേഷണ വിഷയങ്ങളിൽ പ്രായോഗികമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി തൊഴിൽ മേഖലയിലും അനുബന്ധ വിഷയങ്ങളിലും ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഏറ്റെടുക്കുന്നു. സാങ്കേതിക വിദഗ്ധർ ഉൾപ്പെടുന്ന ഒരു കോർ കമ്മിറ്റി ശരിയായ മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും വിലയിരുത്തലുകളിലൂടെയും ഗവേഷണത്തിന്റെ ഓരോ ഘട്ടത്തിലും ഇടപെടുന്നു. തൊഴിലും തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ടും അനുബന്ധ വിഷയങ്ങളിലുള്ള 2500-ലധികം പുസ്തകങ്ങൾ ഉള്ള സുസജ്ജമായ ലൈബ്രറി കിലെയുടെ അക്കാദമിക് വിഭാഗത്തിന്റെ ഹൈലൈറ്റുകളിലൊന്നാണ്. കിലെ അക്കാദമിക് ഡിവിഷന്റെ ഭാഗമായി കിലെ ഐഎഎസ് അക്കാദമി, ഇന്റേൺഷിപ്പുകൾ, വിവിധ ഹ്രസ്വകാല കോഴ്സുകൾ എന്നിവ കാര്യക്ഷമമായി നടന്നുവരുന്നു.

**1) കിലെ ഐഎഎസ് അക്കാദമി**

കേരളത്തിലെ തൊഴിലാളികളുടെ ആശ്രിതരിൽ നിന്ന് ഊർജ്ജസ്വലതയും കാര്യക്ഷമതയും തികഞ്ഞ പ്രൊഫഷണലിസവുമുള്ള സിവിൽ സർവീസ്

ഉദ്യോഗസ്ഥരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ കിലെയുടെ മറ്റൊരു നൂതന സംരംഭമാണ് കിലെ ഐഎഎസ് അക്കാദമി. കേരളത്തിലെ സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഫീസിളവോടെ കിലെ ഐഎഎസ് അക്കാദമിയിൽ പ്രവേശനം നേടാം. തൊഴിലാളികളുടെ മക്കളായ ഗുണഭോക്താക്കൾക്കാണ് പ്രഥമ മുൻഗണന, ബാക്കി സീറ്റുകൾ ഇതര വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി വരുന്നു. വിദ്യാർത്ഥികൾക്ക് കൃത്യമായ പരിശീലനം നൽകുന്നതിലൂടെ അവർക്ക് ഉന്നതനിലവാരമുള്ള ലോകത്തിലെ ഏറ്റവും കഠിനമായ പരീക്ഷകളിലൊന്നായ സിവിൽ സർവീസ് പരീക്ഷയിൽ യോഗ്യത നേടാനും, തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും സാധ്യമാകുന്നു. ശീതീകരിച്ച ക്ലാസ്സ് മുറികളും ലൈബ്രറിയും വൈ-ഫൈ കണക്ടിവിറ്റി ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങൾ എന്നിങ്ങനെ കിലെ ഐ.എ.എസ് അക്കാദമി സുസജ്ജമാണ്. സിവിൽ സർവീസ് എന്ന അഭിമാനമേഖലയിലേക്ക് പ്രവേശിക്കുക എന്ന തങ്ങളുടെ ജീവിതാഭിലാഷം നേടിയെടുക്കുന്നതിന് കിലെ സിവിൽ സർവീസ് അക്കാദമി വിദ്യാർത്ഥികൾക്കു മുന്നിൽ സാധ്യതയുടെ വാതായനങ്ങൾ തുറന്നിടുന്നു.

**ജനറൽ ആന്റ് ഡിജിറ്റലൈസ്ഡ് ലൈബ്രറി**

തീവ്രമായ പഠനവും ലക്ഷ്യബോധത്തോടെയുള്ള വായനയും വിജയത്തിന്റെ രണ്ട് പ്രധാന ഘടകങ്ങളാണ്. മികച്ച ഒരു ലൈബ്രറി എന്നത് എല്ലാ അക്കാദമിക് കേന്ദ്രങ്ങളുടേയും നട്ടെല്ലാണ്. ഒരു മികച്ച ലൈബ്രറി ഇല്ലാതെ ഒരു അക്കാദമിക് കോഴ്സും പൂർണമായും ഫലപ്രദമായും നടത്താനാകില്ല. ഡിജിറ്റൽ ലൈബ്രറി പോലുള്ള സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്. കോഴ്സിന്റെ പ്രസക്തമായ എല്ലാ മേഖലകളേയും ഉൾക്കൊള്ളുന്ന 2500ലധികം പുസ്തകങ്ങളുള്ള ഒരു ലൈബ്രറി കിലെ ഐ.എ.എസ് അക്കാദമിയിൽ സജ്ജീകരിച്ചിരിക്കുന്നു. ജേണലുകൾ, ഡിജിറ്റലൈസ്ഡ് ആനുകാലികങ്ങൾ, പത്രങ്ങൾ എന്നിവയും ലൈബ്രറിയിൽ വിദ്യാർത്ഥികൾക്കായി ലഭ്യമാക്കുന്നു.

**മാർഗദർശികൾ**

സിവിൽ സർവീസ് പരീക്ഷയുടെ സങ്കീർണമായ കടമ്പകളുമായി സുപരിചിതരായ അതിപ്രശസ്തരായ ഫാക്കൽറ്റികളാണ് അക്കാദമിക്കുള്ളത്. സിവിൽ സർവീസ് പരീക്ഷയെ നേരിടാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി അറിവിനും, അഭിരുചിക്കും അനുസൃതമായ നൂതന അക്കാദമിക് മൊഡ്യൂൾ കിലെ ഐ.എ.എസ് അക്കാദമിയുടെ സവിശേഷതയാണ്. അധ്യാപനത്തിന്റെ പരിവർത്തന ശക്തിയിലും, അപരിമിതമായ വിജ്ഞാനശാസ്ത്ര മേഖലയിലേക്ക് പ്രവേശിക്കാനുള്ള അതിന്റെ കഴിവിലും കിലെ അക്കാദമിക് വിഭാഗം പൂർണമായും വിശ്വസിക്കുന്നു. ഈ വിശ്വാസത്തിലൂന്നിയാണ് പ്രവർത്തനം. അക്കാദമിക് കോ ഓർഡിനേറ്ററും ഫാക്കൽറ്റികളും ഉൾപ്പെടുന്ന ഒരു അക്കാദമിക് സെക്ഷൻ കമ്മിറ്റിയാണ് പഠന വിഷയങ്ങൾ, ടൈംടേബിൾ മുതലായവയിൽ തീരുമാനങ്ങളെടുക്കുന്നത്. ആശയവിനിമയം ലളിതമാക്കുന്നതിനും ധാരണാശേഷി വർദ്ധിപ്പിക്കുന്നതിനും അധ്യയന അനുഭവം ഉയർത്തുന്നതിനും ഉദ്യോഗാർത്ഥികളെ പ്രചോദിപ്പിക്കുന്നതിനും പര്യാപ്തമായ ഒരു മെന്ററിംഗ് സ്ഥാപനമാണ് കിലെ അക്കാദമിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

## അക്കാദമിക് പ്രോഗ്രാമുകൾ

**ജനറൽ സ്റ്റഡീസ് പ്രിലിംസ് കം മെയിൻസ് (PCM)**

പ്രാഥമിക ഘട്ടമാണിത്. ഉദ്യോഗാർത്ഥിയിൽ ഒരു ഉറച്ച വിജ്ഞാന അടിത്തറ കെട്ടിപ്പടുക്കുന്നതിനാണ് ഈ ഘട്ടത്തിൽ അക്കാദമി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മുഴുവൻ സിലബസും ഉൾക്കൊള്ളുന്നുണ്ടെന്നും പ്രിലിമിനറി, മെയിൻസ് ചോദ്യങ്ങളെ ആത്മവിശ്വാസത്തോടെ നേരിടുന്നതിന് വിദ്യാർത്ഥികൾക്ക് കഴിയുമെന്നും ഈ ഘട്ടത്തിൽ ഉറപ്പാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഏറ്റവും



കൃത്യതയാർന്ന വിശദീകരണങ്ങൾ നൽകുന്നു എന്നത് ഈ പ്രോഗ്രാമിന്റെ മുഖമുദ്രയാണ്. വ്യക്തിഗത ഗ്രൂമിംഗ് പ്രോഗ്രാമിലൂടെ ഓരോ ഉദ്യോഗാർത്ഥിക്കും വ്യക്തിഗത ശ്രദ്ധ നൽകുന്നു. മെയിൻ പരീക്ഷയിൽ മികച്ച പ്രകടനം ലക്ഷ്യമിട്ട് എഴുത്തിന്റെ വേഗതയും കൃത്യതയും വർധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നു എന്നതാണ് ഈ പ്രോഗ്രാമിന്റെ മറ്റൊരു ഹൈലൈറ്റ്.

**സിസാറ്റ് –പേപ്പർ രണ്ട് CAST-2**

പേപ്പർ 1-ൽ നിന്ന് രണ്ടാം പേപ്പർ തികച്ചും വ്യത്യസ്തമാണ്. ഇവിടെ കുട്ടികളെ ആഴത്തിൽ വിലയിരുത്തുന്നു. ചോദ്യങ്ങളുടെ യഥാർത്ഥ എണ്ണം എല്ലാവർഷവും ഒന്നുതന്നെയാണ്. അതിൻപ്രകാരം പ്രത്യേകമായി രൂപകൽപ്പന ചെയ്ത പ്രോഗ്രാമാണ് കിലെ ഐഎഎസ് അക്കാദമിയിലേത്. ഇത് ഉദ്യോഗാർത്ഥികളുടെ ആവശ്യകതകൾക്ക് പര്യാപ്തമാകുമെന്ന് അക്കാദമിക്ക് ഉറപ്പുണ്ട്. പ്രധാന സെഷനുകൾക്കൊപ്പം സെമിനാറുകൾ, സംവാദങ്ങൾ, ചർച്ചകൾ എന്നിവയും കൃത്യമായ ഇടവേളകളിൽ നടത്തുന്നു.

**പ്രിലിമിനറി/മെയിൻ ടെസ്റ്റ് സീരീസ്**

സിവിൽ സർവീസ് തയാറെടുപ്പിൽ പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്ന ഒന്നാണ് വേഗത്തിലുള്ള പ്രതികരണം. തുടർച്ചയായ ടെസ്റ്റ് പരമ്പരകളിലൂടെ ഇത് സ്വായത്തമാക്കാനാകും. പരീക്ഷ നിഷ്കർഷിക്കുന്ന സമയപരിധി കണക്കിലെടുത്താണ് പരിശീലനം നൽകുന്നത്. പ്രിലിമിനറി/മെയിൻ പരീക്ഷകളുടെ മാതൃകയിൽ പരീക്ഷയിൽ എന്താണ് പ്രതീക്ഷിക്കേണ്ടതെന്ന് വിദ്യാർത്ഥികൾക്ക് മികച്ച ധാരണ നൽകുന്ന രീതിയിലാണ് സമഗ്രമായ ടെസ്റ്റ് സീരീസ് രൂപകൽപന ചെയ്തിരിക്കുന്നത്. പരീക്ഷ തയ്യാറെടുപ്പുകളിലെ വിടവ് നികത്താനും നിശ്ചിത സമയ പരിധിക്കുള്ളിൽ ഉത്തരങ്ങൾ പൂർത്തിയാക്കാൻ അവരെ പ്രാപ്തരാക്കാനും ഇത് സഹായിക്കും. വിദ്യാർത്ഥിയുടെ പുരോഗതിയുടെ വസ്തുനിഷ്ഠമായ വിവരങ്ങൾ ഈ ടെസ്റ്റ് സീരീസിലൂടെ ലഭിക്കുകയും കോഴ്സിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ആയത് പ്രദാനം ചെയ്യുന്നതിനും ഇതിലൂടെ കഴിയുന്നു.

**മോക്ക് ടെസ്റ്റും ഇന്റർവ്യൂവും**

ആനുകാലിക പരീക്ഷകൾക്കൊപ്പം, യു.പി.എസ്.സി മോഡൽ മോക്ക് ടെസ്റ്റുകളും അഭിമുഖങ്ങളും ഉദ്യോഗാർത്ഥികളെ അവരുടെ ലക്ഷ്യങ്ങളിലേക്ക് അടുപ്പിക്കുന്നു. ഇത് കണക്കിലെടുത്ത് എല്ലാ യു.പി.എസ്.സി മാനദണ്ഡങ്ങളും പാലിച്ച് കൃത്യമായ ഇടവേളകളിൽ മോക്ക് ടെസ്റ്റും ഇന്റർവ്യൂവും അക്കാദമി നടത്തും. ഐ.എ.എസ്കാരെ ഉപയോഗിച്ച് മോട്ടിവേഷൻ സ്പീച്ച് നടത്തുകയും ചെയ്യുന്നു.

ധാർമികതയും പ്രതിബദ്ധതയും ആത്മാർത്ഥതയുമുള്ള സേവനമാണ് കിലെ സിവിൽ സർവീസ് അക്കാദമി ലക്ഷ്യമിടുന്നത്.

**2. ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ**

തൊഴിലും തൊഴിൽമേഖലയുമായി ബന്ധപ്പെട്ടും മറ്റ് പൊതു സാമൂഹിക വിഭാഗങ്ങളിലും വിവിധ വിഷയങ്ങളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ കിലെ അക്കാദമി ലഭ്യമാക്കുന്നു. രണ്ടാഴ്ച മുതൽ ഒരു മാസം വരെ കാലയളവിലുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ ഉണ്ട്. ഇന്റേൺഷിപ്പ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും നൽകുന്നു.

**3) കോഴ്സുകൾ**

സർട്ടഫിക്കേഷൻ പ്രോഗ്രാം ഇൻ ലേബർ ലോ ആൻഡ് മാനേജ്മെന്റ് (സിപിഎൽഎം) എക്സിക്യൂട്ടീവ് സർട്ടഫിക്കേഷൻ പ്രോഗ്രാം ഇൻ ലേബർ ആൻഡ് ലോ(ഇസിപിഎൽ) എന്നിങ്ങനെ രണ്ട് ഓൺലൈൻ ഹ്രസ്വകാല കോ





ഴ്സുകളും കിലെ അക്കാദമി നടത്തി വരുന്നു.

**എ) സർട്ടഫിക്കേഷൻ പ്രോഗ്രാം ഇൻ ലേബർ ലോ ആൻഡ് മാനേജ്മെന്റ് (സിപിഎൽഎം)**

ഓൺലൈൻ കോഴ്സാണിത്. ആഴ്ചയിൽ രണ്ടു ദിവസം വീതം 36 മണിക്കൂറാണ് കോഴ്സ് ദൈർഘ്യം. തൊഴിൽ നിയമങ്ങളെക്കുറിച്ചും ഒപ്പം തൊഴിൽ ബന്ധങ്ങൾ, സാമൂഹിക നയങ്ങൾ, അനുബന്ധ മേഖലകൾ എന്നിവയെക്കുറിച്ചുമുള്ള പഠനമാണ് ഈ കോഴ്സിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. മികച്ച മാനേജ്മെന്റ് രീതികൾക്കായി സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ് സെഷനുകളും ഈ കോഴ്സിൽ സംയോജിപ്പിച്ചിരിക്കുന്നു. വർത്തമാനകാല വിപണി വളരെ മത്സരാധിഷ്ഠിതമാണ്, ഇത് പ്രൊഫഷണലുകളുടെ നിലനിൽപ്പിനെ ശ്രമകരമാക്കി മാറ്റിയിരിക്കുന്നു. ഏത് തരത്തിലുള്ള സ്ഥാപനത്തിലെയും തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ സജ്ജരാക്കുന്നതിനായി ഈ കോഴ്സ് കാലാനുസൃതമായി പരിഷ്കരിച്ചിരിക്കുന്നു.

**ലക്ഷ്യം**

പുതിയ തൊഴിൽ നിയമങ്ങളെക്കുറിച്ച് വ്യക്തമായ അറിവ് നൽകുക.

സർക്കാർ, തൊഴിലുടമകൾ, ജീവനക്കാർ എന്നിവർക്കിടയിൽ നല്ലതും ആരോഗ്യകരവുമായ ത്രികക്ഷി ബന്ധം നിലനിർത്തുക.

ജോലി അന്തരീക്ഷത്തിലെ സമ്മർദ്ദവും പരാതികളും കുറയ്ക്കുക.

ബന്ധപ്പെട്ട പദവികൾ തേടുന്ന ഉദ്യോഗാർത്ഥികൾക്കുള്ള സർട്ടിഫിക്കേഷൻ പ്രോഗ്രാം

**ബി) എക്സിക്യൂട്ടീവ് സർട്ടഫിക്കേഷൻ പ്രോഗ്രാം ഇൻ ലേബർ ആൻഡ് ലോ(ഇസിപിഎൽ)**

നാല് ലേബർ കോഡുകളുടെയും വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഹ്രസ്വകാല കോഴ്സാണ് ECPL. ഒരു മാസം അഥവാ 30 മണിക്കൂറാണ് കോഴ്സ് ദൈർഘ്യം. 20 സെഷനുകളാണ് ഉണ്ടാവുക.വേതന കോഡ് 2019,ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2020, സാമൂഹിക സുരക്ഷാ കോഡ് 2020, തൊഴിൽ സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യം കോഡ് 2020 എന്നിവയാണ് നാല് ലേബർ കോഡുകൾ.ഈ കോഴ്സ് പൂർത്തിയാക്കുന്ന ഒരാൾക്ക് തൊഴിൽ നിയമങ്ങൾ, വ്യാവസായിക -തൊഴിൽ നിയമങ്ങൾ എന്നിവയിൽ വിപുലമായ അറിവും വൈദഗ്ധ്യവും നേടാൻ കഴിയും. മാത്രമല്ല വ്യവസായത്തിലെ അച്ചടക്ക നടപടികൾ (സംരക്ഷണവും ആനുകൂല്യങ്ങളും) മനസ്സിലാക്കാനും ലേബർ കോംപ്ലിയൻസുമായി ബന്ധപ്പെട്ടുണ്ടാകുന്ന നയപരവും നിയമപരവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മികച്ച കഴിവ് നേടാനും കഴിയും. കൂടാതെ ഇൻഡസ്ട്രിയൽ റിലേഷൻസുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലും നിർവ്വഹണത്തിലും കൂടുതൽ വൈദഗ്ധ്യവും ആത്മവിശ്വാസവും നേടാനാകും.

നിലവിലുള്ളതും വരാനിരിക്കുന്നതുമായ നിയമങ്ങളിലെ സമകാലിക വീക്ഷണങ്ങളെക്കുറിച്ച് കൃത്യമായ ധാരണ നേടാനും ഈ കോഴ്സ് പൂർത്തിയാക്കുന്നതിലൂടെ സാധ്യമാകും.

# ഡിജിറ്റൽ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് കിലെ

കിലെയുടെ ഗവേഷണവിഭാഗം സമൂഹത്തിലെ മാറ്റങ്ങളെക്കുറിച്ച് പ്രത്യേകിച്ചും തൊഴിൽ, സാമൂഹിക മാറ്റങ്ങളെ കുറിച്ച് സദാ ജാഗരൂകമാണ്. പുതിയ തൊഴിലുകൾ, അത്തരം സംബന്ധിയായ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് നിരന്തരം പഠനനിരീക്ഷണങ്ങൾ നടത്തുകയും അതിലൂടെ അവയ്ക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ലോകമെമ്പാടും നിലവിൽ തൊഴിൽരംഗം മാറിക്കഴിഞ്ഞു. ഒരു സ്ഥാപനത്തിൽ ഔപചാരികമായ സ്ഥിരം ജോലി എന്നതിൽ നിന്ന് തങ്ങളുടെ സമയത്തിനനുസരിച്ച് ഏറ്റെടുക്കുന്ന ഓൺ-ഡിമാൻഡ് ജോലികളുടെ കാലമാണിത്. അതായത് തൊഴിലും ഡിജിറ്റലായി എന്നുസാരം. സ്വതന്ത്രമോ താത്കാലികമോ ആയതും തികച്ചും അനൗപചാരികമായോ അതല്ലെങ്കിൽ ആവശ്യം അനുസരിച്ചോ ചെയ്യുന്ന തൊഴിലുകളെയാണ് ഗിഗ് എന്നുവിളിക്കുന്നത്. (A job, especially one that is temporary or freelance and performed on an informal or on-demand basis is called gig). നിർമിതബുദ്ധിക്കാലം സാധാരണയായി ചെയ്തുവരുന്ന തൊഴിലുകളിൽ നിന്നുള്ള മാറ്റങ്ങളുടെ കൂടി കാലമാണ്. ഡിജിറ്റലിൽ നിന്നും എഐയിലേക്ക് മാറുമ്പോൾ തൊഴിൽരംഗം ഇനിയും മാറും. എന്തായാലും കേരളത്തിൽ ഗിഗ്,





പ്ലാറ്റ്ഫോം തൊഴിലാളികൾ ഏറിയ തോടെ അവരുടെ തൊഴിൽ ജീവിതവെ ല്ലുവിളികളെക്കുറിച്ച് കിലെ നടത്തിയ പഠനം തികച്ചും മൂല്യവത്താണ്.

ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഈ കാല ഘട്ടിലെ പുതിയ തൊഴിൽമേഖലയായി വളർന്നുകഴിഞ്ഞു. ഇന്റർനെറ്റ് കണക്ട് ചെയ്ത സ്മാർട്ട്ഫോണുകളും വാഹ നങ്ങളും ഉള്ള ഏതൊരു വ്യക്തിക്കും പ്ലാറ്റ്ഫോം തൊഴിലാളിയാകാൻ കഴിയും. കേരളത്തിലെ ഈ വളർന്നുവരുന്ന തൊ ഴിൽകമ്പോള സാധ്യതയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE) കേരളത്തിലെ പ്ലാറ്റ്ഫോം തൊ ഴിലാളികളുടെ തൊഴിൽ ജീവിതവും വെല്ലുവിളികളുംഎന്ന വിഷയത്തിലാണ് ഗവേഷണപഠനം നടത്തിയത്. ആപ്പ് അധിഷ്ഠിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നയപരമായ ശുപാർശകൾ നൽകുക എന്നതാണ് പഠനത്തിന്റെ ലക്ഷ്യങ്ങ ളിലൊന്ന്. പ്രാഥമിക സർവേയിലൂടെ ശേഖരിച്ച വിവിധ വിവരങ്ങൾ വിശകല നംചെയ്തുകൊണ്ട്, പഠനത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന ശുപാർശകൾ വിഷയങ്ങളെ അടിസ്ഥാനമാക്കി അവത രിപ്പിക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ പ്ലാറ്റ്ഫോം തൊഴിലാളികളെ ഉൾക്കൊള്ളുന്ന വിഭാഗങ്ങൾ എന്ന നില യിൽ, ഫുഡ് ഡെലിവറിയിലും ട്രാൻ സ്പോർട്ടിലും ഏർപ്പെട്ടിരിക്കുന്ന രണ്ട് വിഭാഗം ലൊക്കേഷൻ അധിഷ്ഠിത പ്ലാറ്റ് ഫോം തൊഴിലാളികളിലാണ് ഈ പഠനം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. എന്നിരുന്നാലും ഇവർക്കു പുറമേ, പ്ലാറ്റ് ഫോം ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഇ-കൊമേഴ്സ് ഡെലിവറി, ഗ്രോസറി ഡെലിവറി, ഇ-ഹോം സേവനങ്ങൾ തുടങ്ങിയ മറ്റ് ലൊക്കേഷൻ അധിഷ്ഠിത പ്ലാറ്റ്ഫോം തൊഴിലാളികളുടെ പ്രശ്ന ങ്ങളും പഠനം രേഖപ്പെടുത്തി.

**ലക്ഷ്യങ്ങൾ (Objectives)**

ആപ്പ് അധിഷ്ഠിത ഫുഡ് ഡെലിവറി, ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ജോ ലിയെയും തൊഴിൽസാഹചര്യങ്ങളെയും കുറിച്ച് മനസ്സിലാക്കുക എന്നതാണ് പഠനത്തിന്റെ മുഖ്യലക്ഷ്യം. അതോ ടൊപ്പം അവരുടെ ക്ഷേമത്തിനായി നയങ്ങളും പദ്ധതികളും രൂപീകരിക്കു ന്നതിനുള്ള നിർദ്ദേശങ്ങളും പഠനം മുന്നോട്ട് വയ്ക്കുന്നു.

**പഠനത്തിന്റെ പ്രത്യേകലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു:**

(i) ആപ്പ് അധിഷ്ഠിത ഫുഡ് ഡെലിവറി, ട്രാൻസ്പോർട്ട് തൊഴിലാളികൾ ആരാ ണെന്ന് (ജനസംഖ്യാപരവും സാമൂഹിക വുമായ സവിശേഷതകൾ, വിദ്യാഭ്യാസം മുതലായവ) മനസ്സിലാക്കുകയും പ്ലാറ്റ് ഫോം ജോലിയിൽ (ഫുഡ് ഡെലിവറി, ട്രാൻസ്പോർട്ട്) ഏർപ്പെടാൻ അവരെ പ്രേരിപ്പിക്കുന്നത് എന്താണെന്ന് കണ്ടെ ത്തുകയും ചെയ്യുക

(ii) ആപ്പ് അധിഷ്ഠിത ഫുഡ് ഡെലിവറി, ട്രാൻസ്പോർട്ട ് തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും തൊഴിൽ ബന്ധങ്ങളും പരിശോധിക്കുക.

(iii) അഗ്രഗേറ്റർമാർ, റെസ്റ്റോറന്റുകൾ, ഉപഭോക്താക്കൾ എന്നിവരുമായുള്ള തൊഴിലാളികളുടെ പരാതികൾ എന്താ ണെന്ന് മനസ്സിലാക്കുക? പരിഹാര സംവിധാനങ്ങൾ എന്തൊക്കെയാണ്? നിലവിലുള്ള ക്രമീകരണങ്ങൾ തൊഴി ലാളികൾക്ക് എത്രത്തോളം സൗഹൃ ദപരമാണ്?

(iv) ഇ-കൊമേഴ്സ് ഡെലിവറികൾ, ഗ്രോസറി ഡെലിവറികൾ, ഗ്രൂമിംഗ്, ക്ലീനിംഗ്, റിപ്പയറിംഗ്, പാചകം തുടങ്ങിയ ഹോം അധിഷ്ഠിത സേവനങ്ങൾ പോലുള്ള മറ്റ് ആപ്പ് അധിഷ്ഠിത ജോലികളിലെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് ഒരു ധാരണ വികസിപ്പിക്കുക.

(v) ആപ്പ് അധിഷ്ഠിതതൊഴിലാ ളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നയപരമായ ശുപാർശകൾ നൽകുക.




# ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾക്കായി
# കിലെയുടെ സിംപോസിയം

കേരളത്തിലെ ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ സാധ്യതകൾ, വെല്ലുവിളികൾ, തൊഴിൽ ജീവിതം എന്നിവയെക്കുറിച്ചുള്ള സിംപോസിയം (Symposium on Prospects, Challenges and Work life of Gig and Platform Workers in Kerala) 2022 ഒക്ടോബർ 29ന് തിരുവനന്തപുരം ഹോട്ടൽ അപ്പോളോ ഡിമോറയിൽ നടന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE) സംഘടിപ്പിച്ച സിംപോസിയത്തിന്റെ ലക്ഷ്യം ഈ വിഷയത്തിൽ വ്യക്തികളുമായും വിദഗ്ധരുമായും ഒരു കൂടിക്കാഴ്ച സംഘടിപ്പിക്കുകയും അവരുടെ കാഴ്ചപ്പാടുകളും ചിന്തകളും ആശയങ്ങളും വിശദീകരിക്കുകയും പങ്കുവെക്കുകയും ചെയ്യുക എന്നതായിരുന്നു. കേരളത്തിൽ ഭക്ഷണവിതരണം, ഗതാഗതമേഖലകളിലാണ് ഡിജിറ്റൽ പ്ലാറ്റ്ഫോം തൊഴിലുകൾ ആരംഭം കുറിച്ചതെങ്കിലും നിലവിൽ ക്ലീനിംഗ്, വീട്ടുജോലി, പ്ലംബിങ്, ഇലക്ട്രീഷ്യൻ, തെങ്ങുകയറ്റം, കാട് വൃത്തിയാക്കൽ തുടങ്ങി നിരവധി മേഖലകളിലേക്ക് സാധ്യതകൾ വ്യാപിച്ചിരിക്കുന്നു. കസ്റ്റമറുടെ ഓർഡറെടുത്ത് നിശ്ചിത സമയത്ത് പോയി ജോലി ചെയ്തു പറഞ്ഞുറപ്പിച്ച കൂലി വാങ്ങി മടങ്ങുക എന്നതാണ് രീതി. അതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാകുന്നു. തൊഴിലാളിയും തൊഴിലുടമയും തമ്മിൽ സംസാരിച്ച് കാര്യങ്ങൾ ഉറപ്പിക്കുകയാണ്. പണ്ട് തൂമ്പാപ്പണിക്കും മറ്റും തങ്ങളുടെ പരിസരത്തുള്ള ആളെയാണ് വിളിച്ചിരുന്നതെങ്കിൽ ഇന്ന് അങ്ങനെയല്ല. പരിസരത്ത് ആളുകൾ ലഭ്യമല്ലാത്തതോ, തൊഴിൽ-വേതന കാര്യങ്ങളിലെ അഭിപ്രായ വ്യത്യാസമോ ഒക്കെ പ്ലാറ്റ്ഫോം തൊഴിലാളികളിലേക്ക് കാര്യങ്ങൾ എത്തിക്കുന്നു. തൊഴിലാളിയുടെയോ തൊഴിലുടമയുടെയോ സ്വഭാവം ജീവിതപരിസരം എന്നിവ പരസ്പരം അറിയുന്നില്ല എന്ന ന്യൂനതയുണ്ട്.



# ആഗോളവത്ക്കരണവും ഗോത്രവിഭാഗങ്ങളും

**കേരളത്തിലെ കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ സാമൂഹിക-സാമ്പത്തിക-തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് കിലെയുടെ ഗവേഷണം**

പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നവരാണ് ഗോത്രവർഗ്ഗക്കാർ. കേരളം എണ്ണമറ്റ ഗോത്രവിഭാഗങ്ങളാൽ സമ്പന്നമാണ്. ഇന്ന് മിക്ക ഗോത്രവിഭാഗങ്ങളും കാടിറങ്ങിയെങ്കിലും തനിമ ചോരാതെ സംരക്ഷിച്ചുപിടിക്കാൻ ശ്രമിക്കുന്നവരുമുണ്ട്. ഇത്തരത്തിലുള്ള ആദിവാസി ഗോത്രവിഭാഗങ്ങളാണ് കൊറഗർ, മലവേട്ടുവൻ സമുദായങ്ങൾ. നിലവിൽ വികസനത്തിൽ ഈ വിഭാഗങ്ങൾ വളരെ പിന്നിലാണ്. തനതു സാംസ്ക്കാരികപാരമ്പര്യമുള്ള





വരും ആ തനിമ കാത്തുസൂക്ഷിക്കാൻ ഇഷ്ടപ്പെടുന്നവരാണിവർ.

ആഗോളവത്ക്കരണവും കോളനിവത്ക്കരണത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞ വിദ്യാഭ്യാസ-തൊഴിൽ സമ്പ്രദായങ്ങളും അവരുടെ തൊഴിലിലും ജീവിതരീതികളിലും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.ശാസ്ത്ര-സാങ്കേതികവിദ്യകളുടെ വികസനഫലമായി ആദിവാസികളുടെ തൊഴിൽ മേഖലയിലും തൊഴിൽ കാഴ്ചപ്പാടുകളിലും സമൂലമായമാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്.ആദിവാസികൾ പലരും പരമ്പരാഗതതൊഴിലുകൾ ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലകൾ തേടുവാൻ നിർബന്ധിതരാകുന്നു. മാറുന്നതൊഴിൽ സാഹചര്യങ്ങളും ജീവിതചര്യകളും ഗോത്രവിഭാഗങ്ങളുടെ ഉപജീവനത്തിനെ എങ്ങനെ ബാധിക്കുന്നു, മാറുന്നതൊഴിൽ സാഹചര്യങ്ങളോട് ആദിവാസികൾ എപ്രകാരം പ്രതികരിക്കുന്നു, ആദിവാസികൾക്കു വേണ്ടി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളും പരിപാടികളും അവർക്ക് എത്രത്തോളം ഗുണകരമാകുന്നു. വികസനപ്രവർത്തനങ്ങൾ അവരിലേക്ക് എത്രത്തോളം എത്തുന്നു തുടങ്ങിയവ സംസ്ഥാനത്തിന്റെ വികസനആസൂത്രണങ്ങളിലും നിർവ്വഹണങ്ങളിലും വളരെ പ്രസക്തമാണ്. അതിനാൽ, ഓരോ ഗോത്രവിഭാഗങ്ങളുടേയും കാലികമായ തൊഴിൽ ജീവിതസാഹചര്യങ്ങളെക്കുറിച്ച് അറിയേണ്ടത് വികസനആസൂത്രണത്തിൽ അനിവാര്യമാണ്. ഈ സാഹചര്യത്തിലാണ് വികസനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കൊറഗർ, മലവേട്ടുവൻ സമുദായങ്ങളെ കുറിച്ച് കിലെ ഗവേഷണം നടത്തുന്നത്.



ഈ ഗവേഷണപഠനത്തിന് പ്രധാനമായും രണ്ട് ലക്ഷ്യങ്ങളാണുള്ളത്. ആദ്യത്തേത് കൊറഗർ, മലവേട്ടുവൻ വിഭാഗങ്ങളുടെ തൊഴിൽ ജീവിതസാഹചര്യങ്ങൾ മാനവവികസനത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുക എന്നതാണ്. ഈ വിഭാഗങ്ങളുടെ തൊഴിൽ ജീവിതസാഹചര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുക എന്നതാണ് രണ്ടാമത്തേത്.




# തൊഴിലിടങ്ങളിലെ പരസ്പര സഹകരണം

തൊഴിലിടങ്ങളിൽ തൊഴിലാളി-മുതലാളി സംഘർഷങ്ങൾക്ക് പ്രധാനകാരണം സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള ധാരണക്കുറവ് തന്നെയാണ്. തൊഴിലുടമയാണ് ശരി (Boss is always right) എന്നത് നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ അന്താരാഷ്ട്രതലത്തിൽ നീക്കം ചെയ്യപ്പെട്ട ഒന്നാണെങ്കിലും ഇന്നും അത് പ്രായോഗികമായി നിലനിൽക്കുന്നു എന്നതാണ് സത്യം. പ്രതികരിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്ന തൊഴിലാളിയെ അഥവാ കീഴ് ഉദ്യോഗസ്ഥനെ കണ്ണിലെ കരടായി കാണുന്ന രീതി ഇന്നും പുലർന്നുപോരുന്നു. പ്രതികാര മനോഭാവത്തോടെ പെരുമാറുക, ജോലിയിൽ നിന്ന് പുറത്താക്കുക എന്നിവയും സാധാരണമാണ്. തൊഴിലാളി തന്റെ അടിമയല്ല തന്റെ സ്ഥാപനത്തിന്റെ വളർച്ചയ്ക്കായി വിയർപ്പൊഴുക്കുന്നവനാണെന്ന ബോധ്യമാണ് തൊഴിലുടമയ്ക്ക് ഇഥംപ്രഥമമായി വേണ്ടത്. അധ്വാനത്തിന് പ്രതിഫലം പറ്റുന്നതുകൊണ്ട് അയാൾ തന്റെ എല്ലാത്തരം അവഹേളനങ്ങളും തൊഴിൽപീഡനവും മൗനമായി സഹിക്കണം എന്നത് മാറിയ തൊഴിൽസാഹചര്യങ്ങളെയും ലോകക്രമത്തെയും കുറിച്ച് അജ്ഞരായ തൊഴിലുടകളുടെ മിഥ്യാധാരണയാണ്. അതുപോലെ അവകാശങ്ങളെ കുറിച്ച് ബോധ്യമുള്ള, സംഘടനാശക്തിയുടെ പിൻബലമുള്ള തൊഴിലാളി തൊഴിലുടമയുടെ ജീവിത, തൊഴിൽ സാഹചര്യങ്ങൾ മനസ്സിലാക്കാതെ അഥവാ ഉൾക്കൊള്ളാതെ പെരുമാറുന്നതും തൊഴിലിടങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എല്ലാ തൊഴിലുടമകളും ശതകോടീശ്വരന്മാരല്ല. വളരെ കഷ്ടപ്പെട്ട് സ്വന്തമായൊരു സംരംഭം തുടങ്ങുന്നവരുണ്ട്. അവരുടെ സാഹചര്യം



കണ്ടറിഞ്ഞ് മുന്നോട്ടുപോകാനുള്ള മനസ്സ് തൊഴിലാളിക്കുമുണ്ടാകണം. ഇത്തരത്തിൽ തൊഴിലിടങ്ങളിലെ പരസ്പരസഹകരണം സാധ്യമാക്കുന്നതിനുള്ള ഇടപെടലുകൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെൻറ് (കിലെ) നടത്തിവരുന്നു. 2024 ജൂൺ മാസം 19 ആം തീയതി കിലെയും – ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും ചേർന്ന് തൊഴിൽ വകുപ്പിലെ കൺസിലിയേഷൻ ഓഫീസർമാർക്കായി 'Workplace Cooperation" എന്ന വിഷയത്തിൽ ഒരു വർക്ക് ഷോപ്പ് സംഘടിപ്പിച്ചിരുന്നു.




തൊഴിലാളികളുമായി നേരിട്ട് കൂടുതൽ സമ്പർക്കത്തിൽ വരുന്ന കൺസീലിയേഷൻ ഓഫീസർമാർക്ക് ഈ വർക്ക്ഷോപ്പ് വളരെ ഉപകാരപ്രദമായി. ചെറിയ പ്രശ്നങ്ങൾക്ക് ലേബർ കോടതിയെ സമീപിക്കുന്നവർക്ക് എന്താണ് യഥാർത്ഥപ്രശ്നമെന്നും നിയമപോരാട്ടത്തിലേക്ക് പോകേണ്ടതുണ്ടോ അതോ തങ്ങളുടെ ഭാഗത്തെ ധാരണക്കുറവ് തിരുത്തി സഹകരിച്ച് മുന്നോട്ടുപോകുന്നതാണോ നല്ലതെന്നും ബോധവത്ക്കരിക്കാൻ കൺസീലിയേഷൻ ഓഫീസർമാർക്ക് സാധിക്കുന്നു. പരസ്പരധാരണയും സഹകരണവും മറ്റെല്ലായിടത്തുമെന്നപോലെ തൊഴിലിടങ്ങളിലും അത്യന്താപേക്ഷിതമാണ്.രാജ്യാന്തര തൊഴിൽ സംഘടന ഇത് മുൻകൂട്ടിക്കണ്ടുള്ള പ്രവർത്തനങ്ങളും പ്രചാരണങ്ങളും വളരെക്കാലം മുമ്പുതന്നെ നടത്തിവരുന്നുണ്ട്. കിലെയും ആ വഴിയിൽ മുന്നേറുകയാണ്.



# ചുമട്ടു തൊഴിലാളികൾക്ക് സമഗ്ര സെർട്ടിഫൈഡ് വൈദഗ്ദ്ധ്യ പരിശീലനം

മാറുന്ന കാലത്ത് ചുമട്ടുതൊഴിലാളികൾക്ക് സമഗ്ര സെർട്ടിഫൈഡ് വൈദഗ്ദ്ധ്യ പരിശീലനവുമായി കിലെ. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തൊഴിലാളി വിഭാഗങ്ങളിൽ ഒന്നാണ് ചുമട്ട് തൊഴിലാളികൾ. പ്രവൃത്തിയെടുക്കുന്ന മേഖലയുടെ പ്രത്യേകതയും സാഹചര്യവും, തൊഴിലാളി തൊഴിലുടമ ബന്ധത്തിന്റെ സങ്കീർണതയും ഒക്കെ കണക്കിലെടുക്കുമ്പോൾ ഇതര മേഖലകളിൽ നിന്നും തികച്ചും വ്യത്യസ്തമായ തൊഴിൽമേഖലയാണിത്. ഒരു കാലഘട്ടത്തിൽ അസംഘടിതരായിരുന്ന ചുമട്ടു തൊഴിലാളികളുടെ തൊഴിൽ ക്രമീകരിക്കുന്നതിനും ക്ഷേമ പരിരക്ഷ ലഭ്യമാക്കുന്നതിനായി നിയമമുണ്ടാക്കി മാതൃക സൃഷ്ടിച്ചത് കേരളമാണ്. രാജ്യത്തെന്നല്ല ലോകത്തു തന്നെ ഇത്തരത്തിൽ ആദ്യമായി നിയമനിർമാണം നടത്തിയതും കേരളമാണ്. ഒരു കാലത്ത് മുഖ്യധാരാ സമൂഹത്തിന് അനഭിമതരായിരുന്ന ചുമട്ടു തൊഴിലാളികൾക്ക് സമൂഹത്തിൽ ഒരു സ്ഥാനം വരാൻ ഈ നിയമം ഏറെ സഹായകമായി. ചുമട്ടുതൊഴിലാളി




കളും തങ്ങളുടെ തൊഴിലിനെ ഗൗരവത്തോടെ സമീപിക്കാൻ തുടങ്ങി.

ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലൂടെ ഈ തൊഴിൽമേഖലയെ ശക്തിപ്പെടുത്തുന്നതിൽ ട്രേഡ് യൂണിയനുകളുടെ പങ്കും ഒട്ടും ചെറുതല്ല. എന്നാൽ നിലവിൽ ഭാരം കയറ്റുന്നതിനും ഇറക്കുന്നതിനും പുതുസങ്കേതങ്ങൾ വന്നതോടെ ചുമട്ടു തൊഴിലാളികളുടെ തൊഴിൽവൈദഗ്ധ്യം ചോദ്യം ചെയ്യപ്പെടുകയാണ്. ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങി അതീവ സൂക്ഷമത വേണ്ട ലോഡുകൾ കൈകാര്യം ചെയ്യുന്നതിൽ മതിയായ സ്കിൽ ഇല്ല എന്ന് പറഞ്ഞു പല ജോലിയിൽ നിന്നും മാറ്റി നിർത്തുന്ന അവസ്ഥയും സംജാതമായി. ഈ സാഹചര്യത്തിൽ സമൂഹത്തിൽ ചുമട്ടു തൊഴിലാളികൾക്കു കൂടുതൽ അംഗീകാരം ലഭിക്കുന്നതിനും അവർക്കു തൊഴിൽ വൈദഗ്ധ്യം ലഭിച്ചിട്ടുണ്ടെന്നും അത് കേന്ദ്ര അംഗീകൃത അസ്സെസ്സ്മെന്റ് ബോഡി സാക്ഷ്യപ്പെടുത്തി സർട്ടിഫിക്കറ്റ് നല്കിയതാണെന്നും ഉറപ്പുവരുത്തുന്നതിനാണ് തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കിലെയും ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡും സംയുക്തമായി പരിശീലന പരിപാടി സംഘടിപ്പിച്ചത്.



ഈ പരിശീലനത്തിൽ നോർമൽ ഗുഡ്സ്. എഫ്.എം.സി.ജി ഗുഡ്സ്, പെരിഷബിൾ ഗുഡ്സ്, ഓട്ടോമോട്ടീവ് ഗുഡ്സ്, ബൾക്ക് കാർഗോ, ഹസാർഡ്സ് ഗുഡ്സ് എന്നിങ്ങനെ ഓരോ തരത്തിലുള്ള ചരക്കുകളും കൈ



കാര്യം ചെയ്യുന്നതിനുള്ള നൈപുണ്യം ചുമട്ടു തൊഴിലാളി വിഭാഗം സ്വായത്തമാക്കുന്ന രീതിയിലുള്ള പരിശീലനമാണ് നൽകിയത്. വ്യക്തിത്വ വികസനത്തിനും നൈപുണ്യ വികസനത്തിനും ഒരു പോലെ പ്രാധാന്യം നൽകുന്നതിനാൽ ഒരു ക്ലാസ്സ്റൂം പരിശീലനം എന്നതിലുപരി പരിശീലനാർത്ഥികളെ തൊഴിലിടങ്ങളിൽ നേരിട്ടെത്തിച്ചു പരിശീലനം നൽകുകയും ചെയ്തു.




പരിശീലനത്തിന്റെ സമാപന ദിവസം മിനിസ്ട്രി ഓഫ് സ്കിൽ ഡെവെലപ്മെന്റിന്റെ 'സ്കിൽ ഇന്ത്യ മിഷന്റെ എംപാനൽഡ് ബോഡി നേരിട്ടെത്തി അസ്സെസ്സ്മെന്റ് നടത്തി തൊഴിലാളികൾക്ക് സർട്ടിഫിക്കറ്റ് നൽകി.

ആദ്യ ഘട്ടത്തിൽ 1000 തൊഴിലാളികൾക്കാണ് പ്രസ്തുത പരിശീലനം നൽകിയത്. ഇതിന്റെ തുടർച്ചയായി നഗര പ്രദേശങ്ങൾ കേന്ദ്രീകരിച്ചു 'packers and movers" എന്ന രീതിയിൽ ഷിഫ്റ്റിംഗ് തൊഴിലിൽ ഏർപ്പെടുന്ന ഒരു ക്ലസ്റ്ററിനെ രൂപീകരിക്കാനും തൊഴിലാളികളെ പരിശീലിപ്പിക്കുന്നുണ്ട്. ഇതിനായി ചുമട്ടു തൊഴിലാളികളിൽ നിന്നും 45 വയസ്സിനു താഴെ പ്രായമുള്ള ഈ ജോലിയിൽ ആഭിമുഖ്യമുള്ളവരെ തിരഞ്ഞെടുത്തു പരിശീലനം നൽകും. ഇത്തരത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ നൂതന പരിശീലനങ്ങൾ നൽകി ഈ വിഭാഗത്തിന്റെ തൊഴിൽ പ്രസക്തി വർധിപ്പിക്കാനാണ് ക്ഷേമനിധി ബോർഡും കിലെയും സംയുക്തമായി പ്രവർത്തിക്കുന്നത്.

# പെൺമികവിന്റെ ഉയരെ

2022 മാർച്ച് 8 അന്താരാഷ്ട്ര വനിത ദിനത്തിനോടനുബന്ധിച്ച് കിലെ പുറത്തിറക്കിയ പ്രത്യേക പതിപ്പാണ് 'ഉയരെ'. വനിതാ ദിനത്തോടനുബന്ധിച്ച് കിലെ വനിത തൊഴിലാളികൾക്കായി സംഘടിപ്പിച്ച ഏകദിന പരിപാടിയിൽ വ്യത്യസ്തവും വെല്ലുവിളികളും നിറഞ്ഞ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന കേരളത്തിലുടനീളമുള്ള തെരഞ്ഞെടുക്കപ്പെട്ട വനിതകളെ ആദരിക്കുകയും അവരുടെ ജീവിതകഥ അനാവരണം ചെയ്യുന്ന പുസ്തകം പുറത്തിറക്കുകയും ചെയ്തു.

പൊതുവിദ്യാഭ്യസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയാണ് ചടങ്ങ് ഉദ്ഘാടനം ചെയ്തത്. വ്യത്യസ്ത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ചന്ദ്രിക, രാജി, ഷിനി, കത്രീന കാട്ടുക്കാരൻ, രേഖ കാർത്തികേയൻ, മെറിൻഡ, ശ്രീദേവി ഗോപാലൻ, ആയിഷ, ഷീജ, പത്മാവതി,










റുഖിയ, ലക്ഷ്മി എന്നിവരെ ആരോഗ്യ-വനിത-ശിശുക്ഷേമ വകുപ്പ് മന്ത്രി വീണാജോർജ് ആദരിച്ചു. ഇവരുടെ ജീവിതകഥ ആസ്പദമാക്കി തയ്യാറാക്കിയ 'ഉയരെ' എന്ന പുസ്തകത്തിന്റെ പ്രകാശനം സംസ്ഥാന വനിത കമ്മീഷൻ അധ്യക്ഷ പി. സതീദേവി, തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി മിനി ആന്റണി ഐ.എ.എസിനു നൽകി നിർവഹിച്ചു.

അസംഘടിതമേഖലയിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അവരെ കൂടുതൽ പ്രാപ്തിയുള്ളവരാക്കി സമൂഹത്തിന്റെ ഉന്നതിയിലേക്ക് കൊണ്ടുവരികയാണ് കിലെയുടെ പ്രധാന ലക്ഷ്യമെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. സമൂഹം പുരുഷന് മാത്രമേ ചെയ്യാൻ കഴിയൂവെന്ന് മുദ്രകുത്തിയിരുന്ന ചില തൊഴിലുകളേറ്റെടുത്ത് ചെയ്താണ് ഇവർ സമൂഹത്തിന് മാതൃകയാകുന്നതെന്നും, ഇവരെ പ്രത്യേകം അഭിനന്ദിക്കുകയാണ് വേണ്ടതെന്നും മന്ത്രി കൂട്ടിച്ചേർത്തു. സ്ത്രീകളുടെ അവകാശ സംരക്ഷണവും








സ്ത്രീകൾക്ക് നീതി ലഭ്യമാക്കേണ്ടതും പുരുഷൻമാർ ഉൾപ്പെടെയുള്ള പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും, തൊഴിൽ മേഖലയിലെ അസമത്വങ്ങൾ അവസാനിപ്പിക്കുന്നതിനും സ്ത്രീ മുന്നേറ്റത്തിനും സർക്കാർ കൂടെയുണ്ടെന്നും ആദരിക്കൽ ചടങ്ങിന്റെ ഉദ്ഘാടനം നടത്തിയ മന്ത്രി വീണാജോർജ് പറഞ്ഞു. വനിതാദിനത്തിൽ ഇത്തരത്തിലൊരു വ്യത്യസ്തമായ പരിപാടി സംഘടിപ്പിച്ച കിലെയുടെ പ്രവർത്തനം അഭിനന്ദനാർഹമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വ്യത്യസ്തമായ തൊഴിലുളകളിൽ ഏർപ്പെട്ട് ജീവിതം പുലർത്തുന്ന സ്ത്രീകൾ സമൂഹത്തിന് മാതൃകയാണെന്ന് വനിതാകമ്മീഷൻ അധ്യക്ഷ പി. സതീദേവി പറഞ്ഞു. പ്ലാനിംഗ് ബോർഡ് അംഗങ്ങളായ ഡോ. കെ.രവിരാമൻ, പ്രൊഫ. മിനി സുകുമാർ എന്നിവർ പ്രഭാഷണം നടത്തി. കിലെ ചെയർമാൻ കെ.എൻ.ഗോപിനാഥ് അധ്യക്ഷനായ ചടങ്ങിൽ കിലെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളായ ടി.കെ.രാജൻ, ജി.ബൈജു, കെ. മല്ലിക എന്നിവർ ആശംസയർപ്പിച്ചു. കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ സുനിൽ തോമസ് സ്വാഗതവും സീനിയർ ഫെലോ ജെ.എൻ. കിരൺ നന്ദിയും പറഞ്ഞു. തുടർന്ന് ''സ്ത്രീ സുരക്ഷയും നിയമങ്ങളും'' എന്ന വിഷയത്തിൽ ശിൽപശാല നടത്തി. അഡ്വ. അംശു വാമദേവൻ വിഷയാവതരണം നടത്തി.



**ഉയരങ്ങൾ താണ്ടിയവർ**

പുരുഷനു മാത്രമേ ചെയ്യാൻ കഴിയൂ എന്ന് മുദ്രകുത്തിയിരുന്ന ചില തൊഴിലുകൾ ഏറ്റെടുത്ത് ചെയ്താണ് "ഉയരെ'യിലെ സ്ത്രീകൾ സമൂഹത്തിന് മാതൃകയാകുന്നത്. ആഴക്കടൽ മത്സ്യബന്ധനം, പാമ്പ് പിടിത്തം, മരം മുറിക്കൽ, ഇറച്ചിവെട്ട്, വാർക്കപ്പണി എന്നിങ്ങനെ വിവിധ മേഖലകളിലാണ് ഈ സ്ത്രീകൾ തങ്ങളുടെ കൈയ്യൊപ്പ് ചാർത്തിയത്. തങ്ങളുടെ ജീവിതത്തിലുണ്ടായ തടസ്സങ്ങളെ ഭേദിച്ച്, സമൂഹത്തെ ഭയക്കാതെ ഉയരെ പറന്ന സ്ത്രീകളാണിവർ. 93 വയസ്സുള്ള കെട്ടിട നിർമാണ തൊഴിലാളി കത്രീന കാട്ടൂക്കാരൻ മുതൽ 25 വയസ്സുള്ള തെങ്ങ്കയറ്റ തൊഴിലാളി ശ്രീദേവി വരെ അതിജീവനത്തിന്റെ വലിയ മാതൃകകളാണ് മുന്നോട്ടുവയ്ക്കുന്നത്.



# കിലെയുടെ പ്രഥമ മാധ്യമ അവാർഡ്
# പി.വി. ജീജോയ്ക്ക്

ഏതു വിഷയവും പൊതുജന ശ്രദ്ധയാകർഷിക്കുന്നത് മാധ്യമങ്ങളിലൂടെയാണ്. പൊതുജന ബോധവത്ക്കരണത്തിനും അഭിപ്രായ രൂപീകരണത്തിനും മാധ്യമങ്ങൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിലെ തൊഴിലാളി സമൂഹത്തിന് അനുഗുണമായ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് മാധ്യമ ലേഖനങ്ങളും, വാർത്തകളും വലിയ പങ്കുവഹിക്കുന്നുണ്ട്. മാധ്യമങ്ങളുടെ ഈ സാമൂഹിക ഉത്തരവാദിത്തം കണക്കിലെടുത്താണ് കിലെ മാധ്യമ അവാർഡ് നൽകുന്നത്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പ്രഥമ മാധ്യമ അവാർഡ് 2023ൽ പ്രഖ്യാപിച്ചു. ദേശാഭിമാനിയിലെ പി.വി.ജീജോയാണ് ഈ അവാർഡിന് അർഹനായത്. 2022 മേയ് 1,2,4,5 തീയതികളിൽ ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ച ''ഓൺലൈൻ തൊഴിൽ, ജീവിതം ഓഫ് ലൈൻ'' എന്ന വാർത്താപരമ്പരയാണ് അദ്ദേഹത്തിന് പുരസ്കാരം നേടിക്കൊടുത്തത്. 120 ലേഖനങ്ങളിൽ നിന്നാണ് ജീജോയുടെ ലേഖനം തിരഞ്ഞെടുക്കപ്പെട്ടത്. കിലെ ചെയർമാൻ കെ.എൻ.ഗോപിനാഥ് അധ്യക്ഷനും മുതിർന്ന മാധ്യമപ്രവർത്തകനായ എസ്.ആർ ശക്തിധരൻ, ലേബർ എക്സ്പെർട്ടും കിലെ റിസർച്ച് കോർ കമ്മിറ്റി ചെയർമാനുമായ പ്രൊഫ. എസ്.കെ. ശശികുമാർ എന്നിവർ അംഗങ്ങളുമായ മൂന്നംഗ പാനലാണ് പുരസ്കാരനിർണ്ണയം നടത്തിയത്. 25,000 രൂപയും ഫലകവുമാണ് പുരസ്കാരം. കേരളത്തിലെ തൊഴിൽ മേഖലയേയും തൊഴിലാളികളേയും സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷ കാലയളവിൽ പത്രം, വാരിക, ദൃശ്യമാധ്യമം, റേഡിയോ എന്നിവയിൽ പ്രസിദ്ധീകരിച്ച സാമൂഹിക പ്രസക്തിയുള്ള മികച്ച ലേഖനങ്ങൾക്കാണ് (റിപ്പോർട്ടിനാണ്) കിലെ മാധ്യമ അവാർഡ് നൽകുന്നത്.




# സ്ത്രീ തൊഴിലാളികൾക്ക് പരിശീലന പരിപാടിയുമായി കിലെ

കേരളത്തിൽ ഇന്ന് എല്ലാ മേഖലകളിലും വനിതാ സാന്നിധ്യമുണ്ട്. സ്ത്രീകളില്ലാത്ത തൊഴിൽ മേഖലകൾ ഇല്ല എന്നു തന്നെ പറയേണ്ടി വരും. കേരളത്തിൽ സംഘടിത, അസംഘടിത മേഖലകളിലെല്ലാം സ്ത്രീ തൊഴിലാളികൾക്ക് വലിയ പ്രാധാന്യം ഉണ്ട്. എന്നാൽ ഏറ്റവും കൂടുതൽ തൊഴിൽ ചൂഷണത്തിന് വിധേയമാകുന്നതും സ്ത്രീ തൊഴിലാളികളാണ്. ഇന്ന് അത്തരത്തിൽ സ്ത്രീകളെ വ്യാപകമായി തെറ്റിദ്ധരിപ്പിക്കാനോ തൊഴിൽ ചൂഷണത്തിന് വിധേയമാക്കാനോ സാധ്യമല്ലെങ്കിലും പലയിടത്തും ഒരേ ജോലിക്ക് രണ്ടു കൂലി എന്ന രീതി തുടരുന്നുണ്ട്. അതുപോലെ നിയമങ്ങൾ കാറ്റിൽപ്പറത്തിയുള്ള തൊഴിൽ രീതികളും സമയക്രമവും പല സ്വകാര്യ സ്ഥാപനങ്ങളിലും തുടരുന്നു. ഈ സാഹചര്യത്തിൽ സ്ത്രീ തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പാക്കണമെങ്കിൽ അവരുടെ സംഘടന നേതൃത്വം ശാക്തീകരിക്കപ്പെടണം. ഈ സാഹചര്യത്തിലാണ് സംഘടിത മേഖലയിലെ വനിത ട്രേഡ് യൂണിയൻ നേതാക്കൾക്കായി കിലെ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചത്. സ്ത്രീ തൊഴിലാളികളെ ബാധിക്കുന്ന നിയമങ്ങൾ, നേതൃത്വ വികസനം എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകിയത്.



# ഭിന്നലിംഗക്കാർക്കായി ജാലകം തുറന്ന് കാലത്തിനൊപ്പം കിലെ



കേരളത്തിലെ തൊഴിലാളികളുടേയും തൊഴിൽ മേഖലയുടേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സ്വയംഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ). 1978-ൽ സ്ഥാപിതമായ കിലെ സംഘടിത അസംഘടിത മേഖലകളിലെ തൊഴിലാളി ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി സജീവമായി നിലകൊള്ളുന്നു. ഇതിനായി നിരന്തരം വിവിധ പരിശീലന പരിപാടികളും പ്രസിദ്ധീകരണങ്ങളും ഗവേഷണ പഠനങ്ങളും നടത്തി വരുന്നു. മാറുന്ന കാലത്ത് ആ മാറ്റത്തെ ഉൾക്കൊണ്ടു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് കിലെ നടപ്പാക്കി വരുന്നത്. മാറ്റങ്ങളെ മുൻകൂട്ടി മനസ്സിലാക്കുന്നതിനും തദനുസൃതമായ പദ്ധതികൾ തയ്യാറാക്കുന്നതിനും കിലെയുടെ ഗവേഷണ വിഭാഗം നിരന്തര പരിശ്രമം കരുത്തേകുന്നു.

തൊഴിൽ രംഗത്തെ മികച്ച മാതൃകകളെ വാർത്തെടുക്കുന്ന ഒരു സർക്കാർ സ്ഥാപനമെന്ന നിലയിൽ കിലെ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന ഭിന്നലിംഗ (ട്രാൻസ്ജെൻഡർ) വ്യക്തികൾക്ക് തൊഴിലും ആരോഗ്യവും ഉൾപ്പെടെയുള്ള മേഖലകളിലെ പുരോഗതി




പ്രാപ്യമാക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങളാണ് കിലെ നടത്തിവരുന്നത്. ഭിന്നലിംഗക്കാർക്കായി ഒരിടം എന്നത് ഇന്ന് വ്യാപകമായി ചർച്ചചെയ്യപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും അവരുടെ പ്രശ്നങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടുപോകാനും അവരെ ചേർത്തുനിർത്താനുമുള്ള മനസ്സ് സമൂഹത്തിൽ ആഴത്തിൽ വേരോടിയിട്ടില്ല. ട്രാൻസ്ജെൻഡർ വ്യക്തികളുടെ തൊഴിൽ രംഗത്തെ മാറ്റങ്ങൾ പലപ്പോഴും ചർച്ചാ വിഷയമായതാണ്. മുഖ്യധാര തൊഴിലിടങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികളെക്കൂടി ഉൾക്കൊള്ളിക്കാൻ നടന്ന ശ്രമങ്ങൾ തുടക്കത്തിൽ വിഫലമായിരുന്നു. എന്നാൽ, കൊച്ചി മെട്രോ പോലുള്ള പൊതുമേഖല സ്ഥാപനങ്ങളും കേരളത്തിന്റെ സ്വന്തം കുടുംബശ്രീയും ഇക്കാര്യത്തിൽ നടത്തിയ ശ്രമങ്ങൾ സ്തുത്യർഹമാണ്. ഭിന്നലിംഗക്കാരുടെ തൊഴിലിടങ്ങളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് കൊച്ചിൻ മെട്രോയിലെ തൊഴിലാളികളായ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ജീവിതസാഹചര്യങ്ങൾ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു റിപ്പോർട്ട് കിലെ തയ്യാറാക്കിയിരുന്നു. കൊച്ചിൻ മെട്രോയിലെ ട്രാൻസ്ജെൻഡർ തൊഴിലാളികളുടെ വൻതോതിലുള്ള കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട ഈ റിപ്പോർട്ടനുസരിച്ച്, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, താമസസ്ഥലങ്ങളുടെ ദൗർലഭ്യം, താരതമ്യേന കുറഞ്ഞ വേതനം തുടങ്ങിയവയാണ് പ്രധാനമായും കൊഴിഞ്ഞുപോക്കിന് കാരണമെന്നാണ് കണ്ടെത്തി.





ഇതിനുപുറമേ സാമൂഹികവും സാമ്പത്തികവും തൊഴിൽപരമായും ഒട്ടനവധി തടസ്സങ്ങളും പ്രതിസന്ധികളും ഇവർക്ക് മുന്നിലുണ്ടെങ്കിലും ഇവയെല്ലാം ധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും മറികടന്ന് പൊതുസമൂഹത്തിന് മുന്നിൽ മാതൃകകളായി നിൽക്കുന്ന ധാരാളം പ്രതിഭകൾ ഭിന്നലിംഗവിഭാഗത്തിൽ ഇന്നുണ്ട്. സാഹിത്യരംഗത്തും, കലാ-കായിക രംഗത്തും തൊഴിൽ രംഗത്തുമെല്ലാം തങ്ങൾ ഒട്ടും പിന്നിലല്ല എന്ന സന്ദേശമാണ് ഇവർ സമൂഹത്തിന് നൽകുന്നത്.

എന്നാൽ ഭിന്നലിംഗത്തിലെ ന്യൂനപക്ഷ വിജയഗാഥ കൊണ്ട് ആ സമൂഹത്തിന് ഉന്നതിയുണ്ടാകുന്നില്ല. അഭിമാനത്തോടെ സമൂഹത്തിൽ ജീവിക്കാനുള്ള നിരന്തരമായ ശ്രമങ്ങൾ പരാജയപ്പെടുമ്പോൾ ഭിന്നലിംഗക്കാർക്കിടയിൽ മാനസിക സമ്മർദവും ആത്മഹത്യാ പ്രവണതയും വർദ്ധിക്കുന്നു. ഈ അവസ്ഥയിൽ നിന്ന് മാറി ചിന്തിക്കണമെങ്കിൽ ഓരോ ഭിന്നലിംഗ വ്യക്തിക്കും ആരോഗ്യമുള്ള മനസ്സും ശരീരവും അനിവാര്യമാണ്. ഭിന്നിലിംഗത്തിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ മാത്രം ജീവിതത്തിന്റെ പിന്നാമ്പുറത്തേക്ക് തള്ളപ്പെടുന്നത് നീതിയല്ല. അവരെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാനും ഉയർന്നുവരാനുള്ള അവരുടെ ശ്രമങ്ങൾക്ക് കൈത്താങ്ങാകാനും പൊതുസമൂഹത്തിന് കഴിയണം. ഈ ലക്ഷ്യത്തോടെ കിലെ ഭിന്നലിംഗത്തിൽപ്പെട്ടവർക്കായി ക്യാമ്പുകൾ നടത്തുകയും ജാലകം എന്ന പ്രത്യേക പ്രസിദ്ധീകരണം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ പുസ്തകത്തിൽ ഭിന്നലിംഗക്കാരുടെ ആരോഗ്യത്തിനും ക്ഷേമത്തിനുമാണ് മുൻതൂക്കം നൽകിയിരിക്കുന്നത്.

ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന, പ്രത്യേകിച്ച് ലിംഗമാറ്റ ശസ്ത്രക്രിയയും ഹോർമോൺ തെറാപ്പിയും നടത്തുന്ന വിദഗ്ധരായ ഡോക്ടർമാരാണ് ഭിന്നലിംഗക്കാരുടെ ശാരീരിക, മാനസിക ആരോഗ്യം സംബന്ധിച്ച വിവരങ്ങൾ ജാലകത്തിനായി നൽകിയത്. മെച്ചപ്പെട്ട ഭക്ഷണക്രമം, മാനസികാരോഗ്യം, യോഗ, സ്പോർട്സ്, ഹോളിസ്റ്റിക് ചികിത്സ എന്നിങ്ങനെ വിവിധ മേഖലകളിലെ വിശദമായ അറിവ് ഈ പുസ്തകത്തിലെ അധ്യായങ്ങൾ നൽകുന്നു. ഏതൊരു ഭിന്നലിംഗ വ്യക്തിക്കും സധൈര്യം മുന്നോട്ട് പോകുന്നതിനുള്ള ആത്മവിശ്വാസം നൽകുന്ന രീതിയിലാണ് വ്യക്തിത്വവികസനത്തിനായുള്ള ലേഖനം തയാറാക്കിയിരിക്കുന്നത്. ഭിന്നലിംഗക്കാരുടെ തൊഴിൽപരമായ സാധ്യതകൾ ചർച്ച ചെയ്യുന്നതോടൊപ്പം പുതിയ ഭിന്നലിംഗസൗഹൃദ നിയമത്തെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും ഈ പുസ്തകത്തിൽ വിശദമാക്കിയിട്ടുണ്ട്. സാഹചര്യങ്ങളെ സധൈര്യം നേരിടാൻ ഭിന്നലിംഗക്കാരെ പ്രാപ്തരാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനുമായാണ് കിലെ ജാലകം പ്രസിദ്ധീകരിക്കുന്നത്.




# തൊഴിൽ മഹത്വത്തിന്റെ
# സുവർണ്ണ ഏടായി 'മികവ്'

കിലെയുടെ വാർഷിക പതിപ്പുകളിൽ പ്രധാനമാണ് തൊഴിലാളി ശ്രേഷ്ഠ പുരസ്കാരജേതാക്കളുടെ ജീവിതവഴികൾ തുറന്നുകാട്ടുന്ന പ്രത്യേക പതിപ്പുകൾ.




'തൊഴിൽശ്രേഷ്ഠ പുരസ്കാരം -2021' നേടിയ തൊഴിലാളികളുടെ ജീവിത വഴി ആസ്പദമാക്കി തയ്യാറാക്കിയ 'മികവ്' എന്ന പുസ്തകം ഈ തൊഴിലാളി ശ്രേഷ്ഠരുടെ ജീവിതത്തിനു നേർക്ക് പിടിച്ച കണ്ണാടിയാണ്. പുസ്തകത്തിന്റെ പ്രകാശനം 2022 ഏപ്രിൽ 27ന് ഉച്ചയ്ക്ക് 12.30 മണിക്ക് ഗവ. സെക്രട്ടേറിയറ്റ് അനക്സ് 2-ലെ ലയം ഹാളിൽ ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവഹിച്ചു. കിലെ ചെയർമാൻ കെ.എൻ.ഗോപിനാഥ് ചടങ്ങിൽ അധ്യക്ഷനായി.

തൊഴിലാളി സമൂഹത്തിന്റെ ആത്മാർത്ഥ പ്രവർത്തനങ്ങളെയും മികവിനെയും പ്രോത്സാഹിപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടിയാണ് സംസ്ഥാന തൊഴിൽ വകുപ്പ് തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്.

ഇതിലൂടെ പുരോഗമനപരമായ ഒരു തൊഴിൽ സംസ്കാരം സമൂഹത്തിൽ രൂപപ്പെടുന്നതിനൊപ്പം മികവ് അംഗീകരിക്കപ്പെടുമെന്ന സന്ദേശം കൂടി പ്രചരിപ്പിക്കുവാൻ സംസ്ഥാന തൊഴിൽ വകുപ്പിന് ഉദ്ദേശിക്കുന്നു. വിവിധ തൊഴിൽ മേഖലകളിലുള്ളവരെ തെരഞ്ഞെടുത്ത് വിവിധ മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിശോധനകളും വിലയിരുത്തലും അഭിമുഖവും നടത്തിയാണ് മികവ് നിശ്ചയിച്ചിട്ടുള്ളത്.

തൊഴിൽപരമായ നൈപുണ്യവും അറിവും അച്ചടക്കവും, സഹപ്രവർത്തകരോടും ഉപഭോക്താക്കളോടുള്ള പെരുമാറ്റം, ക്ഷേമപദ്ധതികളോടുള്ള സമീപനം, കലാ-കായിക മേഖലയിലെ മികവ്, സാമൂഹിക പ്രവർത്തനത്തിലുള്ള പങ്കാളിത്തം, ശുചിത്വബോധം, തൊഴിലിൽ നൂതനമായ ആശയങ്ങൾ കൊണ്ടുവരാനുള്ള താല്പര്യം, നിത്യ ജോലികൾക്ക് ഉപരിയായുള്ള കർത്തവ്യങ്ങൾ ഏറ്റെടുക്കാനുള്ള അവബോധം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷിച്ച തൊഴിലാളികളുടെ മികവ് വിലയിരുത്തുന്നത്.

തൊഴിലാളികൾ ഓൺലൈനായി ചോദ്യാവലി ഉൾപ്പെടുന്ന അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കുന്നതായിരുന്നു ആദ്യ ഘട്ടം. ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള കട്ട് ഓഫ് മാർക്ക് യോഗ്യത നേടിയവരെ മൂന്ന് ഘട്ടങ്ങളായുള്ള അഭിമുഖവും പരിശോധനയും നടത്തിയ ശേഷമാണ് അന്തിമ തെരഞ്ഞെടുപ്പ് നടത്തുക. അസിസ്റ്റന്റ് ലേബർ ഓഫീസർമാരിൽ തുടങ്ങി ജില്ലാ ലേബർ ഓഫീസർമാർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, സംസ്ഥാനതല സമിതി എന്നിങ്ങനെ വിവിധ ഘട്ടങ്ങളിൽ പരിശോധനയും അഭിമുഖവും നിർവ്വഹിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ഓരോ തൊഴിലാളിക്കും ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും പുരസ്കാരമായി നൽകുന്നു.

തൊഴിലാളികൾക്ക് മികവ് അടിസ്ഥാനമാക്കി പുരസ്കാരം നൽകുന്ന രാജ്യത്തെ പ്രഥമ പദ്ധതിയാണ് തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം.

# കടലിന്റെ മക്കൾക്കായി പരിശീലനപരിപാടി



മത്സ്യത്തൊഴിലാളികൾ കേരള സമൂഹത്തിലെ അവിഭാജ്യ ജനവിഭാഗമാണ്. എന്നാൽ 2018ലെ പ്രളയകാലത്താണ് അവരുടെ നന്മയും വിശാലമനസ്കതയും കേരളജനത തിരിച്ചറിഞ്ഞത്. കടൽസേന എന്ന് ഓമനപ്പേരിട്ട് അവരെ തങ്ങളോട് ചേർത്തുനിർത്താൻ കേരള ജനത മുന്നോട്ടുവന്നു. അത്തരത്തിലാണ് നൂറ്റാണ്ടിലെ പ്രളയകാലത്ത് അവർ രക്ഷാപ്രവർത്തനം നടത്തിയത്. സ്വജീവൻ തൃണവത്ഗണിച്ചുകൊണ്ട് കടലിന്റെ മക്കൾ നടത്തിയ പോരാട്ടത്തിന് സമാനതകളില്ല എന്നുതന്നെ പറയാം. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും നിലവിലും നിരവധി പദ്ധതികൾ സർക്കാർ തീരദേശമേഖലയുടെ ക്ഷേമത്തിനായി നടപ്പിലാക്കി. മത്സ്യബന്ധനം പരമ്പരാഗത തൊഴിൽ വിഭാഗത്തിൽ ഉൾപ്പെടുന്നതാകയാൽ മത്സ്യബന്ധന തൊഴിലാളികൾക്കായി കിലെയും നിരവധിയായ പഠനഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ വിഭാഗത്തിന്റെ ശാപം എന്നു പറയുന്നത് ലഹരിക്കടിമപ്പെട്ടുള്ള ജീവിതമാണ്. മത്സ്യബന്ധനം നടത്തുന്ന പുരുഷന്മാരിലാണ് പ്രധാനമായും ലഹരി പിടിമുറുക്കിയിരിക്കുന്നത്. ഇത് ക്ഷേമപദ്ധതികളുടെ ഗുണഫലം കുടുംബത്തിലേക്കും മത്സ്യത്തൊഴിലാളി സമൂഹത്തിലേക്കും എത്തുന്നതിന് വിലങ്ങുതടിയാണ്. ഈ സാഹചര്യത്തിൽ മത്സ്യബന്ധന തൊഴിലാളികൾക്കുള്ള പദ്ധതികൾ, ലഹരി വസ്തുക്കളും ദൂഷ്യവശങ്ങളും എന്നിവ സംബന്ധിച്ച് 14 ജില്ലകളിലും കിലെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ലഹരിയിൽ നിന്നും മത്സ്യത്തൊഴിലാളി സമൂഹത്തെ മുക്തരാക്കുക എന്നതും അവർക്കായി നിലവിലുള്ള ക്ഷേമപദ്ധതികളെ കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുക എന്നിവയായിരുന്നു പരിശീലന പരിപാടിയുടെ ലക്ഷ്യം.

# വേണ്ട ബാലവേല

## ശ്രദ്ധയാകർഷിച്ച് കിലെ സെമിനാർ



ശൈശവത്തെ നിഷേധിക്കുന്ന തരത്തിലും സാധാരണ വിദ്യാഭ്യാസം നിഷേധിക്കുന്ന തരത്തിലും കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹ്യവും ധാർമ്മികവുമായ വളർച്ചയ്ക്ക് ദോഷകരവും അപകടകരവുമായ വിധത്തിലും അവരെ ഏതെങ്കിലും തരത്തിലുള്ള ജോലികളിലേർപ്പെടുത്തുന്നതിനെയാണ് ബാലവേല എന്നുപറയുന്നത്. ബാലവേല ഇന്ത്യയുൾപ്പെടെ നിരവധി രാജ്യങ്ങളിലെ നിയമ സംവിധാനങ്ങളാലും രാജ്യാന്തര സംഘടനകളാലും ചൂഷണ രീതിയാണെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും നിരോധിക്കപ്പെട്ടതുമാണ്. 1 തന്റെ കുട്ടിയെ പണയം വച്ചോ അല്ലെങ്കിൽ മറ്റൊരു കുടുംബാംഗത്തെ ജാമ്യതൊഴിലാളിയാക്കിയോ ജോലി ചെയ്യിപ്പിക്കുന്ന രക്ഷാകർത്താവിനും ശിക്ഷയുണ്ട്. 1986ലെ ബാലവേല(നിരോധനവും നിയന്ത്രണവും) നിയമം പ്രകാരം കഠിനാധ്വാനം ആവശ്യമായി വരുന്ന ചില മേഖലകളിൽ 14 വയസ്സിൽ താഴെപ്രായമുള്ള കുട്ടികൾ ജോലിയെടുക്കുന്നത് തടയുകയും മറ്റ് ചില മേഖലകളിലുള്ള കഠിനാധ്വാനം ആവശ്യമില്ലാത്ത ജോലിചെയ്യുന്നതിനെ നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. ജുവനൈൽ നീതി(കുട്ടികളുടെ പരിപാലനവും സുരക്ഷയും)









നിയമം 2000ത്തിലെ 24ാം വകുപ്പ് പ്രകാരം കഠിനമായ തൊഴിൽ ചെയ്യിപ്പിച്ചശേഷം കുട്ടികളെ അടിമകളാക്കി സൂക്ഷിച്ചും അവരുടെ വേതനത്തെ സ്വന്തം നേട്ടത്തിനായി കൈക്കലാക്കുകയും ചെയ്യുന്നവർക്ക് കഠിന ശിക്ഷയാണുള്ളത്. വ്യവസായശാല, തോട്ടം തൊഴിൽ, ഖനി, കപ്പൽ വ്യാപാരം, വാഹന ഗതാഗതം, ബീഡി, സിഗരറ്റ് തൊഴിൽ, കടകളും സംരഭങ്ങളും ഇതിൽപെടും.

കേരളം ബാലവേല വിമുക്ത സംസ്ഥാനമായിട്ട് വർഷങ്ങളായി. അതുകൊണ്ടുതന്നെ നിലവിലെ സാഹചര്യത്തിൽ, ബാലവേല അതിന്റെ ശുദ്ധമായ നിർവചനമനുസരിച്ച് നിലനിൽക്കുന്നുണ്ടാകില്ല, പക്ഷേ അത് ഒരു നൂതനരൂപത്തിൽ ഉയർന്നുവരാം. ഇത് കണക്കിലെടുത്താണ് കിലെ 2023 നവംബർ 23ന് ഹോട്ടൽ ഗ്രാൻഡ് ചൈത്രത്തിൽ ബാലവേലയെ കുറിച്ച് സെമിനാർ സംഘടിപ്പിച്ചത്. കേരളത്തിൽ ഏതെങ്കിലും തരത്തിലുള്ള ബാലവേല നിലവിലുണ്ടോ എന്നും, ഉണ്ടെങ്കിൽ ് അത് തടയുന്നതിനുള്ള വഴികൾ എന്തൊക്കെയാണെന്നും സെമിനാറിൽ ചർച്ചചെയ്യപ്പെട്ടു. സെമിനാറിൽ പങ്കെടുത്ത വിദഗ്ദ്ധരുടെ അഭിപ്രായവും നിർദ്ദേശങ്ങളും ആരായുകയും ചെയ്തു.

# KILE ലേബർ പോളിസി

# പെർസ്പെക്റ്റീവ് സീരീസ് 2023

മികച്ച പ്രസിദ്ധീകരണ വിഭാഗമുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE) ആരംഭിച്ച ഒരു സുപ്രധാന പ്രസിദ്ധീകരണ പരമ്പരയാണ് കിലെ ലേബർ പോളിസി പെർസ്പെക്റ്റീവ് സീരീസ് 2023. പുതിയകാലത്ത് സർവ്വമേഖലയുമെന്ന പോലെ തൊഴിലിടങ്ങളും തൊഴിലും മാറുകയാണ്. സാങ്കേതികമായി മാത്രമല്ല സാമൂഹികമായും ഈ മാറ്റം സുദൃശ്യമാണ്. തൊഴിൽ ലോകത്തിലെ പരിവർത്തനങ്ങളുടെ വിശാലമായ പശ്ചാത്തലത്തിൽ കേരളത്തിലെ തൊഴിൽ, തൊഴിൽ ബന്ധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സമകാലിക ആശങ്കകളെക്കുറിച്ച് പ്രശസ്ത വിദഗ്ധരുടെയും പ്രാക്ടീഷണർമാരുടെയും കാഴ്ചപ്പാടുകളാണ് ഈ സിരീസിലുള്ളത്. സമകാലിക പൊതുനയ ചർച്ചകളിൽ അധ്വാനത്തിന്റെ അഥവാ തൊഴിലിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതിന് ഈ പരമ്പര സഹായിക്കുമെന്ന പ്രതീക്ഷയോടെയാണ് കിലെ ഈ സിരീസ് അവതരിപ്പിച്ചത്. കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് മാറ്റുന്നതിന് തൊഴിൽ, തൊഴിൽ മേഖല എന്നിവയിൽ ആവശ്യമായ തന്ത്രങ്ങളെയും ഇടപെടലുകളെയും കേന്ദ്രീകരിച്ചുള്ള ലേഖനങ്ങളും ഈ സീരീസിലുണ്ട്. മികച്ച പ്രതികരണമാണ് സിരീസിന് ലഭിച്ചത്.



# തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം:

# പോഷ് ആക്ട് പരിശീലനപരിപാടി



തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗീകാതിക്രമം തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതത്വ ബോധത്തോടെ ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കിയ നിയമമാണ് 2013 ലെ പോഷ് ആക്ട് (POSH – Prevention, Prohibition and Redressal Act). വിവിധ സ്വകാര്യ, അർദ്ധസർക്കാർ, സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് പോഷ് നിയമത്തെ കുറിച്ചുള്ള അവബോധം അത്യന്താപേക്ഷിതമാണ്. എന്നാൽ ഈ നിയമത്തെക്കുറിച്ച് സ്ത്രീകൾക്ക് അത്ര ധാരണയില്ല എന്നതാണ് വാസ്തവം. ഈ സാഹചര്യത്തിലാണ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിലെ തൊഴിലാളികൾക്കായി POSH Act നെക്കുറിച്ചുള്ള ഏകദിന പരിശീലന പരിപാടി കിലെ സംഘടിപ്പിച്ചത്. 2026 ജനുവരി 20-ന് എറണാകുളം ജില്ലയിലും ജനുവരി 30-ന് തിരുവനന്തപുരം ജില്ലയിലും പരിശീലന പരിപാടി നടത്തി.





# കേരളം ഇതരസംസ്ഥാന തൊഴിലാളികളുടെ പറുദീസയോ

## സെമിനാറുമായി കിലെ

കേരളത്തിൽ എവിടെ തിരിഞ്ഞുനോക്കിയാലും ഇതര സംസ്ഥാന തൊഴിലാളികളാണ്. തൊഴിൽ സംബന്ധിയായി കേരളത്തിലേക്കുള്ള കുടിയേറ്റത്തിന്റെ ആദ്യകാലത്ത് തമിഴ്നാട്ടിൽ നിന്നാണ് മെച്ചപ്പെട്ട ജീവിതവും സാമൂഹിക-ജീവിത സാഹചര്യങ്ങളും തേടി തൊഴിലാളികളെത്തിയിരുന്നത്. പുറംപണി, ഹോട്ടൽജോലി, ആക്രിക്കച്ചവടം എന്നിവയായിരുന്നു കൂടുതൽ. എന്നാൽ തമിഴ്നാട്ടിൽ പുതിയ വ്യവസായങ്ങളെത്തുകയും ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുകയും ചെയ്തതോടെ അവരിൽ പലരും തിരിച്ചുപോകുകയോ മറ്റു ചിലർ കേരളത്തിൽ വ്യാപാരസ്ഥാപനങ്ങൾ ആരംഭിക്കുകയോ ചെയ്തു. തിരുവനന്തപുരം നഗരപരിധിയിൽ തന്നെ റസ്റ്ററന്റുകളും ചായത്തട്ടുകളും പരിശോധിച്ചാൽ ഏറെയും തമിഴ്നാട്ടുകാരുടേതാണെന്ന് ബോധ്യമാകും. അതുപോലെ തന്നെയാണ് ചാല കമ്പോളത്തിലെ വ്യാപാരകേന്ദ്രങ്ങളും. എന്നാൽ കാലം പോകെ സംസ്ഥാനം ബിഹാർ തുടങ്ങി ഇതരസംസ്ഥാനക്കാരുടെയും തൊഴിൽ ഹബ്ബായി. യാതൊരു വ്യവസ്ഥയുമില്ലാതെയാണ് ആദ്യകാലത്ത് ബംഗാളികൾ എന്ന പേരിൽ ബിഹാർ ഉൾപ്പെടെയുള്ള ഇതരസംസ്ഥാനങ്ങളിൽ നിന്ന് തൊഴിലാളികളെ എത്തിച്ചിരുന്നത്. ഏജന്റു




മാരുടെ ചൂഷണവും തകൃതിയായി നടന്നു. ഇതരസംസ്ഥാനക്കാർ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ ഉൾപ്പെടെയുള്ളവ റിപ്പോർട്ടു ചെയ്യപ്പെട്ടതോടെ കേരള സർക്കാർ ഇവരെ എത്തിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപടി കർശനമാക്കി. കേരളത്തിലെ കൂലിത്തൊഴിൽ മേഖലയിൽ ഇവരെ ഒഴിച്ചുകൂടാത്തതാകയാൽ അവരുടെ കൂടെ ക്ഷേമം കണക്കിലെടുത്ത് അതിഥി തൊഴിലാളികൾ എന്നു പേരിട്ട് അവർക്കുള്ള ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി. ഈ സാഹചര്യത്തിലാണ് 'കേരളത്തിലെ ആഭ്യന്തര കുടിയേറ്റം: വെല്ലുവിളികളും അനന്തരഫലങ്ങളും' (Internal Migration in Kerala-challenges and Consequences) എന്ന വിഷയത്തിൽ 2022 സെപ്റ്റംബർ 15ന് തിരുവനന്തപുരത്തെ ഹോട്ടൽ ചൈത്രത്തിൽ വച്ച് കിലെ സെമിനാർ സംഘടിപ്പിച്ചത്. സംസ്ഥാനം വാഗ്ദാനം ചെയ്യുന്ന ഉയർന്ന സാമ്പത്തിക ആനുകൂല്യങ്ങളാണ് കുടിയേറ്റ തൊഴിലാളികളെ കേരളത്തിലേക്ക് ആകർഷിച്ച പ്രധാനഘടകം. സാമൂഹിക, വിദ്യാഭ്യാസ സാഹചര്യങ്ങൾ അവരെ ഇവിടെ തന്നെ തുടരാനും പ്രേരിപ്പിക്കുന്നു. അതേസമയം, കുറഞ്ഞവേതനം, കൂടുതൽ ജോലിസമയം, കുറഞ്ഞ വിലപേശൽ ശേഷി എന്നിവയാകാം കേരളത്തിലെ തൊഴിലുടമകൾ അതിഥി തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങൾ. കേരളത്തിലെ നിലവിലുള്ള തൊഴിലാളി വിഭാഗത്തിലേക്ക് പുതിയൊരു തൊഴിലാളി വിഭാഗം വൻതോതിൽ വന്നുചേരുന്നത് സംസ്ഥാനത്തെ തൊഴിലവസരങ്ങളെ പ്രതികൂലമായി ബാധിച്ചേക്കാം. ഈ വിഷയത്തെക്കുറിച്ച് കാഴ്ചപ്പാടുകളും ആശയങ്ങളും പങ്കുവെക്കാൻ വിഷയവിദഗ്ധരെയും പ്രൊഫഷണലുകളെയും ഒരുമിച്ച് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് കിലെ ഈ സെമിനാർ സംഘടിപ്പിച്ചത്. സെമിനാറിൽ ആഭ്യന്തരകുടിയേറ്റം ഏത് ഭൂമികയ്ക്കും ഉണ്ടാക്കുന്ന സാമൂഹിക-സാമ്പത്തിക -ക്രമസമാധാന പ്രശ്നങ്ങളെക്കുറിച്ചും സ്വദേശി തൊഴിലാളികളുടെയും തൊഴിലുടമകളുടെയും അതിഥി തൊഴിലാളികളുടെയും കാഴ്ചപ്പാടുകളെയും ആശങ്കകളെയും കുറിച്ചും ചർച്ച ചെയ്യപ്പെട്ടു.






## ലേബർ കോഡ്: എറണാകുളത്തും കോഴിക്കോടും കിലെ ശില്പശാലകൾ

കേന്ദ്ര സർക്കാരിന്റെ പുതിയ ലേബർ കോഡിൽ എല്ലാ വിഭാഗം തൊഴിലാളികൾക്കിടയിലും ആശങ്കകൾ വ്യാപിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന തൊഴിൽവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിൻെറ നേതൃത്വത്തിൽ 'ലേബർ കോഡ്' എന്ന വിഷയത്തിൽ രണ്ടു ദിവസം നീണ്ടുനിന്ന ശിൽപ്പശാല എറണാകുളം ജില്ലയിൽ സംഘടിപ്പിച്ചു. ബഹു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ശില്പശാല ഉദ്ഘാടനം ചെയ്തു. കിലെ ചെയർമാൻ കെ.എൻ. ഗോപിനാഥ് അദ്ധ്യക്ഷത വഹിച്ചു. കേരളത്തിലെ തൊഴിലാളി സംഘടനകളുടെ സംസ്ഥാന നേതാക്കൾ, തൊഴിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, തൊഴിൽ ഉടമകളുടെ പ്രതിനിധികൾ, നിയമ വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവർ ശിൽപ്പശാലയിൽ പ്രതിനിധികളായി പങ്കെടുത്തു. വിവിധ തൊഴിൽ കോഡുകൾ സംബന്ധിച്ച് തൊഴിലാളി -തൊഴിലുടമ– ഉദ്യോഗസ്ഥ കാഴ്ചപ്പാടിലൂടെ വിഷയങ്ങൾ അവതരിപ്പിക്കുകയും അത് സംബന്ധിച്ച വിശദമായ ചർച്ച നടക്കുകയും ചെയ്തു. നോയിഡയിലെ വി.വി.ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് കോഴിക്കോട് വച്ചും ഈ വിഷയത്തിൽ ദേശീയ പരിപാടി കിലെ സംഘടിപ്പിച്ചു.






# മികച്ച തൊഴിൽ സാഹചര്യം ഉറപ്പാക്കുന്നതിന് മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് കിലെ

കിലെയുടെ പരിശീലന-ഗവേഷണ വിഭാഗം സുസജ്ജമാണെങ്കിലും മാറുന്ന കാലത്ത് തൊഴിലാളികളുടെയും തൊഴിലുകളുടെയും പരിരക്ഷ ഉറപ്പാക്കുന്നതിന് അതത് മേഖലകളിലെ വിദഗ്ദ്ധരുമായും മുൻനിര സ്ഥാപനങ്ങളുമായും സഹകരിക്കുന്നതിന് ഒരുകാലത്തും കിലെ വൈമുഖ്യം കാട്ടിയിട്ടില്ല. അതുകൊണ്ടുതന്നെ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് നിരവധി വർക്ക്ഷോപ്പുകളാണ് കിലെ സമീപകാലത്ത് സംഘടിപ്പിച്ചത്. തൊഴിൽപഠനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടുള്ള സാമൂഹികഗവേഷണ രീതികൾ (Methods in Social Research with Focus on Labour Studies). എന്ന വിഷയത്തിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല (CUSAT) യിലെ ഡിപ്പാർട്ട്മെന്റ് ഓഫ് അപ്ലൈഡ് ഇക്കണോമിക്സുമായി സഹകരിച്ച് 2024 ജൂലൈ 18ന് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി. യുവഗവേഷകരുടെയും പ്രാക്ടീഷണർമാരുടെയും ശേഷി വർദ്ധിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. മികച്ച പ്രതികരണമാണ് വർക്ക്ഷോപ്പിന് ലഭിച്ചത്. അതുപോലെ 2024 ആഗസ്റ്റ് 31ന് കോട്ടയത്ത് എംജി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻ ആൻഡ് പൊളിറ്റിക്സിന്റെ ഭാഗമായ സെന്റർ ഫോർ പോളിസി ആൻഡ് ഇൻക്ലൂസീവ് ഗവേണൻസുമായി സഹകരിച്ച് 'പൊതുനയകാഴ്ചപ്പാടുകൾ: തൊഴിലാളിയെ ഒരു നിർണായക വിഭവമായി കൈകാര്യം ചെയ്യൽ' (Perspectives on Public Policy Managing Labour as a Critical Resource) എന്ന വിഷയത്തിലും വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. നിർമിതബുദ്ധിയുടെ കാലത്ത് കാലത്തിനൊപ്പം സഞ്ചരിക്കേണ്ടത് അനിവാര്യമാണെന്ന ബോധ്യത്തിൽ 2025 ജൂലൈ 20ന് കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല (CUSAT) യിലെ ഡിപ്പാർട്ട്മെന്റ് ഓഫ് അപ്ലൈഡ് ഇക്കണോമിക്സുമായി സഹകരിച്ച് 'ഗവേഷണത്തിനായുള്ള എഐ ടൂളുകൾ' എന്ന വിഷയത്തിലും വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി. എഐ ടൂളുകൾ ഗവേഷണത്തെ എത്രകണ്ട് കുറ്റമറ്റതാക്കാനും ത്വരിതഗതിയിലാക്കാനും സഹായിക്കും എന്നതുൾപ്പെടെ വർക്ക്ഷോപ്പ് ചർച്ച ചെയ്തു. ഇതേ വിഷയത്തിൽ 2025 സെപ്റ്റംബർ 23ന് കോഴിക്കോട് സർവ്വകലാശാലയിലെ സോഷ്യോളജി വിഭാഗത്തിന്റെ സഹകരണത്തോടെയും വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.



# വഴിയോര കച്ചവടക്കാർക്ക് പരിശീലനം

വഴിയോരക്കച്ചവടം ഇന്ന് കേരളത്തിലെ പ്രധാന തൊഴിൽ മേഖലയാണ്. നഗരങ്ങളിലാണ് വസ്ത്രങ്ങൾ, ഭക്ഷണസാധനങ്ങൾ, ആഭരണങ്ങൾ, ഫാൻസി സാധനങ്ങൾ, ഫൂട്‌വെയറുകൾ, വിത്തുകൾ തുടങ്ങി കപ്പ മുതൽ കല്ലുകൾ പതിച്ച ആഭരണങ്ങളും കരകൗശല വസ്തുക്കളും വരെ വിറ്റ് ഉപജീവനം കണ്ടെത്തുന്നവർ കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത്. ദിവസേന കിലോമീറ്ററുകളോളം യാത്ര ചെയ്തെത്തിയും വരിയോരങ്ങളിലോ നഗരപ്രാന്തങ്ങളിലോ തങ്ങിയും വില്പന നടത്തുന്നവരുണ്ട്. ഗതാഗതക്കുരുക്കിന്റെയും മറ്റും പേരിൽ ഇവരെ തുരത്തുന്ന രീതി മുമ്പ് സാധാരണമായിരുന്നു. എന്നാൽ നിത്യജീവിതത്തിനായി പൊരുതുന്ന ഇവരും തൊഴിലാളികൾ തന്നെയാണ്. ഇന്ന് ഈ തൊഴിലാളികൾ അസംഘടിത തൊഴിലാളി ക്ഷേമബോർഡിൽ അംഗങ്ങളാണ്. നിരവധി ക്ഷേമപദ്ധതികളാണ് ഇവർക്കായി നിലവിലുള്ളത്. എന്നാൽ ഈ മേഖലയിലുള്ള ഭൂരിഭാഗം വരുന്ന തൊഴിലാളികൾക്കും ഇതിനെക്കുറിച്ച് അറിവില്ല എന്നതാണ് വാസ്തവം. ഈ സാഹചര്യത്തിൽ വഴിയോരകച്ചവടക്കാരെ അവർക്കായുള്ള ആനുകൂല്യങ്ങളെ കുറിച്ചും മറ്റും ബോധവത്ക്കരിക്കുന്നതിനായി കില പരിശീലന പരിപാടി സംഘടിപ്പിച്ചു. വഴിയോരകച്ചവട നിയമം, പദ്ധതി, കച്ചവടതന്ത്രങ്ങൾ എന്നിവയിലാണ് ക്ലാസ്സുകൾ നൽകിയത്. ഇത് വഴിയോരക്കച്ചവടക്കാർക്ക് വളരെയേറെ ഉപകാരപ്രദമായി.



# കേരളയുവതയുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് കിലെയുടെ ഇടപെടൽ

സാക്ഷര കേരളമെന്നത് വളരെ മുമ്പേ തന്നെ അംഗീകരിക്കപ്പെട്ടതാണ്. സാർവത്രികസാക്ഷരതയും ഉയർന്നവിദ്യാഭ്യാസനേട്ടങ്ങളും ഉൾപ്പെടെ മാതൃകാപരമായ മാനവവികസനസൂചികകൾ കൈവരിച്ചതിന് കേരളം ആഗോളതലത്തിൽ അംഗീകരിക്കപ്പെടുകയും ചെയ്തു. അഭ്യസ്തവിദ്യരായിട്ടും കേരളത്തിലെ യുവതീ-യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. നൈപുണ്യമില്ലായ്മ, ഭാഷാപ്രശ്നം തുടങ്ങിയ വെല്ലുവിളികൾ കേരളം ആഗോള തൊഴിൽ കമ്പോളത്തിൽ തുടർന്നും നേരിടുന്നു. അതുപോലെ, ദ്രുതഗതിയിലുള്ള സാങ്കേതിക മുന്നേറ്റങ്ങൾ,




ഡിജിറ്റലൈസേഷൻ, ഓട്ടോമേഷൻ എന്നിവ തൊഴിൽ രംഗത്തെ രൂപാന്തരപ്പെടുത്തുമ്പോൾ പുതിയ കഴിവുകളും വ്യത്യസ്ത തൊഴിൽ സാഹചര്യങ്ങളുമായി ചേർന്നുപോകുന്നതിനുള്ള കഴിവും സ്വായത്തമാക്കേണ്ടതുണ്ട്. ഇവിടങ്ങളിലാണ് ഔപചാരിക സംവിധാനത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ നമ്മുടെ യുവത പരാജയപ്പെടുകയോ പിന്നോട്ടുപോവുകയോ ചെയ്യുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഏറെയുള്ള സംസ്ഥാനമാണ് കേരളം. ഇത്തരമൊരു സാഹചര്യത്തിലാണ്, യുവാക്കളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും ലഭ്യമായ അവസരങ്ങളിലേക്ക് അവരെ പ്രാപ്തരാക്കുന്നതിനും ഊന്നൽ നൽകുന്ന ഒരു കോൺഫറൻസ് കിലെ സംഘടിപ്പിച്ചത്. 2025 ഒക്ടോബർ 29,30 തീയതികളിലാണ് രണ്ടു ദിവസം നീണ്ട 'തൊഴിലവസരം വർദ്ധിപ്പിക്കൽ: പ്രശ്നങ്ങളും കാഴ്ചപ്പാടുകളും - കോൺഫറൻസ്' (Conference on Enhancing Employability of Youth in Kerala: Issues and Perspectives) സംഘടിപ്പിച്ചത്. പ്രായോഗികമായ തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും നയങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഭാവിക്ക് അനുയോജ്യമായ ഒരു തൊഴിലാളി വിഭാഗത്തെ സൃഷ്ടിക്കുന്നതിനും നിർണായകമാണ് ഇത്തരം കോൺഫറൻസുകളിലെ സംവാദങ്ങളും ഉയർന്നുവരുന്ന ആശയങ്ങളും നിർണ്ണായകമാണ്.






# കിലെ–ഐ.എൽ.ഒ സഹകരണം

## ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനുമായി ധാരണാപത്രം ഒപ്പിട്ട് കിലെ

ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനതല ലേബർ ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെന്റ് (കിലെ) തൊഴിൽ മേഖലയിലെ മാറ്റങ്ങളുടെ ഗതിവേഗങ്ങൾ മുൻകൂട്ടിക്കണ്ട് നവീനങ്ങളായ പല പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ആഗോള തലത്തിൽ തൊഴിൽമേഖലയിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി കേരളത്തിലെ തൊഴിൽമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ വ്യക്തിത്വ വികസനത്തിനും, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന വിധത്തിലുള്ള ഒട്ടേറെ കർമ്മപരിപാടികൾ കിലെ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. തൊഴിൽ മേഖലയിലെ സമകാലീന മാറ്റങ്ങളും, സാധ്യതകളെയും, പുതിയ തൊഴിൽ രംഗങ്ങളെയും, പുതിയ കാലത്തെ വെല്ലുവിളികളെയും കുറിച്ച് കേരളത്തിലെ തൊഴിലാളികളെയും, കേരളസമൂഹത്തെ പൊതുവിലും ബോധവത്ക്കരിക്കുന്നതിനും നിർമിതബുദ്ധിക്കാലത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് പുതുതായി ഉരുത്തിരിയുന്ന അവസരങ്ങളിൽ നിന്നും സാധ്യതകളിൽ നിന്നും നേട്ടങ്ങൾ കൈവരിക്കുന്നതിനും സമാനവീക്ഷണമുള്ള ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കം

# തിരുവനന്തപുരം ജില്ലാ ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം -3039

**പവർഹൗസ് തിരുവനന്തപുരം- 695036**
**ഫോൺ- 2460662- ബ്രാഞ്ച് -2442368**
**വെബ് സൈറ്റ് www.tdebecs.com , ഇമെയിൽ secretarytdebecs@gmail.com**

| | |
|---|---|
| അംഗങ്ങൾ | 7478 |
| ഓഹരി മൂലധനം | 3.34 കോടി |
| പ്രവർത്തന മൂലധനം | 222 കോടി |
| നിക്ഷേപം | 215.32 കോടി |
| വായ്പകൾ | 144.42 കോടി |

## നിക്ഷേപങ്ങൾ

- ★ സ്ഥിരം
- ★ സേവിംഗ്സ്
- ★ റീ ഇൻവെസ്റ്റ്മെന്റ്
- ★ റിക്കറിംഗ്
- ★ എം എസ് എസ്



- വായ്പകൾക്ക് ലളിതമായ പലിശ നിരക്ക്
- നിക്ഷേപങ്ങൾക്ക് ദേശസാൽകൃത ബാങ്കുകളേക്കാൾ കൂടുതൽ പലിശ
- മിതമായ പലിശ നിരക്കിൽ സ്വർണ്ണപ്പണയവായ്പ
- 1 ലക്ഷം രൂപയുടെ ഓവർ ഡ്രാഫ്റ്റ്
- ഉദാരമായ ജാമ്യവ്യവസ്ഥയിൽ 10 ലക്ഷം രൂപ വരെ സലയുള്ള പരസ്പര പ്രയോജക നിക്ഷേപ പദ്ധതികൾ
- വിവിധ തുകയ്ക്കുള്ള എം എസ് എസ്
- എല്ലാ അംഗങ്ങൾക്കും സൗജന്യ അപകട ഇൻഷുറൻസ്

## വായ്പകൾ

- ★ ഭവന വായ്പ
- ★ ഹൗസ് പർച്ചേയ്സ് വായ്പ
- ★ ഹൗസ് മെയിന്റനൻസ് വായ്പ
- ★ സാധാരണ വായ്പ
- ★ ചികിത്സാ സഹായ വായ്പ
- ★ വാഹന വായ്പ
- ★ പഠനോപകരണ വായ്പ
- ★ മംഗല്യ വായ്പ
- ★ അദ്ധ്യയന വർഷ വായ്പ
- ★ ഉന്നത വിദ്യാഭ്യാസ വായ്പ
- ★ മൊബൈൽ ഫോൺ വായ്പ
- ★ ഫെസ്റ്റിവൽ വായ്പ
- ★ ശമ്പള ജാമ്യ വായ്പ
- ★ ഹെൽത്ത് ഇൻഷുറൻസ് വായ്പ
- ★ പീരിയോഡിക്കൽ സബ്സ്ക്രിപ്ഷൻ വായ്പ
- ★ വിനോദ യാത്ര വായ്പ
- ★ ഹയർ പർച്ചേയ്സ് വായ്പ

ശ്രീകാന്ത്.കെ
പ്രസിഡന്റ്

സുനിൽ കുമാർ വി
സെക്രട്ടറി



പുലർത്തുകയും, സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്.

ഈ അനിവാര്യത മുൻകൂട്ടിക്കണ്ടാണ് കിലെയുടെ പ്രവർത്തനങ്ങൾ. ഇത്തരത്തിൽ നിരന്തരമായുള്ള ഇടപെടലുകളുടെ ഭാഗമായി. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ഐഎൽഒ) പ്രതിനിധികൾ 2023 ഏപ്രിൽ 3ന് കിലെ സന്ദർശിച്ചിരുന്നു. കിലെയുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ കഴിയുന്ന വിവിധങ്ങളായ മേഖലകളെ സംബന്ധിച്ചു വിശദമായ ചർച്ച നടത്തുകയും ചെയ്തു. തത്ഫലമായി 45 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ളതും, രാജ്യത്തെ തന്നെ ആദ്യത്തെ ലേബർ ഇൻസ്റ്റിറ്റ്യൂട്ടും ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെന്റ്, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് കിലെയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രയോജനപ്രദമായിരിക്കുമെന്ന അഭിപ്രായം ഉരുത്തിരിയുകയുണ്ടായി. അന്നേ ദിവസം

**കിലെയെ സംബന്ധിച്ചും, കേരളത്തിലെ തൊഴിൽ മേഖലയെ സംബന്ധിച്ചും വളരെയധികം പ്രതീക്ഷയും പ്രചോദനവും നൽകുന്നതാണ് രാജ്യാന്തര തൊഴിൽ സംഘടന (ഐഎൽഒ) യുമായുള്ള സഹകരണം. കിലെയുടെ പ്രവർത്തനങ്ങൾക്ക് രാജ്യാന്തരമാനം നൽകുന്നതിനും തൊഴിലാളി സമൂഹത്തിന്റെ അന്തസ്സും കരുത്തും ഉയർത്തിപ്പിടിക്കുന്നതിനും ഇത്തരം സംയുക്തസംരംഭങ്ങളിലൂടെ സാധ്യമാകും എന്നാണ് വിലയിരുത്തുന്നത്.**

തന്നെ ILO പ്രതിനിധികൾ തൊഴിൽ വകുപ്പ് മന്ത്രിയുടെ ഓഫീസ് സന്ദർശിക്കുകയും വിശദമായ ചർച്ച നടത്തുകയും വകുപ്പ് സെക്രട്ടറിയും, ലേബർ കമ്മീഷണറും സജീവമായി പ്രസ്തുത ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു.

ഐഎൽഒയും കിലെയും സഹകരിച്ചു പ്രവർത്തിക്കുന്നതിലൂടെ കേരളത്തിലെ തൊഴിൽ മേഖലക്കുണ്ടാകുന്ന നേട്ടങ്ങൾ സ്വാഗതാർഹമാണെന്നും മാത്രമല്ല ഐഎൽഒ ലക്ഷ്യമിടുന്ന തൊഴിൽനീതിയും തൊഴിൽ സുരക്ഷയും കേരളത്തിൽ നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി ചർച്ചയിൽ അറിയിച്ചു. ചർച്ചയുടെ ഫലമായി ഐഎൽഒ–കിലെ സഹകരണത്തിന് പ്രാരംഭം കുറിച്ചുകൊണ്ട് 'സോഷ്യൽ ഡയലോഗ് ആൻഡ് ഇൻസട്രിയൽ റിലേഷൻസ്' എന്ന വിഷയത്തിൽ ഒരു ഡിപ്ലോമ ആരംഭിക്കുന്നതിനും, ലേബർ ഡിസ്പ്യൂട്ട് റെസല്യൂഷൻ എന്ന വിഷയത്തിൽ ഒരു വർക്ക്ഷോപ്പ് നടത്തുന്നതിനും തീരുമാനിച്ചു.

തുടർന്ന് ലേബർ ഡിസ്പ്യൂട്ട് റെസല്യൂഷൻ എന്ന വിഷയത്തിലുള്ള വർക്ക്ഷോപ്പ് 2023 ഒക്ടോബർ 6,7 തീയതികളിലായി വിജയകരമായി നടത്തി. തൊഴിൽ വകുപ്പിലെ കൺസിലിയേഷൻ ഉദ്യോഗസ്ഥരാണ് വർക്ക്ഷോപ്പിൽ പങ്കെടുത്തത്. തൊഴിൽ തർക്കങ്ങൾ ശാസ്ത്രീയമായി പരിഹരിക്കുന്നതിന് ഐഎൽഒ മുന്നോട്ടുവച്ച മാതൃക ഉദ്യോഗസ്ഥരുമായി പങ്കുവച്ചു. കൂടാതെ സംസ്ഥാനത്തെ നിലവിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുകയും ആവശ്യമുള്ള മാറ്റങ്ങൾ വരുത്തി കൂടുതൽ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകാൻ തൊഴിൽ വകുപ്പിന് സാധിക്കുന്ന തരത്തിലുള്ള ആശയവിനിമയവും ഈ വർക്ക്ഷോപ്പിൽ നടന്നു. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് വ്യക്തമായ ആക്ഷൻ പ്ലാനും വർക്ക്ഷോപ്പിന്റെ ഭാഗമായി തയ്യാറാക്കപ്പെട്ടു.




മുൻനിശ്ചയിച്ച പ്രകാരം സോഷ്യൽ ഡയലോഗ് ആൻഡ് ഇൻസട്രിയൽ റിലേഷൻസ് എന്ന വിഷയത്തിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് കിലെയും ഐഎൽഒയും തമ്മിലുള്ള ധാരണാപത്രം ഈയിടെ ഒപ്പുവയ്ക്കുകയുണ്ടായി. ഇത് ഒരു ഓൺലൈൻ കോഴ്സായാണ് വിഭാവനം ചെയ്തിരിക്കുന്നത്. മൂന്ന് മാസമാണ് കോഴ്സ് ദൈർഘ്യം. വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന ഈ കോഴ്സിൽ ദേശീയ - അന്തർദേശീയ ഫാക്കൽറ്റികൾ ക്ലാസുകൾ നയിക്കും. ആദ്യ ബാച്ചിൽ പ്രവേശനം 30 പേർക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കോഴ്സ് വിജയകരമായി പൂർത്തീകരിക്കുമ്പോൾ കിലെ-ഐഎൽഒ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. കിലെയെ സംബന്ധിച്ചും, കേരളത്തിലെ തൊഴിൽ മേഖലയെ സംബന്ധിച്ചും വളരെയധികം പ്രതീക്ഷയും പ്രചോദനവും നൽകുന്നതാണ് രാജ്യാന്തര തൊഴിൽ സംഘടന (ഐഎൽഒ)യുമായുള്ള സഹകരണം. കിലെയുടെ പ്രവർത്തനങ്ങൾക്ക് രാജ്യാന്തര മാനം നൽകുന്നതിനും തൊഴിലാളി സമൂഹത്തിന്റെ അന്തസ്സും കരുത്തും ഉയർത്തിപ്പിടിക്കുന്നതിനും ഇത്തരം സംയുക്തസംരംഭങ്ങളിലൂടെ സാധ്യമാകും എന്നാണ് വിലയിരുത്തുന്നത്.



MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip
കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ

ഭക്ഷ്യ സംസ്കരണ
മേഖലയിലെ
സൂക്ഷ്മ സംരംഭങ്ങൾക്ക്

# വലിയ ഉയരങ്ങൾ താണ്ടാം

## 10 ലക്ഷം രൂപ വരെ സബ്സിഡി

**എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**

**പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ.) പദ്ധതി**



പി.എം.എഫ്.എം.ഇ. കേരള ഹെൽപ് ലൈൻ
**97470 22883**
www.pmfmekerala.org


**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: +91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org വെബ്: www.kbip.org







ലേഖനങ്ങൾ
കിലെയുടെ പ്രവർത്തന വിവരങ്ങൾ
നിയമങ്ങളും പദ്ധതികളും
വകുപ്പ് വിവരങ്ങൾ
കഥകൾ, കവിതകൾ തുടങ്ങി വിവിധ പംക്തികൾ




Published by Executive Director, Kerala Institute of Labour & Employment (KILE), Thozhil Bhavan, Vikas Bhavan PO, Thiruvananthapuram 695 033
Phone: 0471 2309012, 2307742. Fax: 2308947. email: kiletvm@gmail.com, web: www.kile.kerala.gov.in, Facebook: Kile Tvm